ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 10 | ഏപ്രിൽ 2018 | ലക്കം 04 |
| --- | --- | --- |

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


1. Prot. No.116/18, സർക്കുലർ നമ്പർ 06/2018 ........ 7
2. Prot. No.117/18, സർക്കുലർ നമ്പർ 07/2018 ........ 11
3. കച്ചേരിക്കാര്യം ........ 15
4. സെമിനാരി വാർത്തകൾ ........ 26
5. വിശ്വാസപരിശീലനം ........ 28
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 34
7. ചെറുപുഷ്പ മിഷൻലീഗ് ........ 37
8. തിരുബാലസഖ്യം ........ 41
9. യുവജനശുശ്രൂഷ ........ 42
10. കുടുംബപ്രേഷിതത്വം ........ 48
11. വിദ്യാഭ്യാസ ഏജൻസി ........ 58
12. സാൻജോസ് അക്കാദമി ........ 65
13. വിമൽജ്യോതി വാർത്തകൾ ........ 68
14. നിർമ്മലഗിരി വാർത്തകൾ ........ 71
15. കരിസ്മാറ്റിക് നവീകരണരംഗം ........ 74
16. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 76
17. ഫ്രാൻസിസ്കൻ അൽമായസഭ ........ 81
18. ഇൻഫാം വാർത്തകൾ ........ 83
19. കെസിബിസി മദ്യവിരുദ്ധ സമിതി ........ 85
20. സാമൂഹ്യസേവനവേദി ........ 88
21. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 90
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 92
23. Programme of the Archbishop Mar George Njaralakatt ........ 95
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98
25. Programme of the Abp. Emeritus Mar George Valiamattam ........ 99
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 100
27. Programme of the Auxiliary Bishop Mar Joseph Pamplany ........ 102

**Prot. No.116/18 സർക്കുലർ നമ്പർ 06/2018**

# വിവാഹനിയമങ്ങൾ

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

വിവാഹവും അതിനോട് അനുബന്ധിച്ചുള്ള മറ്റ് ആഘോഷങ്ങളും ഓരോ കുടുംബത്തിനും വളരെ പ്രധാനപ്പെട്ട സന്തോഷവേളകളാണ്. കുടുംബത്തിലെ ഒരംഗം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം കുടുംബാംഗങ്ങളും സുഹൃത്തുക്കളും അയൽക്കാരും ചേർന്ന് പങ്കുവയ്ക്കുന്നത് ശ്ലാഘനീയമായ കാര്യമാണ്. എന്നാൽ വിവാഹം ബാഹ്യമായ ആഘോഷങ്ങളുടെ മാത്രം അവസരമല്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കൂദാശയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥനാപൂർവ്വം ഏർപ്പെടുന്ന ഉടമ്പടിയാണ് വിവാഹം. അതുകൊണ്ടുതന്നെ വിവാഹത്തിന്റെ ആത്മീയതലത്തിന് ബാഹ്യാഘോഷങ്ങളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

സുദൃഢമായ വിവാഹങ്ങൾ ഉണ്ടാകണം എന്ന വ്യഗ്രതയുള്ളതുകൊണ്ടാണ് സഭയും രാഷ്ട്രവും വിവാഹത്തിന്റെ സാധുതയ്ക്കും പരിരക്ഷയ്ക്കുമായി വിവിധ നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. വിവാഹബന്ധങ്ങൾ വളരെ പെട്ടെന്ന് തകർന്നുപോകുന്ന ഇക്കാലത്ത്, ഈ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുന്നത് ചില മുൻകരുതലുകൾ എടുക്കാൻ വധൂവരന്മാരെ സഹായിക്കും. തിരക്കുപിടിച്ചുനടത്തുന്ന വിവാഹങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. വധൂവരന്മാരുടെ ജോലിയും അവധി കിട്ടാനുള്ള ബുദ്ധിമുട്ടുകളുംമൂലം എല്ലാ നിയമങ്ങളും പാലിച്ച് വിവാഹം നടത്തുന്നതിന് പലപ്പോഴും സാധിക്കാതെ വരാറുണ്ട്. അത് സൃഷ്ടിക്കുന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കികൊണ്ടുതന്നെ ഇത്തരം ആളുകളുടെ സാഹചര്യങ്ങൾ പരിഗണിച്ച് നിയമങ്ങളിൽ ഇളവുനൽകാനുള്ള സാധ്യത സഭ നല്കുന്നുണ്ട്. മനസ്സമ്മതവും വിവാഹപരസ്യവുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ ലഘൂകരിക്കണമെന്നും വ്യക്തത വരുത്തണമെന്നുമുള്ള ആവശ്യം നിരവധിയാളുകൾ ഉന്നയിച്ചതിന്റെ വെളിച്ചത്തിൽ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും കൂരിയ അംഗങ്ങളും കൂടിയാലോചിച്ച് വിവാഹനിയമങ്ങളെ സംബന്ധിച്ച് താഴെ പറയുന്ന ചില വിശദീകരണങ്ങൾ നല്കുകയാണ്.

1. മനസ്സമ്മതം നടത്തിയശേഷം മൂന്ന് ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളിലോ വിവാഹപരസ്യം നടത്തിയതിനുശേഷമാണ് സാധാരണയായി വിവാഹം നടത്തേണ്ടത്. അതുകൊണ്ട് മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ചയിക്കുമ്പോൾ രണ്ട് ചടങ്ങുകൾക്കുമിടയിൽ മൂന്ന് ഞായറാഴ്ചകളെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

2. എന്നാൽ ഈ നിയമം കൃത്യമായി പാലിക്കാൻ വധൂവരന്മാർക്ക് ഗൗരവതരമായ അസൗകര്യങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്. രണ്ടുതരത്തിലുള്ള ഇളവുകളാണ് ലഭിക്കാവുന്നത്. ഒന്നാമത്തേത് വിവാഹപരസ്യങ്ങളുടെ എണ്ണം കുറയ്ക്കലാണ്. തക്കതും ന്യായവുമായ കാരണമുള്ളപ്പോൾ വിവാഹപരസ്യം ഒരു പ്രാവശ്യം കുറയ്ക്കുന്നതിന് ഇടവകവികാരിക്കും രണ്ടു വിളിച്ചുചൊല്ലൽ കുറയ്ക്കുന്നതിന് ഫൊറോന വികാരിക്കും സാധിക്കും. ഫൊറോന വികാരിയിൽനിന്നും അനുവാദം വാങ്ങി ഒന്നുമാത്രം വിളിച്ചുചൊല്ലി വിവാഹം നടത്തുമ്പോൾ മനസ്സമ്മതത്തിനും വിവാഹത്തിനുമിടയിൽ 5 ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള അനുവാദത്തിനായി രേഖാമൂലം ബ. വികാരിക്കോ ഫൊറോന വികാരിക്കോ അപേക്ഷ നല്കണം. ഇവർ ഈ അധികാരത്തെ വിവേചനാപൂർവ്വം ഉപയോഗിക്കണം. ലാഘവത്തോടെ എല്ലാ അപേക്ഷകളിലും അനുവാദം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

രണ്ടാമതായി ലഭിക്കാവുന്ന ഇളവ് മനസ്സമ്മതത്തിനുമുമ്പ് വിവാഹപരസ്യം ആരംഭിക്കാനുള്ള അനുവാദമാണ്. വധൂവരന്മാർക്ക് വിവാഹത്തിന് മൂന്ന് ഞായറാഴ്ചകൾക്ക് മുമ്പ് മനസ്സമ്മതത്തിനായി ഹാജരാകാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഇടവകയിൽനിന്നും ലഭിക്കുന്ന പ്രത്യേക ഫോറത്തിൽ വധൂവരന്മാർ, അവരുടെ മാതാപിതാക്കന്മാർ, വികാരിയച്ചൻ എന്നിവർ ഒപ്പിട്ട അപേക്ഷ നൽകി ഫൊറോന വികാരിയിൽനിന്നും മനസ്സമ്മതത്തിനു മുമ്പ് വിളിച്ചു ചൊല്ലാനുള്ള അനുവാദം വാങ്ങാവുന്നതാണ്. മുൻകൂട്ടി മൂന്ന് വിളിച്ചുചൊല്ലുന്ന അവസരത്തിൽ മനസ്സമ്മതത്തിനും വിവാഹത്തിനും ഇടയിൽ അഞ്ച് ദിവസത്തെ ഇടവേള വേണം എന്ന് നമ്മുടെ അതിരൂപതയിൽ നിലനിന്നിരുന്ന നിബന്ധന ഒഴിവാക്കുന്നു. എന്നാൽ ഈ അനുവാദം മൂന്നുപ്രാവശ്യം വിളിച്ചുചൊല്ലാനുള്ള സാഹചര്യം ഉള്ളപ്പോൾ മാത്രമേ നല്കുകയുള്ളൂ എന്ന് ഓർമ്മിക്കണം.

3. മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ച യിക്കുന്നതിനുമുമ്പ് വികാരിയച്ചനുമായി കൂടിആലോചനനടത്തേണ്ട താണ്. പ്രത്യേകിച്ച് ഏതെങ്കിലും തരത്തിലുള്ള ഒഴിവുകൾ ആവശ്യ മുള്ള പക്ഷം അനുവാദം ലഭിച്ചശേഷം മാത്രമേ തീയതികൾ നിശ്ചയി ക്കാൻ പാടുള്ളൂ.

4. മനസ്സമ്മതം രണ്ട് കുടുംബങ്ങളിലെയും ഏറ്റവുമടുത്ത ആളു കൾ മാത്രം സംബന്ധിക്കുന്ന സ്വകാര്യമായ ഒരു ചടങ്ങായി നടത്തു ന്നതാണ് നല്ലത്. മനസ്സമ്മതത്തിന്റെ ദിവസം വിവാഹിതരാകാൻ പോകുന്ന വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പര സ്പരം കാണാനും സംസാരിക്കാനും മനസ്സിലാക്കാനുമുള്ള അവസ രമുണ്ടാകണം. ഓഡിറ്റോറിയത്തിൽവച്ച് വളരെയധികം ആളുകളെ വിളിച്ച് സദ്യകൊടുക്കുമ്പോൾ ഈ ലക്ഷ്യം നിറവേറാതെ വരും. അതു കൊണ്ട് വധുവിന്റെ ഗൃഹത്തിൽ വച്ച് അന്നത്തെ സദ്യ നടത്തുന്ന താണ് നല്ലത്. മനസ്സമ്മതത്തിനും വിവാഹത്തിനുമിടയിലുള്ള കാലയ ളവ് കൂടുതൽ അന്വേഷണത്തിനും മനസ്സിലാക്കലിനുമുള്ള അവസര മാണ്. വധുവിന്റെ വീട്ടിലെ ആഘോഷം ഒത്തുകല്യാണത്തിനുപകരം വിവാഹത്തലേന്നോ പിറ്റേന്നോ നടത്തുന്നതാണ് കൂടുതൽ അഭികാ മ്യം. മനസ്സമ്മതത്തോടൊപ്പം വി.കുർബാന അർപ്പിക്കുന്ന പതിവ് സഭ യിൽ ഇല്ല എന്നും ഓർമ്മപ്പെടുത്തട്ടെ.

5. ഞായറാഴ്ചകളിലെ വിവാഹാഘോഷങ്ങൾ അജപാലന ശുശ്രൂ ഷകൾക്കും മതബോധനത്തിനും തടസ്സംവരുന്നു എന്നതുകൊണ്ട് അനു വദിക്കുന്നില്ല.

6. ശനിയാഴ്ചകളിൽ വിവാഹം നടത്തുന്നവർ തലേദിവസത്തെ ആഘോഷങ്ങളിൽ വെള്ളിയാഴ്ചത്തെ മാംസവർജ്ജനം ലംഘിക്കാൻ പാടില്ല.

7. ദൈവാലയത്തിൽ വിവാഹകർമ്മങ്ങളുടെ ആദ്യാവസാനം പങ്കെ ടുത്ത് വധൂവരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് ആശംസ കളർപ്പിക്കുകയും ചെയ്യുക എന്നത് ക്ഷണിക്കപ്പെടുന്ന അതിഥികളുടെ ഉത്തരവാദിത്വമാണ്. തിരക്കുപിടിച്ച് സദ്യകഴിച്ച് കടന്നുപോകുന്നരീതി ശരിയാണോ എന്ന് നാം പരിശോധിക്കണം.

8. ദൈവാലയത്തിന്റെ വിശുദ്ധി, അച്ചടക്കം, ഭക്തി എന്നിവയ്ക്കു ചേരാത്ത വസ്ത്രധാരണരീതി, ഫ്ളവർ ഗേൾസ് തുടങ്ങിയവ ഒഴിവാ

ക്കണം. വീഡിയോ, ഫോട്ടോഗ്രാഫർമാരുടെയും വസ്ത്രധാരണവും പെരുമാറ്റവും ദൈവാലയത്തിലെ ഭക്താന്തരീക്ഷത്തിന് ചേർന്നതായി രിക്കണം. അവർ ഏതെങ്കിലും ഒരു ഭാഗത്ത് ഒതുങ്ങി നിന്ന് തിരു ക്കർമ്മങ്ങൾക്ക് തടസ്സമോ അലോസരമോ സൃഷ്ടിക്കാതെ ശാന്തമായി ദൃശ്യങ്ങൾ പകർത്തേണ്ടതാണ്.

9. വിവാഹവേളയിൽ ഗായകർ സമൂഹത്തിനും ചേർന്നുപാടാവുന്ന ഗാനങ്ങൾ ആലപിക്കുകയും സമൂഹത്തെ പ്രാർത്ഥിക്കാൻ സഹായി ക്കുകയാണ് തങ്ങളുടെ ഉത്തരവാദിത്വമെന്ന് ഓർമ്മിക്കുകയും ചെയ്യണം.

വിവാഹാഘോഷങ്ങൾ അതിനുശേഷമുള്ള ദമ്പതികളുടെ മുന്നോ ട്ടുള്ള ജീവിതത്തിന് സന്തോഷവും നല്ല ഓർമ്മകളും പ്രദാനം ചെയ്യു ന്നതാകണം. ആഡംബരവും ധൂർത്തും പരമാവധി ഒഴിവാക്കാം. കടം വാങ്ങിയും വലിയസദ്യകൾ നടത്തേണ്ട ആവശ്യമുണ്ടോ എന്ന് ആത്മ ശോധന ചെയ്യാം. വിവാഹാഘോഷങ്ങളിൽ നിന്ന് മദ്യത്തെ പൂർണ്ണ മായി മാറ്റിനിറുത്താൻ ശ്രദ്ധിക്കണം. എല്ലാ ബാഹ്യമായ ആഘോഷ ങ്ങൾക്കും ഉപരിയായി ദൈവാലയത്തിൽ നടക്കുന്ന കൗദാശിക ആഘോഷമാണ് പ്രധാനപ്പെട്ടതെന്നും അതിനായി ആത്മീയ ഒരുക്ക ത്തോടെ വിവാഹവേദിയിലണയണമെന്നും വധൂവരന്മാരെ ഞാൻ ഓർമ്മിപ്പിക്കുന്നു. നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ സന്തോഷവും സമാധാനവും നിറഞ്ഞ കുടുംബജീവിതം നയിക്കാൻ എല്ലാ ദമ്പതിമാർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉത്തമ ദമ്പതിമാരായ വി. യൗസേപ്പിതാവും പരി. കന്യകാമറിയവും നിങ്ങൾക്ക് തുണയും മദ്ധ്യസ്ഥരും ആയിരിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23-03-2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഏപ്രിൽ 15-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 117/18 സർക്കുലർ നമ്പർ 07/2018

# സാൻജോസ് അക്കാദമി

ഈശോയിൽ പ്രിയ സഹോദരി സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

കഴിഞ്ഞ വർഷം നടന്ന അതിരൂപതാ അസംബ്ലിയിൽ എടുത്ത തീരുമാനങ്ങൾ ഓരോന്നായി നാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ. യുവജനവർഷം, ഭവനനിർമ്മാണപദ്ധതി, പ്ലാസ്റ്റിക് നിർമ്മാർജ്ജനം തുടങ്ങിയ പുതിയ സംരംഭങ്ങൾക്ക് നാം ആരംഭം കുറിച്ചു കഴിഞ്ഞു. ഈ ഏപ്രിൽ മാസത്തിൽ നാം സാക്ഷാത്ക്കരിക്കാൻ പോകുന്ന മറ്റൊരു അസംബ്ലി തീരുമാനം വിവിധ തൊഴിൽ-പരീക്ഷാ മേഖലകളിലേക്കുള്ള കോച്ചിംഗ് സെന്ററുകളാണ്.

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സുസ്ഥിരവും സമഗ്രവുമായ പുരോഗതിയുടെ അടിസ്ഥാനം ഉത്തമവിദ്യാഭ്യാസമാണ്. ജനസംഖ്യയിൽ കേവലം ന്യൂനപക്ഷമായ ഭാരതത്തിൽ ക്രൈസ്തവ സഭകൾ ഭാരതത്തിൽ നടത്തിവരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ രാഷ്ട്രവികസനത്തിന് നൽകിയിരിക്കുന്ന സംഭാവനകൾ സർവ്വരും അംഗീകരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. യൂറോപ്പിന് പുറത്ത് കത്തോലിക്കാസഭ ആദ്യമായി സ്കൂൾ സ്ഥാപിച്ചത് 1940 ൽ ഗോവയിലായിരുന്നു. 1865 മുതൽ വി. ചാവറയച്ചൻ കേരള വിദ്യാഭ്യാസരംഗത്തിന് നൽകിയിട്ടുള്ള അദ്വിതീയസംഭാവനകൾ ആർക്കും വിസ്മരിക്കാ നാവില്ല. പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ചാവറ പിതാവിന്റെ വിദ്യാഭ്യാസ ദർശനം കേരളത്തിന്റെ സാമൂഹിക സാംസ്കാരികരംഗത്ത് ഒരു നവകാലഘട്ടത്തിന് ആരംഭം കുറിച്ചു. 1954 മുതലുള്ള കുടിയേറ്റ ജനതയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്കു പിന്നിൽ ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വിദ്യാഭ്യാസ ക്രാന്തദർശിത്വം വഹിച്ച പങ്ക് നമുക്കറിയാം. കുടിയേറ്റ ക്രൈസ്തവ മക്കളോടൊപ്പംതന്നെ തദ്ദേശീയസമൂഹങ്ങളും ചുറ്റുപാടുകളും വളർന്നതും വികസിച്ചതും നാം ഓരോരുത്തരും കണ്ടുകൊണ്ടിരിക്കുന്ന യഥാർത്ഥ്യങ്ങളാണ്. മക്കളുടെ വിദ്യാഭ്യാസവും ഉയർന്ന ജോലി സമ്പാദിക്കണമെന്ന സ്വപ്നവും നമ്മുടെ കുടുംബങ്ങളെ സംബന്ധിച്ച് പ്രധാന ലക്ഷ്യമായിരുന്നു. ഇത് നമ്മുടെ ഭൗതിക വളർച്ചയെ വലിയ പരിധിവരെ സംരക്ഷിച്ചിട്ടുണ്ട്.

എങ്കിലും ചില യാഥാർത്ഥ്യങ്ങളുടെനേരെ നാം കണ്ണടച്ചുകൂടാ. ഭൂരിപക്ഷവർഗീയത ഭാരതത്തിന്റെ മതേതരസങ്കൽപ്പങ്ങളെ വലിഞ്ഞു

മുറുക്കുമ്പോൾ ന്യൂനപക്ഷസമൂഹങ്ങൾ ആശങ്കയിലാക്കപ്പെടുന്നു. ഭാരതത്തിന്റെയും കേരളത്തിന്റെയും നയരൂപീകരണ സമിതികളിലും പൊതുമേഖലാ സംവിധാനങ്ങളിലും ക്രൈസ്തവസാന്നിധ്യം കുറയുമ്പോഴുണ്ടാകുന്ന അപകടം നാം മുൻകൂട്ടി കാണേണ്ടതുണ്ട്. ആത്മീയവളർച്ചയും ഭൗതികവളർച്ചയും സന്തുലിതമായി രൂപപ്പെടുത്തുമ്പോഴാണ് നമ്മുടെ കുടുംബങ്ങൾ വളരുന്നത്. ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ പഠനകാര്യങ്ങളിലും അവരുടെ ഭാവിരൂപീകരണങ്ങളെ സംബന്ധിച്ചും ഏറെ ആശങ്കകളുണ്ട്. പ്രത്യേകിച്ച് പഠനമികവിലും സ്വഭാവരൂപീകരണത്തിലും നമ്മുടെ കുട്ടികൾ പുറകോട്ട് പോകുന്നു എന്നത് അദ്ധ്യാപകസമൂഹം ആശങ്കയോടെ പങ്കുവയ്ക്കാറുണ്ട്. ചിട്ടയായ കുടുബജീവിതം, മാതൃകാപരമായ പെരുമാറ്റം മതാത്മക ചുറ്റുപാടുകൾ എന്നിവയിലൂടെ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു വലിയ പരിധിവരെ പരിഹാരം നൽകുവാൻ മാതാപിതാക്കൾക്ക് കഴിയും. അതോടൊപ്പം കുഞ്ഞുങ്ങളും യുവജനങ്ങളും തങ്ങൾക്കു ലഭിക്കുന്ന അവസരങ്ങളിലൂടെയും സാധ്യതകളിലൂടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആത്യന്തികമായി ദൈവപിതാവിന്റെയും സ്വപ്നങ്ങൾ തങ്ങളിലൂടെ പൂർത്തീകരിക്കുവാൻ അക്ഷീണം പ്രയത്നിക്കുകയും വേണം.

അതിരൂപത അസംബ്ലിയിൽ ഉയർന്നു വന്ന ഒരു മാർഗ്ഗനിർദ്ദേശമായിരുന്നു ഉപരിപഠന ജോലി മേഖലകൾക്ക് ഒരു അപ്പോസ്തലേറ്റ് ആരംഭിക്കുകയെന്നത്. നമ്മുടെ കുടിയേറ്റ മക്കൾ വിദേശ ജോലികൾ മാത്രം സ്വപ്നം കാണുന്ന സാഹചര്യത്തിൽ നമ്മുടെ സ്വന്തം നാട്ടിലെ ഗവൺമെന്റ് ഉദ്യോഗങ്ങളെ സംബന്ധിച്ച് നാം പലപ്പോഴും മറന്നു പോകുന്നു. ഉയർന്ന സാമൂഹ്യമാന്യതയും കുടുംബസുരക്ഷിതത്വവും സാമ്പത്തിക ഭദ്രതയും നൽകുന്ന ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഇവിടെത്തന്നെ ലഭ്യമായിരിക്കേയാണ് നാം മറുനാടുകൾ തേടി യാത്രയാകുന്നത്. വിദേശങ്ങളിൽ പോയി നല്ല ജോലി സമ്പാദിച്ച് കുടുംബം സുരക്ഷിതമാക്കാൻ സാധിച്ച അനേകം പേരുണ്ട്. എന്നാൽ അന്യദേശങ്ങളിലെ അപരിചിതസാഹചര്യങ്ങളോട് ഇണങ്ങാനാവാതെയും പോരാടി തളർന്നും വഞ്ചിക്കപ്പെട്ടും പല നിയമങ്ങൾക്കും വിധേയമായി ഒഴിവാക്കപ്പെട്ടും വേദനയനുഭവിക്കുന്ന അനേകർ നമ്മുടെ ചുറ്റുവട്ടത്തുണ്ട്. മാത്രവുമല്ല നമ്മുടെ കുടുംബങ്ങളും ഇടവകകളും എല്ലാം ഇന്ന് ഏകാന്തതയിൽ കഴിയുന്നവരുടെ (Empty Nest Syndrom) എണ്ണത്താൽ വീർപ്പുമുട്ടുന്നു.

ഗവൺമെന്റ് മേഖലകളിൽ ജോലിചെയ്യുന്ന ക്രൈസ്തവ സഹോദരങ്ങളുടെ എണ്ണം ഈ കാലഘട്ടത്തിൽ ശുഷ്കമായി

ക്കൊണ്ടിരിക്കുകയാണ്. ഒരു കാലഘട്ടത്തിൽ ഗവൺമെന്റ് മേഖലയിൽ സേവനം ചെയ്തിരുന്നവരിൽ 37% ക്രൈസ്തവരായിരുന്നു. ഇന്നത് 18% മായി ചുരുങ്ങിയിരിക്കുന്നു. ഗവൺമെന്റ് സംവിധാനങ്ങളിലൂടെ ഏറ്റവും ജനോപകാരപ്രദമായ അനേകം ശുശ്രൂഷകൾ നമുക്ക് ചെയ്യാനാവും. വിദ്യാഭ്യാസവും ആതുര ശുശ്രൂഷയും മാത്രമല്ല എല്ലാ ഗവൺമെന്റ് ജോലികളിലും അതിന്റേതായ വലിയ ദൈവരാജ്യ സാധ്യതകളുണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടത്തുന്ന വിവിധ പരീക്ഷകളെപ്പറ്റിയുള്ള നിരവധി വിജ്ഞാപനങ്ങൾ നാം അനുദിനം കാണാറുണ്ട്. Psc, Upsc പരീക്ഷകൾ തുടങ്ങി എല്ലാ പരീക്ഷകളും അതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ളവർ നിരന്തരം ഒരുങ്ങി എഴുതിക്കൊണ്ടിരിക്കണം. എന്നാൽ ഇവയ്ക്കുവേണ്ടിയുള്ള ഒരുക്ക കുറവ് നമ്മെ പലപ്പോഴും വിജയത്തിലെത്തിക്കാറില്ല. ആയതിനാൽ ഇത്തരം സാഹചര്യങ്ങളെ നേരിടുവാൻ നമ്മുടെ മക്കൾക്ക് ഉപരി വിദ്യാഭ്യാസ തൊഴിൽ മേഖലകളിലേക്ക് ആവശ്യമായ പരീക്ഷാ പരിശീലനങ്ങൾ നല്കുവാൻ Sanjose Metropolitian Academy for Research and Training അഥവാ **സാൻജോസ് അക്കാഡമി** എന്ന പരിശീലനകേന്ദ്രം നമ്മുടെ അതിരൂപത ആരംഭിക്കുകയാണ്.

സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം, പി.എസ്.സി., എൻട്രൻസ്, ഐ.ഇ.എൽ.റ്റി.എസ്., ഒ.ഇ.റ്റി. അദ്ധ്യാപക നിയമന പരീക്ഷകൾ തുടങ്ങി കുട്ടികൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾവരെ സാൻജോസ് അക്കാഡമിയിലൂടെ നൽകപ്പെടും. ഇതിന്റെ പ്രഥമ ഡയറക്ടറായി ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചനെ നിയമിക്കുകയാണ്. സാൻജോസ് അക്കാഡമിയുടെ കേന്ദ്രഓഫീസ് താല്ക്കാലികമായി തലശ്ശേരി സന്ദേശഭവനിൽ പ്രവർത്തിക്കും. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പരന്നുകിടക്കുന്ന നമ്മുടെ കുടിയേറ്റമക്കളുടെ പരിശീലനങ്ങൾക്കുവേണ്ടിയുള്ള അന്വേഷണങ്ങൾക്ക് ഒരു വലിയ പരിധിവരെ സഹായം നൽകുവാൻ സാൻജോസ് അക്കാഡമിക് സാധിക്കും. വിവിധ മേഖലകളിലെ പ്രഗത്ഭ വിദഗ്ധരുടെയും അധ്യാപകരുടെയും സേവനം സാൻജോസ് അക്കാഡമിയിലൂടെ ലഭ്യമായിരിക്കും. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ഭാവിരൂപീകരണത്തിൽ സാൻജോസ് അക്കാഡമിയുടെ സേവനങ്ങളെ കഴിയുന്നത്ര പ്രയോജന പ്പെടുത്തണം. ന്യൂനപക്ഷ സ്കോളർഷിപ്പുകളും നിരവധി ഗവൺമെന്റ് ആനുകൂല്യങ്ങളും പ്രഖ്യാപിക്കപ്പെടുന്നത് നാം ശ്രദ്ധിക്കുകയും അത് നമ്മുടെ മക്കൾക്ക് ലഭ്യമാക്കുവാൻ ബഹു. വികാരിയച്ചന്മാരും നേതൃതലങ്ങളിലുള്ളവരും പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

സാൻജോസ് അക്കാഡമിയുടെ ആദ്യസംരംഭങ്ങളായി ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതി മികച്ച വിജയം നേടുന്ന 140 കുട്ടികൾക്ക് കുന്നോത്ത്, തോമാപുരം എന്നീ രണ്ടു സെന്ററുകളിലായി മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ ഏപ്രിൽ 16 മുതൽ ആരംഭിക്കുകയാണ്. അതുപോലെ പി.എസ്.സി. ഐ.ഇ.എൽ.റ്റി.എസ്. പരിശീലനകേന്ദ്രങ്ങൾ തലശ്ശേരിയിലും നെറ്റ്, സെറ്റ്, കെ-ടെറ്റ് തുടങ്ങിയവയ്ക്കുള്ള പരിശീലനകേന്ദ്രം ഇരിട്ടിയിലും ആരംഭിക്കുകയാണ്. മത്സരപരീക്ഷയ്ക്ക് ഒരുങ്ങുമ്പോൾതന്നെ ചെറുപ്രായത്തിൽ കുട്ടികളുടെ വ്യക്തിത്വ-നേതൃത്വ-സർഗാത്മക വാസനകളെ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കണം. ഇതിന്റെ ഭാഗമായി മെയ്മാസ അവധിദിവസങ്ങളിൽ വിവിധ ക്യാമ്പുകൾ സാൻജോസ് അക്കാഡമിയിൽ ക്രമീകരിച്ചിട്ടുണ്ട്. അതിലേക്ക് മക്കളെ പറഞ്ഞുവിടുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം അക്കാഡമിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അതിരൂപത ബുള്ളറ്റിനിലും സാൻജോസ് അക്കാഡമി വെബ്സൈറ്റിലും (www.sanjoseacademy.in) ലഭ്യമാകുന്നതാണ്.

മിശിഹായിൽ പ്രിയപ്പെട്ടവരേ, "ജ്ഞാനം സമ്പാദിക്കുകയാണ് സർവപ്രധാനം. എന്തുത്യജിച്ചും ജ്ഞാനം സമ്പാദിക്കുക" (സുഭാ.4:7) എന്ന തിരുവചനം നമുക്കനുസ്മരിക്കാം. ദൈവം നമുക്ക് നൽകിയിരിക്കുന്ന നിരവധിയായ താലന്തുകളെ വേണ്ട രീതിയിൽ നമുക്ക് പ്രയോജനപ്പെടുത്താം. നമ്മുടെ യുവജനങ്ങളെയും കുട്ടികളെയും മികവുറ്റവരാക്കുവാനും സർക്കാർ മേഖലകളിലേക്കും വിവിധ ഉദ്യോഗങ്ങളിലേക്കും പ്രവേശിപ്പിക്കുവാനുമുള്ള നമ്മുടെ ഉദ്യമങ്ങളെ തമ്പുരാന്റെ കരങ്ങളിൽ സമർപ്പിക്കാം. നിരന്തരമായ പരിശീലനത്തിലൂടെയും അർപ്പണബോധത്തോടുകൂടിയുള്ള അന്വേഷണത്തിലൂടെയും നമുക്ക് മുന്നോട്ട് പോകാം. നമ്മുടെ പ്രയത്നങ്ങളെ സർവ്വശക്തൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ...

എന്ന് സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — മാർ ജോർജ് ഞറളക്കാട്ട്

24.03.2018 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.




## 1. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പന്ത്രണ്ടാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ചയാണ്. അന്നേദിവസം അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും പള്ളിച്ചെലവിൽ അഭിവന്ദ്യപിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കുമല്ലോ. ഭദ്രാസന ദൈവാലയത്തിൽ ഏപ്രിൽ 3,4 തീയതികളിൽ സൺഡേസ്കൂൾ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടി കബറിടതീർത്ഥാടനവും എക്സിബിഷനും സംഘടിപ്പിക്കുന്നു. രണ്ടുദിവസങ്ങളിലും രാവിലെ 10 മണിക്കും 11.30നും വി. കുർബാന ഉണ്ടായിരിക്കും.

## 2. ബഹു. വൈദികരുടെ പൊതുസ്ഥലം മാറ്റം

ബഹു. വൈദികരുടെ ഇക്കൊല്ലത്തെ പൊതുസ്ഥലംമാറ്റം മെയ്മാസം 12-ാം തീയതി ശനിയാഴ്ചയായിരിക്കും. ഏപ്രിൽ മാസം 28ന് രാവിലെ സ്ഥലം മാറ്റ ലിസ്റ്റ് അതിരൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 3. അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ

അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ വലിയമറ്റം പിതാവിന്റെയും നാമഹേതുകത്തിരുനാൾ ഏപ്രിൽ 24-ാം തീയതിയാണ്. അന്ന് പ്രത്യേകമായി നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരെ പ്രാർത്ഥനയിൽ ഓർക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യാം. അതോടൊപ്പം സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ ആലഞ്ചേരി പിതാവിനും ജോർജ് നാമധാരികൾ എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കാം.

## 4. ഡീക്കന്മാരുടെ സമ്മേളനം ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

2018 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2018 മെയ്മാസം 7-ാം തീയതി രാവിലെ 10.30ന് തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. ഇടവകകളിൽനിന്നുള്ള ശെമ്മാശന്മാരുടെ പേരും വിലാസവും മൊബൈൽ നമ്പറും ഏപ്രിൽ 15നു മുമ്പായി

ബഹു. വികാരിയച്ചന്മാർ ചാൻസലറച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ട താണ്. ക്ഷണക്കത്തുകൾ അവർക്ക് അയച്ചുകൊടുക്കുന്നതിനുവേണ്ടിയാണിത്.

### 5. അലവൻസ് ഇൻക്രിമെന്റ്

ബഹു. വൈദികരുടെ പ്രതിമാസ അലവൻസിൽ ഏപ്രിൽ മാസംമുതൽ 500 രൂപ വർദ്ധനവുണ്ടാകുന്നതാണ്. ദൈവാലയശുശ്രൂഷിക്കും സെക്രട്ടറിക്കും നിയമാനുസൃത ഇൻക്രിമെന്റ് ഏപ്രിൽ മാസം മുതൽ നല്കേണ്ടതാണ്. 2017 ജനുവരി മാസത്തിലെ ബുള്ളറ്റിൻ കാണുക.

### 6. വൈദികസമിതി, ആലോചനാസമിതി യോഗങ്ങൾ

പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2018 ഏപ്രിൽ 19-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. എല്ലാ അംഗങ്ങളും പ്രസ്തുത യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അംഗങ്ങൾക്ക് കത്തുകൾ അയയ്ക്കുന്നതാണ്.

അതിരൂപതാ ആലോചനസമിതിയുടെ ഒരു യോഗം 2018 ഏപ്രിൽ 19-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാഭവനത്തിൽ വച്ച് ചേരുന്നതാണ്. ആലോചനസമിതി അംഗങ്ങൾ ഇതൊരു അറിയിപ്പായി സ്വീകരിക്കുമല്ലോ.

### 7. അഭിനന്ദനങ്ങൾ

ബാംഗ്ലൂർ ക്രിസ്തുജ്യോതി കോളെജിൽനിന്നും മതബോധനശാസ്ത്രത്തിൽ ഒന്നാംറാങ്കോടെ ബിരുദാനന്തരബിരുദം കരസ്ഥമാക്കി തിരിച്ചെത്തിയിരിക്കുന്ന ഫാ. ജോസഫ് വേങ്ങക്കുന്നേലിന് അഭിനന്ദനങ്ങൾ

### 8. ആണ്ട്തിരട്ട്, ബജറ്റ് പാസ്സാക്കൽ - ഏപ്രിൽ 30, മെയ് 1,2,3

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്തവർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ നിർദ്ദേശിച്ചിരുന്നതുപോലെ ഏപ്രിൽ 22 ഞായറാഴ്ചയോ അതിന് മുമ്പോ നടത്തേണ്ടതാണ്. പൊതുയോഗം ചേർന്ന് എട്ട് ദിവസത്തിനുശേഷമാണ് തീരുമാനങ്ങൾ പാസ്സാക്കാൻകൊണ്ടുവരേണ്ടത്. പെരിയ ബഹു. വികാരിജനറാളച്ചന്മാരും ഓഡിറ്റേഴ്സും ഏപ്രിൽ 30, മെയ് 1,2,3 തീയതികളിലായിരിക്കും ആണ്ടുതിരട്ട് പാസ്സാക്കാൻ ഫൊറോനകേന്ദ്രങ്ങളിൽ എത്തുന്നത്.

മേൽപറഞ്ഞ ദിവസങ്ങളിൽ രാവിലെ 9 മണിക്ക് ഓഡിറ്റിങ്ങ് ആരംഭിക്കും. ഉച്ചകഴിഞ്ഞ് 2 മണിക്കും. രാവിലെ സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടെയും ഉച്ചകഴിഞ്ഞ് കിട്ടിയിരിക്കുന്ന എല്ലാവരും 2 മണിയോടെയും എത്തിച്ചേരാൻ ശ്രദ്ധിക്കണം.

## ബഹു. ജനറാളച്ചന്റെ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടവ

1. വാർഷിക പൊതുയോഗ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം
2. വാർഷിക പൊതുയോഗ മിനിട്സിന്റെ അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി
3. അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി
4. 2018 –2019 വർഷത്തേയ്ക്കുള്ള ബജറ്റ്
5. 10% അതിരൂപതാവിഹിതവും ഇതരപിരിവുകളും കുടിശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രസീതുകൾ
6. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം

## ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടവ

1. വാർഷികതിരട്ടിന്റെ പകർപ്പ് (സോഫ്റ്റ് വെയറിൽനിന്നും)
2. എഫ്.സി.യുടെ രേഖകൾ ഉണ്ടങ്കിൽ അവ
3. പാസ്സ് ബുക്കുകളും ചെക്കുബുക്കുകളും (അപ്ഡേറ്റ് ചെയ്തിരിക്കണം)
4. ബില്ലുകൾ, വൗച്ചറുകൾ, രസീതുകുറ്റികൾ

## പ്രത്യേക ശ്രദ്ധയ്ക്ക്

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിന് സോഫ്റ്റ് വെയറിൽ ഏപ്രിൽ 15നു മുമ്പായി മാർച്ചുവരെയുള്ള കണക്കുകൾ അപ്ലോഡ് ചെയ്താൽ 10% വിഹിതം കണക്കുകൂടി മുൻകൂട്ടിത്തന്നെ അറിയിക്കാൻ സാധിക്കും.
3. ചുരുക്കം ചില പള്ളികൾ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ കണക്കുകൾ ആരംഭിച്ചിട്ടില്ല. അവരും ഏപ്രിൽ 15 മുമ്പായി കണക്കുകൾ സോഫ്റ്റ് വെയറിൽ ചെയ്യണം. ഏതെങ്കിലും കാരണവശാൽ ചെയ്യാൻ സാധിക്കാതെ വരുന്നവർ ഇന്റർനെറ്റ് മിഷൻ ഓഫീസുമായി ബന്ധപ്പെടുക.
4. അതിരൂപതാവിഹിതവും മറ്റ് പിരിവുകളും സാധിക്കുന്നിടത്തോളം ചെക്കുകളായി നല്കാൻ പരിശ്രമിക്കണം.
5. ഓരോ ഇടവകയും 2018–19 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി പാരീഷ് കൗൺസിലിൽ പാസാക്കി പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കണം.

## ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയക്രമം

| കാഞ്ഞങ്ങാട് ഫൊറോന | ഏപ്രിൽ 30 തിങ്കൾ | പടന്നക്കാട് ബിഷപ്സ്ഹൗസ് |
|---|---|---|
| ബദിയടുക്ക | രാവിലെ 9 മുതൽ | ,, |
| ചായ്യോത്ത് | ,, | ,, |
| ചീമേനി | ,, | ,, |
| ദേലമ്പാടി | ,, | ,, |
| മുള്ളേരിയ | ,, | ,, |
| എണ്ണപ്പാറ | ,, | ,, |
| കാലിച്ചാനടുക്കം | ,, | ,, |
| കാഞ്ഞിരടുക്കം | ,, | ,, |
| കാഞ്ഞങ്ങാട് | ,, | ,, |
| കാസർഗോഡ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ഹൊസങ്കടി | ,, | ,, |
| നീലേശ്വരം | ,, | ,, |
| നെല്ലിയടുക്കം | ,, | ,, |
| പടന്നക്കാട് | ,, | ,, |
| ഉദയപുരം, കോടോത്ത് | ,, | ,, |
| പെരിയ, പൊയ്നാച്ചി | ,, | ,, |

| ചെറുപുഴ ഫൊറോന | ഏപ്രിൽ 30 തിങ്കൾ | ചെറുപുഴ |
|---|---|---|
| അരവഞ്ചാൽ | രാവിലെ 9 മുതൽ | ,, |
| ചെറുപുഴ | ,, | ,, |
| ചൂരപ്പടവ് | ,, | ,, |
| ജോസ്ഗിരി | ,, | ,, |
| കോലുവള്ളി | ,, | ,, |
| കോഴിച്ചാൽ | ,, | ,, |
| മുളപ്ര | ,, | ,, |
| പാടിയോട്ടുചാൽ | ,, | ,, |
| പുളിങ്ങോം | ,, | ,, |
| രാജഗിരി | ,, | ,, |
| താബോർ | ,, | ,, |
| തിരുമേനി | ,, | ,, |
| ഉമ്മറപ്പൊയിൽ (സ്നേഹഗിരി) | ,, | ,, |

| മേരിഗിരി ഫൊറോന | ഏപ്രിൽ 30 തിങ്കൾ | മേരിഗിരി |
|---|---|---|
| ചെറുപാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| എടക്കോം | ,, | ,, |
| കാര്യപ്പള്ളി | ,, | ,, |

| | | |
|---|---|---|
| കോടോപ്പള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മേരിഗിരി | ,, | ,, |
| പച്ചാനി | ,, | ,, |
| പെരിങ്ങാല | ,, | ,, |
| പെരുമ്പടവ് | ,, | ,, |
| റയറോം | ,, | ,, |
| വിമലശ്ശേരി | ,, | ,, |
| വെള്ളരിയാനം | ,, | ,, |
| **തളിപ്പറമ്പ് ഫൊറോന** | **ഏപ്രിൽ 30 തിങ്കൾ** | **തളിപ്പറമ്പ്** |
| അമ്മംകുളം | രാവിലെ 9 മുതൽ | ,, |
| ബാലേശുഗിരി | ,, | ,, |
| കണ്ണൂർ | ,, | ,, |
| മേലെചൊവ്വ | ,, | ,, |
| നെടുവാലൂർ | ,, | ,, |
| പരിയാരം | ,, | ,, |
| പയ്യന്നൂർ | ,, | ,, |
| തളിപ്പറമ്പ | ,, | ,, |
| പുഷ്പഗിരി | ,, | ,, |
| **വായാട്ടുപറമ്പ് ഫൊറോന** | **ഏപ്രിൽ 30 തിങ്കൾ** | **വായാട്ടുപറമ്പ്** |
| അൽഫോൻസാഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കരുണാപുരം | ,, | ,, |
| കരുവഞ്ചാൽ | ,, | ,, |
| മാവുഞ്ചാൽ | ,, | ,, |
| പാത്തൻപാറ | ,, | ,, |
| തടിക്കടവ് | ,, | ,, |
| വായാട്ടുപറമ്പ് | ,, | ,, |
| തുരുമ്പി | ,, | ,, |
| വെള്ളാട് | ,, | ,, |
| വിജയപുരം | ,, | ,, |
| **പനത്തടി ഫൊറോന** | **മെയ് 1 ചൊവ്വ** | **പനത്തടി** |
| അടോട്ടുകയ | രാവിലെ 9 മുതൽ | ,, |
| കള്ളാർ | ,, | ,, |
| കൊട്ടോടി | ,, | ,, |
| മാനടുക്കം | ,, | ,, |
| മേരിപുരം, കനീലടുക്കം, ചൂരിത്തോട് | ,, | ,, |
| പടുപ്പ് | ,, | ,, |
| പടിമരുത് | ,, | ,, |
| പനത്തടി | ,, | ,, |
| പാണത്തൂർ | ,, | ,, |

| ആലക്കോട് ഫൊറോന | മെയ് 1 ചൊവ്വ | ആലക്കോട് |
|---|---|---|
| ആലക്കോട് | രാവിലെ 9 മുതൽ | ,, |
| അരിവിളഞ്ഞപൊയിൽ | ,, | ,, |
| ചീക്കാട് | ,, | ,, |
| ജയഗിരി | ,, | ,, |
| കാർത്തികപുരം | ,, | ,, |
| കുട്ടാപറമ്പ | ,, | ,, |
| മാമ്പൊയിൽ | ,, | ,, |
| മണക്കടവ് | ,, | ,, |
| നെല്ലിപ്പാറ | ,, | ,, |
| ഒറ്റത്തൈ | ,, | ,, |
| പരപ്പ | ,, | ,, |
| ഉദയഗിരി | ,, | ,, |
| വിജയഗിരി | ,, | ,, |

| ചെമ്പന്തൊട്ടി ഫൊറോന | മെയ് 1 ചൊവ്വ | ചെമ്പന്തൊട്ടി |
|---|---|---|
| ചെമ്പന്തൊട്ടി | രാവിലെ 9 മുതൽ | ,, |
| ചേപ്പറമ്പ | ,, | ,, |
| കരയത്തുംചാൽ | ,, | ,, |
| കോട്ടൂർ | ,, | ,, |
| മണ്ടളം | ,, | ,, |
| നടുവിൽ | ,, | ,, |
| നെല്ലിക്കുന്ന് | ,, | ,, |
| ശ്രീകണ്ഠപുരം, കോട്ടൂർവയൽ | ,, | ,, |
| വെണ്ണക്കല്ല് | ,, | ,, |
| വിളക്കന്നൂർ | ,, | ,, |

| ചെമ്പേരി ഫൊറോന | മെയ് 1 ചൊവ്വ | ചെമ്പേരി |
|---|---|---|
| അരീക്കമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചെമ്പേരി | ,, | ,, |
| ദീപഗിരി | ,, | ,, |
| കനകക്കുന്ന് | ,, | ,, |
| കുടിയാന്മല | ,, | ,, |
| ലിസ്സിഗിരി | ,, | ,, |
| നെല്ലിക്കുറ്റി | ,, | ,, |
| പൊന്മല | ,, | ,, |
| പൂപ്പറമ്പ | ,, | ,, |
| പൊട്ടംപ്ലാവ് | ,, | ,, |
| പുലിക്കുരുമ്പ | ,, | ,, |
| രത്നഗിരി | ,, | ,, |

| വെള്ളരിക്കുണ്ട് ഫൊറോന | മെയ് 2 ബുധൻ | വെള്ളരിക്കുണ്ട് |
|---|---|---|
| ആനമഞ്ഞൾ | രാവിലെ 9 മുതൽ | ,, |
| അട്ടക്കണ്ടം | ,, | ,, |
| അട്ടേങ്ങാനം | ,, | ,, |
| ബളാൽ | ,, | ,, |
| ഭീമനടി | ,, | ,, |
| ബിരിക്കുളം | ,, | ,, |
| ചുള്ളി, പുല്ലടി | ,, | ,, |
| കാലിച്ചാമരം | ,, | ,, |
| കൊന്നക്കാട് | ,, | ,, |
| മാലോം, ദർക്കാസ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പറമ്പ | ,, | ,, |
| നാട്ടക്കല്ല് | ,, | ,, |
| പുഞ്ച | ,, | ,, |
| പുന്നക്കുന്ന് | ,, | ,, |
| വെള്ളരിക്കുണ്ട് | ,, | ,, |
| വിമലഗിരി | ,, | ,, |
| കനകപ്പള്ളി | ,, | ,, |

| പൈസക്കരി ഫൊറോന | മെയ് 2 ബുധൻ | പൈസക്കരി |
|---|---|---|
| ആടാംപാറ | രാവിലെ 9 മുതൽ | ,, |
| ചന്ദനക്കാംപാറ | ,, | ,, |
| ചുണ്ടപ്പറമ്പ | ,, | ,, |
| ഷിമോഗാനഗർ, ചന്ദനഗിരി | ,, | ,, |
| ഏറ്റുപാറ | ,, | ,, |
| ജോസ്മൗണ്ട് | ,, | ,, |
| പൈസക്കരി, മുത്താറിക്കുളം | ,, | ,, |
| പയ്യാവൂർ | ,, | ,, |
| വെമ്പുവ | ,, | ,, |
| പാടാംകവല | ,, | ,, |

| എടൂർ ഫൊറോന | മെയ് 2 ബുധൻ | എടൂർ |
|---|---|---|
| ചെടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| എടപ്പുഴ | ,, | ,, |
| എടൂർ | ,, | ,, |
| കരിക്കോട്ടക്കരി | ,, | ,, |
| കീഴ്പ്പള്ളി | ,, | ,, |
| മാങ്ങോട് | ,, | ,, |
| ഉരുപ്പുംകുറ്റി | ,, | ,, |
| വട്ടിയറ | ,, | ,, |
| വെളിമാനം | ,, | ,, |

| നെല്ലിക്കാംപൊയിൽ ഫൊറോന | മെയ് 2 ബുധൻ | നെല്ലിക്കാംപൊയിൽ |
|---|---|---|
| ആനറ | രാവിലെ 9 മുതൽ | ,, |
| അറബി | ,, | ,, |
| ഇരിട്ടി | ,, | ,, |
| കാലാങ്കി | ,, | ,, |
| കല്ലുവയൽ | ,, | ,, |
| കാഞ്ഞിരക്കൊല്ലി | ,, | ,, |
| മണിക്കടവ് | ,, | ,, |
| മണിപ്പാറ | ,, | ,, |
| മാട്ടറ | ,, | ,, |
| മുണ്ടാനൂർ | ,, | ,, |
| നെല്ലിക്കാംപൊയിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പടിയൂർ | ,, | ,, |
| പുറവയൽ | ,, | ,, |
| ശാന്തിനഗർ | ,, | ,, |
| തേർമല, തിരൂർ | ,, | ,, |
| ഉളിക്കൽ | ,, | ,, |
| വിളമന | ,, | ,, |

| തോമാപുരം ഫൊറോന | മെയ് 3 വ്യാഴം | തോമാപുരം |
|---|---|---|
| അതിരുമാവ് | രാവിലെ 9 മുതൽ | ,, |
| ആയന്നൂർ | ,, | ,, |
| ബേഡൂർ | ,, | ,, |
| ചട്ടമല | ,, | ,, |
| ചാവറഗിരി | ,, | ,, |
| കടുമേനി | ,, | ,, |
| കമ്പല്ലൂർ | ,, | ,, |
| കണ്ണിവയൽ | ,, | ,, |
| കാവുന്തല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുന്നുംകൈ | ,, | ,, |
| കുളിനീർ | ,, | ,, |
| മണ്ടപം | ,, | ,, |
| പാലാവയൽ | ,, | ,, |
| തയ്യേനി | ,, | ,, |
| തോമാപുരം | ,, | ,, |
| വരക്കാട് | ,, | ,, |

| കുന്നോത്ത് ഫൊറോന | മെയ് 3 വ്യാഴം | കുന്നോത്ത് |
|---|---|---|
| ആനപ്പന്തി | രാവിലെ 9 മുതൽ | ,, |
| അങ്ങാടിക്കടവ് | ,, | ,, |
| ചരൾ | ,, | ,, |
| എടക്കാനം | ,, | ,, |
| കച്ചേരിക്കടവ് | ,, | ,, |
| കിളിയന്തറ | ,, | ,, |
| കുന്നോത്ത്, നാട്ടേൽ | ,, | ,, |
| മാടത്തിൽ | ,, | ,, |
| മൊടയരഞ്ഞി | ,, | ,, |
| പാലത്തുംകടവ് | ,, | ,, |
| പേരട്ട | ,, | ,, |
| പെരിങ്കരി | ,, | ,, |
| രണ്ടാംകടവ് | ,, | ,, |
| വാണിയപ്പാറ | ,, | ,, |

| പേരാവൂർ ഫൊറോന | മെയ് 3 വ്യാഴം | പേരാവൂർ |
|---|---|---|
| ആര്യപ്പറമ്പ | രാവിലെ 9 മുതൽ | ,, |
| ചെങ്ങോം | ,, | ,, |
| ചെട്ട്യാംപറമ്പ | ,, | ,, |
| എടത്തൊട്ടി | ,, | ,, |
| കല്ലുമുതിരക്കുന്ന് | ,, | ,, |
| കണിച്ചാർ | ,, | ,, |
| കൊളക്കാട് | ,, | ,, |
| കോളയാട് | ,, | ,, |
| മട്ടന്നൂർ | ,, | ,, |
| മഞ്ഞളാംപുറം | ,, | ,, |
| നിർമ്മലഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വാഴമല | ,, | ,, |
| നെടുംപുറംചാൽ | ,, | ,, |
| ഓടന്തോട് | ,, | ,, |
| പേരാവൂർ, മടപ്പുരച്ചാൽ | ,, | ,, |
| പെരുമ്പുന്ന, മേൽമുരിങ്ങോടി | ,, | ,, |
| പൂളക്കുറ്റി | ,, | ,, |
| രാജമുടി | ,, | ,, |

## 9. ആദരാഞ്ജലികൾ

1. ബഹു. മൈക്കിൾ കാരിമറ്റം അച്ചന്റെ വത്സലമാതാവ് മറിയം കാരി മറ്റം (99) 13.03.2018 ചൊവ്വാഴ്ച നിര്യാതയായി. മൃതസംസ്കാരം കുളത്തു വയൽ ഇടവക ദൈവാലയത്തിൽ 2018 മാർച്ച് 14ന് നടന്നു. മൃത സംസ്കാരശുശ്രൂഷകളിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്തു. പരേതക്ക് നിത്യശാന്തിയും സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

2. ബഹു. ജോർജ് ആശാരിക്കുന്നേൽ അച്ചന്റെ വത്സലമാതാവ് ഫിലോമിന ആശാരിക്കുന്നേൽ (75) 2018 മാർച്ച് 24-ാം തീയതി നിര്യാതയായി. 27-ാം തീയതി കള്ളാർ ഉണ്ണിമിശിഹാ ദൈവാലയത്തിൽ നടന്ന മൃതസംസ്കാരശുശ്രൂഷക്ക് അഭിവന്ദ്യ മാർ ജോർ ഞറളക്കാട്ട് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. പരേതക്ക് നിത്യശാന്തിയും സന്തപ്ത കുടും ബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

## 10. സ്നേഹസ്മൃതി

1. റവ. ഫാ. മാത്യു മേക്കുന്നേൽ - 01-04-2008
2. റവ. ഫാ. സേവ്യർ കണിയാന്തറ - 02-04-1990
3. **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി - 04-04-2006**
4. **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി - 06-04-2003**
5. റവ. ഫാ. പോൾ മണക്കാട്ടുമറ്റം - 08-04-2015
6. റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ - 10-04-1977
7. റവ. ഫാ. മാത്യു പാലമറ്റം - 20-04-1972
8. റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ - 20-04-2012
9. റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര - 21-04-1994
10. റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി - 28-04-2016
11. റവ. ഫാ. ജോർജ് സ്രാമ്പിക്കൽ - 29-04-1997
12. റവ. ഫാ. ജോർജ് പുനക്കാട്ട് - 29-04-1968
13. റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ - 29-04-1999

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ആദായനികുതി നിയമത്തിൽ വന്ന ചില പ്രധാന മാറ്റങ്ങൾ

2018 ലെ ധനകാര്യബിൽ (ബഡ്ജറ്റ്) പ്രകാരം ആദായ നികുതി നിയമത്തിൽ വിവിധ മത ധർമ്മ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

## 1. 10, 000 രൂപയിൽ കൂടുതൽ വരുന്ന ചിലവ്

01.04.2018 മുതൽ 10,000/- രൂപയിൽ കൂടുതൽ വരുന്ന തുക പണമായി നൽകിയാൽ പ്രസ്തുത തുക ചിലവായി അനുവദിക്കുന്നതല്ല. 10,000/- രൂപയിൽ കൂടുതലുള്ള എല്ലാ ചിലവുകളും ചെക്ക് ആയോ അല്ലെങ്കിൽ അക്കൗണ്ട് ട്രാൻസ്ഫർ ആയോ നൽകേണ്ടതാണ്.

## 2. Tax Deducted at Source (TDS)

നിശ്ചിത തുകയ്ക്കുമേൽ എഞ്ചിനീയർ, കോൺട്രാക്ടർ പോലുള്ളവർക്ക് നൽകുന്ന പണത്തിൽനിന്നും ടാക്സ് പിടിച്ചിട്ടില്ലെങ്കിൽ 01.04.2018 മുതൽ അത്തരത്തിലുള്ള ചിലവിന്റെ 30% ചിലവായി അംഗീകരിക്കുന്നതല്ല.

TDS പിടിച്ചുകഴിഞ്ഞാൽ TAN നമ്പർ ഇല്ലെങ്കിൽ അപേക്ഷ ഉടൻതന്നെ നൽകേണ്ടതാണ്. അതുപോലെ തന്നെ ടാക്സ് പിടിച്ചുകഴിഞ്ഞാൽ അടുത്ത മാസം 7-ാം തീയതിക്കുള്ളിൽ ഗവൺമെന്റിലേക്ക് അടക്കേണ്ടതും 3 മാസത്തിലൊരിക്കൽ Quarterly Return ഫയൽ ചെയ്യേണ്ടതുമാണ്. എന്തെങ്കിലും വീഴ്ച വരുത്തിയാൽ ഒരു ദിവസം 200 രൂപ വീതം പിഴ അടക്കേണ്ടതായി വരും.

## 3. ട്രസ്റ്റിയുടെ പാൻ

പുതിയ ഭേദഗതിപ്രകാരം എല്ലാ പള്ളികളിലെ അച്ചന്മാർക്കും അതുപോലെതന്നെ ധർമ്മ സ്ഥാപനങ്ങളിലെ ട്രസ്റ്റിമാർക്കും (കൈക്കാരന്മാരെയല്ല ഉദ്ദേശിക്കുന്നത്) നിർബന്ധമായും പാൻ ഉണ്ടായിരിക്കേണ്ടതാണ്.

## 4. ആദായനികുതി റിട്ടേൺ

ആദായനികുതി നിയമത്തിൽ 2017ൽ വന്ന ഭേദഗതിപ്രകാരം 2017-18 വർഷത്തെ കണക്ക് ഓഡിറ്റ് ചെയ്ത് അനുവദനീയമായ സമയത്തിനുള്ളിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ ആ സ്ഥാപനത്തിന് 12 A പ്രകാരമുള്ള ആദായ നികുതി ഇളവ് ലഭിക്കുന്നതല്ല. അങ്ങനെ സംഭവിച്ചാൽ പള്ളിയുടെ / സ്ഥാപനത്തിന്റെ മുഴുവൻ വരുമാനത്തിനും 30% നികുതി നൽകേണ്ടിവരും.

ആയതിനാൽ നിശ്ചിത സമയത്തിനുള്ളിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുവേണ്ടി ഏപ്രിൽ 30നുള്ളിൽ കണക്ക് തയ്യാറാക്കി

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പുകൾ - 2018-19

I. റീജണൽ വൊക്കേഷൻ ക്യാമ്പുകൾ ഏപ്രിൽ 8,9,10,11 തീയതികളിൽ. ഏപ്രിൽ 8 ഞായറാഴ്ച വൈകുന്നേരം 4 മണിക്കാരംഭിച്ച് 11-ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കുന്നു.

### ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ

| ആൺകുട്ടികൾക്ക് - ഫൊറോനകൾ | |
|---|---|
| 1. കുന്നോത്ത് - ബാലഭവൻ | എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ, കുന്നോത്ത് |
| 2. മേരിഗിരി - ഇടവകപ്പള്ളി | ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ |
| 3. പടന്നക്കാട് - പാസ്റ്ററൽസെന്റർ | കാഞ്ഞങ്ങാട്, പനത്തടി, തളിപ്പറമ്പ, തോമാപുരം, വെള്ളരിക്കുണ്ട്. |
| 4. തലശ്ശേരി മൈനർ സെമിനാരി | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി |
| **പെൺകുട്ടികൾക്ക്** | |
| മദർഹോം പരിയാരം - എല്ലാ ഫൊറോനയിലേയും പെൺകുട്ടികൾക്ക് | |

## II. അതിരൂപത സെലക്ഷൻ ക്യാമ്പ്

തലശ്ശേരിയിൽ വച്ചുള്ള സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 15 ഞായർ 4 മണി മുതൽ 18 ബുധൻ രാവിലെ 9 മണി വരെയാണ്. ഈ വർഷവും സമർത്ഥരായ കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ, പ്രോത്സാഹിപ്പിക്കുകയും, അവരുടെ പേരുകൾ ക്യാമ്പിനായി പറഞ്ഞുവിടുമ്പോൾ കൊടുത്തുവിടുന്ന കത്തിൽ പ്രത്യേകം സൂചിപ്പിക്കുകയും ചെയ്യണമെന്നോർമ്മിപ്പിക്കുന്നു.

---

ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. കഴിവതും മെയ് 31ന് ഉള്ളിൽ ഓഡിറ്റിങ്ങ് പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ സമയത്തിനുള്ളിൽ ആദായനികുതി റിട്ടേൺ സമർപ്പിക്കാൻ സാധിക്കാതെ വന്നാൽ പള്ളിക്ക്/സ്ഥാപനത്തിന് ഭീമമായ തുക നികുതിയായി നൽകേണ്ടിവരും. ആയതിനാൽ 30.04.2018 നു മുമ്പായി തന്നെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റർമാർക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## പ്രത്യേക നിർദ്ദേശങ്ങൾ

1 റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് ഏപ്രിൽ 8 ഞായറാഴ്ച വൈകുന്നേരം 4 മണിക്കാണ്.
2. ബഹു. വൈദികർ കുട്ടികൾക്ക് ക്യാമ്പിനു പങ്കുചേരുവാനുള്ള കത്ത് കൊടുത്തുവിടണം. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി സെലക്ട് ചെയ്യേണ്ട വരുടെ പേരുകൾ പ്രത്യേകം സൂചിപ്പിക്കണം.
3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും.
4. ബഹു. വൊക്കേഷൻ പ്രോമോട്ടേഴ്സിന് സന്ദർശിക്കാനുള്ള സമയം 11-ാം തീയതി രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12 വരെ മാത്രമായിരിക്കും.
5. ക്യാമ്പ് അവസാനിക്കുന്നത് 11 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്കായിരിക്കും.
6. മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിനു ഫീസ് ഉണ്ടാ യിരിക്കുകയില്ല.

## മേജർ സെമിനാരി വാർത്തകൾ

**1. അഭിനന്ദനങ്ങൾ**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മേജർ സെമിനാരിയിൽ പഠിക്കുന്ന 5 വൈദികവിദ്യാർത്ഥികൾ ഡീക്കൻപട്ടവും 4 വൈദികവിദ്യാർത്ഥികൾ സബ് ഡീക്കൻപട്ടവും 12 പേർ കാറോയപട്ടവും മാർച്ച് 23ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിൽനിന്നും സ്വീകരിച്ചു.

**2. മേജർ സെമിനാരി ഗാതറിംഗ് ഏപ്രിൽ 19,20,21 തീയതികളിൽ**

ഈ വർഷത്തെ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ ഏപ്രിൽ 19 ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 21 ശനിയാഴ്ച വൈകുന്നേരം 4 മണി വരെ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ക്രമീകരിച്ചിരിക്കുന്നു.

**3. വൈദികവസ്ത്ര സ്വീകരണം**

ഈ വർഷത്തെ റീജൻസിക്കാരുടെ വൈദികവസ്ത്ര സ്വീകരണം ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 കത്തീഡ്രലിൽവച്ച് നടത്തുന്നു.

**4. അവധിക്കാല സേവനങ്ങൾ**

അവധിക്കാലത്ത് നമ്മുടെ മേജർ സെമിനാരിക്കാരുടെ സേവനം - ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ - ആവ ശ്യമുള്ളവർ അറിയിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 07

I മുതൽ XI-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 12 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 2. വിശ്വാസോത്സവം 2018 ഏപ്രിൽ 2 മുതൽ 5 വരെ

2018 ഏപ്രിൽ 2 മുതൽ 5 വരെ 4 ദിവസങ്ങളായിട്ടാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടത്തുന്നത്. അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 6-ാം തീയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുങ്ങാനുള്ള ദിവസമായി നല്കുന്നതിനാൽ അന്നത്തെ വർക്ക്ബുക്ക്കൂടി 5-ാം തീയതി വ്യാഴാഴ്ച്ച ചെയ്യേണ്ടതുകൊണ്ട് അന്ന് വൈകുന്നേരംവരെയും ബാക്കിയുള്ള ദിവസങ്ങളിൽ 5 മണിക്കൂർ സമയം ലഭിക്കത്തക്കവിധത്തിലുമാണ് എല്ലാ ഇടവകകളിലും ക്ലാസുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബ്ബാനയോടുകൂടിയാണ് വിശ്വാസോത്സവം ആരംഭിക്കേണ്ടത്. വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 2-ാം തീയതി രാവിലെ 9.30ന് തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നിർവ്വഹിക്കുന്നു.

## 3. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ 12-ാം ചരമവാർഷികം

ഏപ്രിൽ 4ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 12-ാം ചരമവാർഷികമാണ്. വിശ്വാസോത്സവദിനമായ 4-ാം തീയതി എല്ലാ സൺഡേ സ്കൂളുകളിലും അഭിവന്ദ്യ വള്ളോപ്പിള്ളിപിതാവിനെ അനുസ്മരിച്ച് പ്രാർത്ഥിക്കുകയും മീറ്റിംഗുകൾ നടത്തുകയും ചെയ്യേണ്ടതാണ്.

## 4. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

മലബാറിന്റെ ഇടയനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപത ഏപ്രിൽ 4-ാം

തീയതി അതിരൂപതാ തീർത്ഥാടനദിനമായും കുടിയേറ്റ അനുസ്മരണ ദിന വുമായും ആചരിക്കുകയാണല്ലോ. മലബാറിന്റെ മോസസ് എന്നറിയപ്പെടുന്ന വള്ളോപ്പിള്ളിപിതാവിന്റെ ജീവിതവും ദർശനങ്ങളും, കുടിയേറ്റത്തിന്റെ നാൾവഴികളും പുതിയ തലമുറക്കു പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെ യാണ് അതുരൂപതയിലെ മുഴുവൻ സൺഡേസ്കൂളുകളിലേയും 10-ാം ക്ലാസിലെ കുട്ടികൾക്കായി ഈ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. അതി നായി 10-ാം ക്ലാസ്സിലെ കുട്ടികളെ ഒരുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കു ന്നു. മുൻകൂട്ടി അറിയിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി 2-ാം തീയതി ഒഴി വാക്കി 3, 4 (ചൊവ്വ, ബുധൻ) തീയതികളിലായിട്ടാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. പുതിയ ക്രമീകരണമനുസരിച്ച് പങ്കെടുക്കേണ്ട ഫൊറോനകളും തീയതിയും സമയക്രമങ്ങളും താഴെ കൊടുക്കുന്നു.

**3.4.2018 ചൊവ്വാഴ്ച:** 1. പനത്തടി 2. വെള്ളരിക്കുണ്ട് 3. തോമാപുരം 4. കാഞ്ഞങ്ങാട് 5. ചെറുപുഴ 6. നെല്ലിക്കാംപൊയിൽ 7. കുന്നോത്ത്

**4.4.2018 ബുധനാഴ്ച** 1. ചെമ്പേരി 2. ചെമ്പന്തൊട്ടി 3. പൈസക്കരി 4. ആലക്കോട് 5. മേരിഗിരി 6. വായാട്ടുപറമ്പ് 7. എടൂർ 8. പേരാവൂർ 9. തളിപ്പറമ്പ്

**ഫൊറോനകൾ എത്തിച്ചേരേണ്ട സ്ഥലവും സമയവും ഗ്രൂപ്പ് അടിസ്ഥാന ത്തിൽ എക്സിബിഷൻ കാണേണ്ട ക്രമീകരണങ്ങളും**

**3.4.2018 ചൊവ്വാഴ്ച**

**റെഡ് ഗ്രൂപ്പ്** : ചെറുപുഴ/നെല്ലിക്കാംപൊയിൽ/കുന്നോത്ത് 09.30ന് സെമി നാരിയിൽ എത്തിച്ചേരുകയും റിഫ്രഷ്ചെയ്ത് 10 മണിക്ക് വി. കുർബ്ബാന യിൽ പങ്കെടുക്കുകയും ചെയ്യുന്നു.

**ബ്ലൂ ഗ്രൂപ്പ്**: പനത്തടി/കാഞ്ഞങ്ങാട്/തോമാപുരം/വെള്ളരിക്കുണ്ട് 09.30ന് സന്ദേശഭവനിൽ എത്തിച്ചേരുകയും റിഫ്രഷായതിന് ശേഷം 11 മണിവരെയുള്ള സമയത്ത് ബിഷപ്പ് ഹൗസിലെ മ്യൂസിയം, സന്ദേശഭവ നിൽ ക്രമീകരിച്ചിരിക്കുന്ന പവലിയനുകൾ എന്നിവ സന്ദർശിക്കുകയും ചെയ്യുന്നു. സന്ദർശനം കഴിഞ്ഞ് 11.30ന് ആരംഭിക്കുന്ന വി. കുർബ്ബാനക്ക് **ബ്ലൂ** ഗ്രൂപ്പിൽപ്പെട്ട എല്ലാവരും കത്തീഡ്രലിൽ എത്തിച്ചേരേണ്ടതാണ്.

**4.4.2018 ബുധനാഴ്ച**

**റെഡ് ഗ്രൂപ്പ്**: 1. ചെമ്പേരി 2. ചെമ്പൻതൊട്ടി 3. പൈസക്കരി 4. ആല ക്കോട് 09.30ന് സെമിനാരിയിൽ എത്തിച്ചേരുകയും റിഫ്രഷ്ചെയ്ത് 10 മണിക്ക് വി. കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്യുന്നു.

**ബ്ലൂ ഗ്രൂപ്പ്** : 1. മേരിഗിരി 2. വായാട്ടുപറമ്പ് 3. എടൂർ 4. പേരാവൂർ 5. തളിപ്പറമ്പ് 09.30ന് സന്ദേശഭവനിൽ എത്തിച്ചേരുകയും റിഫ്രഷായതിന് ശേഷം 11 മണിവരെയുള്ള സമയത്ത് മ്യൂസിയം, സന്ദേശഭവനിൽ ക്രമീകരി ച്ചിരിക്കുന്ന പവലിയനുകൾ എന്നിവ സന്ദർശിക്കുകയും ചെയ്യുന്നു. സന്ദർശ

നസമയം 10-11. സന്ദർശനം കഴിഞ്ഞ് 11.30ന് ആരംഭിക്കുന്ന വി. കുർബ്ബാന ക്കായി **ബ്ലൂ** ഗ്രൂപ്പിൽപ്പെട്ട എല്ലാവരും കത്തീഡ്രലിൽ എത്തിച്ചേരേണ്ടതാണ്.

## ക്രമീകരിച്ചിരിക്കുന്ന എക്സിബിഷൻ സ്റ്റാളുകൾ

### I. ബിഷപ്സ് ഹൗസ്/സന്ദേശഭവൻ

1. മാർ വള്ളോപ്പള്ളി മ്യൂസിയം
2. മാർ വള്ളോപ്പള്ളി പിതാവിന്റെ ജീവചരിത്രരേഖ - സന്ദേശഭവൻ ചത്വരം
3. മാർ വള്ളോപ്പള്ളി ദർശനങ്ങൾ - സന്ദേശഭവൻ ചത്വരം
4. ചിത്രപ്രദർശനം/നാണയ, സ്റ്റാമ്പ് - സന്ദേശഭവൻ ഓഡിറ്റോറിയം

### II. സെന്റ് ജോസഫ്സ് മൈനർ സെമിനാരി

1. ദൈവവിളിയും തലശ്ശേരി രൂപതയും - മൈനർ സെമിനാരി വരാന്ത
2. കുടിയേറ്റം (തലശ്ശേരി രൂപതാവികസനം, കുടിയിറക്കിനെതിരായ മുന്നേറ്റങ്ങൾ - സെമിനാരി പുറകുവശത്തെ സ്ഥലം
3. പ്രോലൈഫ് മൂവ്മെന്റ് - സെമിനാരി ഭക്ഷണശാല

### III. സാൻ ജോസ് മെട്രാപൊളിറ്റൻ സ്കൂളും ഗ്രൗണ്ടും

1. ടെക്ഫെസ്റ്റ് (വിമൽജ്യോതി) - സെമിനാരി ബാസ്ക്കറ്റ്ബോൾ കോർട്ട്
2. മദ്യവിരുദ്ധ മുന്നേറ്റവും പിതാവും - സെമിനാരി അണ്ടർഗ്രൗണ്ട് ചാപ്പ ലിന് മുൻവശം
3. വിദ്യാഭ്യാസ മുന്നേറ്റചരിത്രം - സെമിനാരി ഗ്രൗണ്ട്
4. മലബാറിന്റെ കാർഷികസംസ്കാരം - സാൻജോസ് സ്കൂളിന്റെ മുൻവശം

## ഗ്രൂപ്പ് അടിസ്ഥാനത്തിൽ എക്സിബിഷൻ കാണേണ്ട സ്ഥലങ്ങളും സമയ ക്രമീകരണങ്ങളും

### റെഡ് ഗ്രൂപ്പ്

9.00 – 10.00 : രജിസ്ട്രേഷൻ/റിഫ്രഷ്മെന്റ് - മൈനർ സെമിനാരി
10.00 – 11.30 : വി. കുർബ്ബാന
11.30 – 1.00 : സെമിനാരിയിലെയും സാൻജോസ് സ്കൂളിലെയും എക്സിബിഷൻ സ്റ്റാളുകൾ
1.00 – 1.30 : ഉച്ചഭക്ഷണം (സന്ദേശഭവൻ)
1.30 – 3.00 : ബിഷപ്സ് ഹൗസ്/മ്യൂസിയം, സന്ദേശഭവൻ

### ബ്ലൂ ഗ്രൂപ്പ്

9.00 – 10.00 : രജിസ്ട്രേഷൻ/റിഫ്രഷ്മെന്റ് - സന്ദേശഭവൻ
10.00 – 11.00 : ബിഷപ്സ് ഹൗസ്/മ്യൂസിയം, സന്ദേശഭവൻ
11.30 – 1.00 : വി. കുർബ്ബാന
1.00 – 1.30 : ഉച്ചഭക്ഷണം (സെമിനാരി)

1.30 – 2.30 : സാൻജോസ് സ്കൂളിലെ എക്സിബിഷൻ സ്റ്റാളുകൾ
2.30 – 3.30 : സെമിനാരി പരിസരത്തെ എക്സിബിഷൻ സ്റ്റാളുകൾ

## 5. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

IV, VII, X ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽനിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഓരോ ക്ലാസ്സിൽനിന്ന് ഫൊറോനാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടിവേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 6. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 7ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 15ന് അതിരൂപതാ ഓഫീസിൽ എത്തിക്കുക. മേൽപറഞ്ഞ തീയതികൾക്കുശേഷം വരുന്ന ആൽബങ്ങൾ ഫൊറോന-അതിരൂപതാ തലത്തിൽ സ്വീകരിക്കുന്നതല്ല. ആൽബത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബുള്ളറ്റിൻ മാർച്ച് മാസം പേജ്- 37 കാണുക.

## 7. അവധിക്കാല വേദപാഠം ഏപ്രിൽ 6 – 9

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ ഏപ്രിൽ മാസം 6–ാം തീയതി രാവിലെ 9.30 മുതൽ 9–ാം തീയതി 11.30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ് ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾഎന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 700 രൂപ. XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. വിഷയം: 'കേരള ക്രൈസ്തവസഭയുടെ സംഭാവനകൾ'

## 8. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 25ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് പരമാ

വധി രണ്ട് അപേക്ഷകളേ സ്വീകരിക്കുകയുള്ളൂ. ആദ്യം ലഭിക്കുന്ന ഇരുപത് അപേക്ഷകളാണ് പരിഗണിക്കുന്നത്.

## 9. പരീക്ഷാഫലം

XII-ാം ക്ലാസ് ഡിപ്ലോമപരീക്ഷാഫലവും IV, VII, X ക്ലാസുകളിലെ സ്കോളർഷിപ്പ്, ആസ്പക്ട് പരീക്ഷാഫലവും മെയ് മാസം വെബ്സൈറ്റിലൂടെയാണ് പ്രസിദ്ധീകരിക്കുന്നത്. വെബ്സൈറ്റിൽ ചേർത്ത 12-ാം ക്ലാസിലെ കുട്ടികളുടെ പേരുവിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫീസ് ഈടാക്കുന്നതായിരിക്കും. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

## 10. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ എല്ലാ അധ്യാപകരുടേയും മുഴുവൻ കുട്ടികളുടേയും പേര് വിവരങ്ങൾ ഇനിയും ചേർക്കാത്തവർ ഏപ്രിൽ 15നകം ചേർക്കേണ്ടതാണ്.

## 11. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടേയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടേയും പേരും വീട്ടുപേരും ഫോൺനമ്പറും ഏപ്രിൽ 30ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 12. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 13. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

10 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 14. സഭാവിജ്ഞാനീയ ക്വിസ്

അതിരൂപതാതലത്തിൽ അധ്യാപകർക്കായി നടത്തിയ സഭാവിജ്ഞാനീയ ക്വിസ് മത്സരത്തിൽ റാണിറ്റ കൊച്ചുകുന്നേൽ (തളപ്പറമ്പ്), ജോസഫ് കലയത്തിനാക്കുഴി (കരിക്കോട്ടക്കരി) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളും ഡെയ്സി അബ്രാഹം പെരുമ്പള്ളിയും (ദീപഗിരി), ആൻസി ജോസ് കൂറ്റാരപ്പള്ളിയും(അങ്ങാടിക്കടവ്) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമ്മാനാർഹരായ അധ്യാപകർക്ക് അഭിനന്ദനങ്ങൾ.

## 15. വിവിധ കുടിശികകൾ

2017-2018 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും ഏപ്രിൽ 10ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനു ശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്. ബാങ്കു സംബന്ധമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

A/Holder : Department of Catechesis
A/No: 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

## 16. 2018 മതബോധന ഞായർ ജൂൺ 03

2018-19 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് ജൂൺ 03 നായിരിക്കും.

## 17. ആമുഖ സെമിനാർ

മെയ് 30 മുതൽ ജൂൺ 2 വരെ തീയതികളിലായിരിക്കും.

## 18. നന്ദി, നല്ല അവധിക്കാലം

2017-2018 അധ്യയനവർഷം അനുഗ്രഹപ്രദമാക്കാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും എല്ലാ അധ്യാപകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവു നല്കുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. അടുത്ത വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക മെയ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. എല്ലാവർക്കും നല്ല അവധിക്കാലം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ALPHA INSTITUTE

## 1. ഈസ്റ്റർ മംഗളങ്ങൾ

ഉത്ഥാനത്തിരുന്നാളിന്റെ പ്രാർത്ഥനാപൂർണ്ണമായ മംഗളങ്ങൾ ഏവർക്കും നേരുന്നു. ഒരധ്യയനവർഷത്തിന്റെ അന്ത്യത്തോടടുക്കുമ്പോൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയിൽ സഹകരിക്കുന്ന എല്ലാവരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. വിവിധവിഷയങ്ങളിൽ ക്ലാസ്സെടുത്ത് സഹായിക്കുന്ന വൈദികരെയും പരീക്ഷകൾക്ക് നേതൃത്വം നല്കുന്ന ഓരോ സ്റ്റഡിസെന്ററിലെ സൂപ്പർവൈഴ്സിനെയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യാൻ സഹായിക്കുന്ന എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

## 2. ല്യൂമെൻ എക്ലേസിയ പരീക്ഷ

2017 – 18 രണ്ടാം സെമസ്റ്ററിലെ അവസാന പരീക്ഷയായ ആദ്ധ്യാത്മിക ദൈവശാസ്ത്രം എന്ന വിഷയത്തിന്റെ പരീക്ഷ ഏപ്രിൽ 8–ാം തീയതി ഞായറാഴ്ച 2.30 മുതൽ 4.30 വരെ ഫൊറോനാകേന്ദ്രങ്ങളിൽവെച്ച് നടത്തപ്പെടുന്നതാണ്.

## 3. പുതിയ ദൈവശാസ്ത്ര സെന്ററുകൾ

1. ജയ് ക്രിസ്റ്റോ പ്രൊവിൻസ് സി.എം.സി. – പാലക്കാട്
2. നിർമ്മല പ്രൊവിൻസ് എസ്.എച്ച്, ദ്വാരക – മാനന്തവാടി

## 4. റസിഡൻഷ്യൽ ക്ലാസ്സ് : ഏപ്രിൽ 16 – 17

മുൻവർഷങ്ങളിൽ സംഘടിപ്പിച്ചിരുന്നതുപോലെ ഈ അദ്ധ്യായനവർഷത്തിലെ റസിഡൻഷ്യൽ ക്ലാസ്സ് ഏപ്രിൽ 16,17 (തിങ്കൾ, ചൊവ്വ) തീയതികളിൽ തലശ്ശേരിയിൽവച്ച് നടത്തപ്പെടുന്നു. ഇന്റഗ്രേറ്റഡ് എം.റ്റി.എച്ച്. ചെയ്യുന്ന വിദ്യാർത്ഥികൾക്കുള്ള വിഷയങ്ങളുടെ ക്ലാസ്സുകൾ ഈ ദിവസങ്ങളിൽ എടുത്ത് കൊടുക്കുന്നതാണ്. 2017–18 അധ്യയനവർഷത്തിൽ ബി.റ്റി.എച്ച് ഡിഗ്രിയുടെ ഭാഗമായി ദൈവശാസ്ത്ര വിഷയങ്ങളുടെ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും ഈ റസിഡൻഷ്യൽ ക്ലാസിൽ പങ്കെടുക്കാവുന്നതാണ്. പരീക്ഷ എഴുതിയവർക്കും എന്നാൽ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്കും ഈ ദിവസങ്ങളിലെ ക്ലാസ്സുകളിൽ പങ്കെടുത്താൽ തിയോളജിക്കൽ മെത്തഡോളജിയുടെ മാർക്ക് ലഭിക്കുന്നതാണ്. ക്ലാസ് ദിവസങ്ങളിൽ സപ്ലിമെന്ററി പരീക്ഷകൾ എഴുതാൻ ആൽഫാ ഇൻസ്റ്റി

റ്റ്യൂട്ടിൽ അവസരമുണ്ടായിരിക്കും. ക്ലാസുകളിലും പരീക്ഷയിലും പങ്കെടു ക്കുന്നവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്. താമസസൗകര്യവും ഭക്ഷണവും ക്രമീകരിക്കുവാൻ നിർബന്ധമായും ഓഫീസിൽ വിളിച്ച് പറയേണ്ടതാണ്.

ക്ലാസ്സുകളുടെ താത്കാലിക ക്രമവും സമയവും താഴെകൊടുക്കുന്നു. വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനനുസരിച്ച് ഈ സമയക്രമത്തിൽ മാറ്റം വരാവുന്നതാണ്.

| ദിവസം | വിഷയം | കോഴ്സ് | സമയം |
|---|---|---|---|
| 16.04.2018 | പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ | Integrated MA | 9 am - 10.30 am |
| | ദൈവശാസ്ത്ര പ്രവേശിക | BTh/MTh | 9 am - 10.30 am |
| | ക്രിസ്തുവിജ്ഞാനീയം | Integrated MA | 11 am - 12.30 PM |
| | സഭാപിതാക്കൻമാരുടെ ദൈവശാസ്ത്രം | BTh/MTh | 11 am - 12.30 PM |
| | രാഷ്ട്രീയദൈവശാസ്ത്രം | Integrated MA | 2 pm - 3.30 pm |
| | ഗ്രീക്ക്- ഭാഷാപഠനം | BTh/MTh | 2 pm - 3.30 pm |
| | സഭാവിജ്ഞാനീയം | Integrated MA | 3.45 pm - 5.15 pm |
| | വി. മത്തായിയുടെ സുവിശേഷം | BTh/MTh | 3.45 pm - 5.15 pm |
| | മനുഷ്യദർശനം: ദൈവശാസ്ത്ര വീക്ഷണത്തിൽ | Integrated MA | 6.30 pm- 7.30 pm |
| | ആരാധനാക്രമ ദൈവശാസ്ത്രം | Integrated MA | 9.00 am -10.30 am |
| | പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം | BTh/MTh | 9.00 am -10.30 am |
| | പാഠവിശകലനം | Integrated MA | 11 am - 12.30 pm |
| 17.04.2018 | മരിയവിജ്ഞാനീയം | BTh/MTh | 11 am - 12.30 pm |
| | പരിശുദ്ധത്രിത്വം | Integrated MA | 2 pm - 3.30 pm |
| | ആദ്ധ്യാത്മിക ദൈവശാസ്ത്രം | BTh/MTh | 2 pm - 3.30 pm |
| | എസെക്കിയേൽ | Integrated MA | 3.45 pm - 5.15 pm |
| | വി. യോഹന്നാന്റെ സുവിശേഷം | BTh/MTh | 3.45 pm - 5.15 pm |
| | പുതിയനിയമ ദൈവശാസ്ത്രം | Integrated MA | 6.30 pm - 7.30 pm |

## 5. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഏപ്രിൽ 12 | എസ്.എച്ച്. നിർമ്മല പ്രൊവിൻസ് ദ്വാരക, മാനന്തവാടി | 9.30–4.30 | ദൈവശാസ്ത്ര പ്രവേശിക<br>പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |

## 6. ദൈവശാസ്ത്ര പ്രബന്ധം

2018 ൽ ദൈവശാസ്ത്രപഠനം തീരുന്ന വിദ്യാർത്ഥികൾ ഏപ്രിൽ 30ന് മുൻപ് ബിരുദപഠനത്തിന്റെ ഭാഗമായി എഴുതേണ്ട പ്രബന്ധം സമർപ്പിക്ക ണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## 7. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാ സ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ച ശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## പ്രീസ്റ്റ് ഹോം നിർമ്മാണം - സംഭാവന

| | |
|---|---|
| ലിറ്റിൽ ഫ്ളവർ ചർച്ച്, ബിരിക്കുളം | - 15,000 |
| സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വെള്ളാട് | - 50,000 |
| സെന്റ് ജൂഡ് ചർച്ച്, ചേപ്പറമ്പ് | - 25,000 |
| ഇൻഫന്റ് ജീസസ്സ് ചർച്ച്, രാജമുടി | - 25,000 |
| സെന്റ് തോമസ് ചർച്ച്, കൊളക്കാട് | - 50,000 |
| സെന്റ് ആന്റണീസ് ചർച്ച്, തിരുമേനി | - 40,000 |
| **ഫാദേഴ്സ് സംഭാവന** | |
| റവ. ഫാ. സെബാസ്റ്റ്യൻ വെമ്മേനികട്ടയിൽ | - 10,000 |
| റവ. ഫാ. ജോസഫ് കീച്ചൻകേരിയിൽ | - 15,000 |

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞു പ്രേഷിതരേ,

ഉത്തരവാദിത്വപൂർണ്ണമായ പഠനവും, പരീക്ഷകളുമെല്ലാം കഴിഞ്ഞ് ഉല്ലാസകരമായ അവധിക്കാലത്തിലേക്ക് പ്രവേശിച്ചതിന്റെ സന്തോഷത്തിലാണല്ലോ കൊച്ചുകൂട്ടുകാരെല്ലാവരും. ഈ അവധിക്കാലം ആഘോഷിക്കുവാനായി പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈശോയ്ക്കും അതിൽ ഒന്നാം സ്ഥാനം നൽകുവാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കുന്ന ദിവസങ്ങളിലെല്ലാം വി. കുർബാനയിൽ സജീവമായി പങ്കെടുക്കുവാൻ, ഈശോയുടെ ഹൃദയഗുണങ്ങൾ സ്വന്തമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. നോമ്പിന്റെയും പ്രാർത്ഥനയുടെയും ചൈതന്യം ജീവിതത്തിൽ സ്വന്തമാക്കി കുരിശിന്റെ വഴികളിലൂടെ സഞ്ചരിച്ച് ഉത്ഥാനമഹത്വം ആഘോഷിക്കുവാൻ നമുക്ക് ഒരുങ്ങാം. എല്ലാ കൂട്ടുകാർക്കും ഈസ്റ്ററിന്റെ മംഗളങ്ങളും നല്ലൊരു അവധിക്കാലവും ആശംസിക്കുന്നു...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | സകലവിശുദ്ധരുടെയും തിരുനാൾ |
| ,, വിശുദ്ധൻ | : | വി. ഗീവർഗീസ് |
| പ്രാർത്ഥനാനിയോഗം | : | ദൈവവിളി |
| സുകൃതജപം | : | ഈശോയെ, അങ്ങ് എന്നോട് കൽപിക്കണമേ. |
| സപ്തതി സുകൃതം | : | 70 പരിശുദ്ധ പരമദിവ്യകാരുണ്യത്തിന് |

## ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ - ഈസ്റ്റർ

4 ബുധൻ - മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 12-ാം ചരമ വാർഷികം.

24 ചൊവ്വ - വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യുട്ടീവ്, മാനേജിംഗ്കമ്മറ്റി, ഏയ്ഞ്ചൽസ്മീറ്റ്, ദൈവവിളിക്യാമ്പുകൾ, സെമിനാറുകൾ....

## എം.ടി.സി. ക്യാമ്പും തീർത്ഥാടനവും

ഈ വർഷത്തെ അതിരൂപതാതല എംടിസിക്യാമ്പ് ഏപ്രിൽ 13-ാം തീയതി വൈകുന്നേരം 4 മണിമുതൽ പൂളക്കുറ്റിശാഖയിൽവെച്ച് ആരംഭിക്കും. മേഖലാതല ക്യാമ്പിൽനിന്നും തെരെഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. 16-ാം തീയതി രാവിലെ 10 മണിക്ക്

ക്യാമ്പ് സമാപിക്കും. ക്യാമ്പിൽനിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 23-മെയ് 1 തീയതികളിൽ വിജയവാഡ മിഷനിലേക്ക് തീർത്ഥാടനവും ഉണ്ടായിരിക്കും.

## അഭിവന്ദ്യപിതാക്കന്മാരുടെ ഫീസ്റ്റ്

ഏപ്രിൽ 24ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യപിതാക്കൻമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാകാർഡുകൾ അയയ്ക്കുവാനും ഫോണിൽവിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമം ഏയ്ഞ്ചൽസ് മീറ്റ് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ആവശ്യമുള്ള എണ്ണം എത്രയും വേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## റീജണൽ സംഗമം

ഫെബ്രുവരി 24-ാം തീയതി താമരശ്ശേരിരൂപതയിലെ പി.എം.ഒ.സിയിൽ വച്ച് നടത്തിയ ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന റീജണൽ സംഗമത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

2018 മാർച്ച് 24-ാം തീയതി രാവിലെ 9.30 മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാമാനേജിംഗ് കമ്മിറ്റി നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ 2017-18 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. തോമാപുരം മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ ഉദ്ഘാടനം ചെയ്ത മാനേജിംഗ് കമ്മിറ്റിയിൽ അതിരൂപതാ ഓർഗനൈസർ ശ്രീ. ജെയ്സൺ പുളിച്ചമാക്കൽ കണക്കും അതിരൂപതാ ജോ. സെക്രട്ടറി ഷേർളിപാമ്പനാൽ റിപ്പോർട്ടും അവതരിപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ മേഖലകളിൽനിന്നുള്ള ഭാരവാഹികളെല്ലാവരും പങ്കെടുത്തു.

## മിഷൻ അസംബ്ലി

കുന്നോത്ത്, എടൂർ, തളിപ്പറമ്പ്, തോമാപുരം, വെള്ളരിക്കുണ്ട് സംഘടനാ ശാക്തീകരണത്തിന്റെ ഭാഗമായി ഫൊറോനതലത്തിൽ നടത്തുന്ന

മിഷൻ അസംബ്ലി 3.3.18ന് ഇരിട്ടി റീജണിലെ കുന്നോത്ത്, എടൂർ മേഖലക ളിലും, 11.3.18ന് കാഞ്ഞങ്ങാട് റീജണിലെ തോമാപുരം, വെള്ളരിക്കുണ്ട് മേഖ ലകളിലും നടത്തി. കുന്നോത്ത്, എടൂർ, തളിപ്പറമ്പ്, തോമാപുരം, വെള്ളരി ക്കുണ്ട് മേഖലകളിൽ നടന്ന മിഷൻ അസംബ്ലി റവ. ഫാ. ജോസഫ് ചാത്ത നാട്ട്, റവ. ഫാ. തോമസ് അട്ടേങ്ങാട്ടിൽ, റവ. ഡോ. അബ്രാഹം പോണാട്ട്, റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ, ഫാ. വർഗ്ഗീസ് മണ്ണാപറമ്പിൽ എന്നി വർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർമാരായ ഫാ. സേവ്യർപുത്തൻപുര യ്ക്കൽ, ഫാ. തോമസ് അട്ടേങ്ങാട്ടിൽ, ഫാ. ജോസഫ് റാത്തപ്പള്ളിൽ, ഫാ. മാത്യു ഓലിക്കൽ, ഫാ. വർഗ്ഗീസ് മണ്ണാപറമ്പിൽ, വൈസ്ഡയറകടർമാരായ സി. അനിത എഫ്സിസി, സി. മേഴ്സിലിൻ എഫ്സിസി, സി. ജോർളിറ്റ് എസ്ഡി, സി. ഡെന്ന എസ്എബിഎസ് എന്നിവരും മറ്റുമേഖലാഭാരവാഹി കളും മീറ്റുംഗുകൾക്ക് നേതൃത്വം നൽകി. ചെറുപുഷ്പമിഷൻലീഗിന്റെ 2018 -19 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ഗ്രൂപ്പ് മീറ്റിംഗുകൾ ശക്തീകരി ക്കേണ്ടതിനെക്കുറിച്ചുള്ള പ്രവർത്തനമാർഗരേഖ അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബിപ്ലാശ്ശേരി അവതരിപ്പിച്ചു.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

അദിലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച വരക്കാട്, ഉദയഗിരി, പേരട്ട, പെരുമ്പടവ്, പൂളക്കുറ്റി, നെല്ലിക്കാം പൊയിൽ ബളാൽ, ചെട്ട്യാംപറമ്പ്, കാഞ്ഞിരക്കൊല്ലി, ചൂരപ്പടവ്, കോലുവള്ളി, ജോസ്മൗണ്ട് എന്നീ ശാഖകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു...

## ശാഖാ സന്ദർശനങ്ങൾ

കാഞ്ഞങ്ങാട്, കാസർഗോഡ്, കോട്ടൂർവയൽ, ശ്രീകണ്ഠപുരം, ചേപ്പറമ്പ്, പാത്തൻപാറ, കരയത്തുംചാൽ, മഞ്ഞളാംപുറം, മണ്ഡപം, മേലെചൊവ്വ, ബഡൂർ, കരുവൻഞ്ചാൽ, വെമ്പുവ, വെണ്ണക്കല്ല്, എന്നീ ശാഖകളിൽ അതി രൂപതാഭാരവാഹികൾ സന്ദർശനം നടത്തി.

**പുതിയ ശാഖ:** സി.എം.എൽ. തലശ്ശേരി അതിരൂപതയിലെ 207-ാമത്തെ ശാഖയായി കുംബ്ല ശാഖയെ 23.2.18നു ചേർന്ന അതിരൂപതാ എക്സിക്യൂ ട്ടീവിൽ അംഗീകരിച്ചു. കുംബ്ല ശാഖ ഡയറക്ടറച്ചനും വൈസ് ഡയറക്ടർ, ശാഖാഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുത്തൻ പ്രവർത്തനവർഷത്തിന്റെ എല്ലാവിജയങ്ങളും ആശംസി ക്കുന്നു.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പമിഷൻലീഗിന്റെ 2018-19 വർഷത്തേയ്ക്കുള്ള ശാഖാ ഭാര വാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവ

സങ്ങളിൽ നടത്തി ഏപ്രിൽ 30ന് മുമ്പ് ലിസ്റ്റ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ദി ലീഡർ (നേതൃത്വപരിശീലന ശില്പശാല)

2018 മെയ് 9-12 തീയതികളിലായി അതിരൂപതയിലെ എയ്ഡഡ് സ്കൂളുകളിൽ 5,6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്നവരും വ്യത്യസ്തങ്ങളായ മേഖലകളിൽ മികവുതെളിയിച്ചവരുമായ ആദ്യം പേരുനൽകുന്ന 80 കുട്ടികൾക്കായി തലശ്ശേരി സന്ദേശഭവിൽ വച്ച് നേതൃത്വ പരിശീലന ശില്പശാല നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കാദമി ഫോൺ : 9496850441, 8281750777

മിഷൻലീഗ് ഓഫീസ് ഫോൺ : 8281255847

## 'തൂലിക - 2018' (സാഹിത്യ രചന ശില്പശാല)

പുത്തൻ തലമുറക്ക് അവരുടെ സാഹിത്യവാസനകളെ വളർത്തിച്ചെടുക്കുന്നതിനായി 2018 മെയ് 15, 16, 17 തീയതികളിൽ പടന്നക്കാട് പാസ്റ്ററൽ സെൻട്രലിൽവച്ച് സാഹിത്യരചന ശില്പശാല നടത്തുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 കുട്ടികൾക്ക് പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കാദമി ഫോൺ : 9496850441, 8281750777

മിഷൻലീഗ് ഓഫീസ് ഫോൺ : 8281255847

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും കുടിയേറ്റ അനുസ്മരണവും

തലശ്ശേരി അതിരൂപത പ്രഥമമെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് സംഘടിപ്പിച്ചിരിക്കുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രിയപ്പെട്ട കൂട്ടുകാർക്കും സ്വാഗതം. ബഹു. ശാഖാ വൈസ് ഡയറക്ടറും വൈസ് ഡയറക്ടർ സിസ്റ്റേഴ്സും പ്രത്യേക താത്പര്യമെടുക്കുമല്ലോ.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒരു വർഷത്തെ പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് അവധിക്കാലം ആഘോഷിക്കുവാനായി ഒരുങ്ങുമ്പോൾ ഉണ്ണീശോയെപ്പോലെ എല്ലാവരെയും സ്നേഹിക്കാൻ, എല്ലാവർക്കും നന്മചെയ്യാൻ, അങ്ങനെ വിശുദ്ധിയിൽ വള രാൻ ഉണ്ണീശോയുടെ കൊച്ചുകൂട്ടുകാർ നിരന്തരം പരിശ്രമിക്കുമല്ലോ. ഈ ഒരു വർഷം നമ്മൾ പരിശീലിച്ച ബാലനായ ഈശോയുടെ വ്യക്തിജീവിത ത്തിലുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങളെ സ്വന്തമാക്കി ക്കൊണ്ട് ആത്മീയതയുടെ പടവുകൾ ചവിട്ടിക്കയറുവാൻ കൂട്ടുകാർ മറക്ക രുതേ....കൊച്ചുകൂട്ടുകാർക്കെല്ലാവർക്കും സന്തോഷപ്രദമായ അവധിക്കാ ലവും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു...

## അഭിവന്ദ്യപിതാക്കന്മാരുടെതിരുനാൾ

ഏപ്രിൽ 24ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യപി താക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നു കൊണ്ട് ആശംസാകാർഡുകൾ അയ്ക്കുവാനും ഫോൺവിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കു മല്ലോ.

## ഈശോയെപ്പോലെ വളരാം .... വലുതാകാം.... Vol. 4

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെവളരാം.... വലു താകാം... എന്ന വർക്ക് ബുക്കിന്റെ നാലാംഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കു ന്നു. തിരുബാലസഖ്യം മാർഗ്ഗരേഖ ഈ വർക്ക് ബുക്കിന്റെ തുടർച്ചയായാണ് നൽകിയിരിക്കുന്നത്. 4-ാം ക്ലാസ്സ്വരെയുള്ള കുട്ടികൾക്ക് വേദപാഠബുക്കിന്റെ കൂടെ ഈ വർക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാ സ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠബുക്ക് - ഓർഡർ ചെയ്യുമ്പോൾ തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പി ക്കുന്നു....

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ



## യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

എല്ലാവർക്കും ഉത്ഥിതനായ യേശുവിന്റെ സമാധാനവും, നല്ലയൊരു യുവജനവർഷവും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

**യുവജനവർഷ ആപ്തവാക്യം**

യുവജനങ്ങൾ
ക്രിസ്തുവിനോടൊപ്പം
തിരുസഭയോടൊപ്പം
സമൂഹത്തോടൊപ്പം

**FORANE YOUTH ASSEMBLY**

ഫൊറോനാ യൂത്ത് അസംബ്ലികൾ നടത്താത്ത ഫൊറോനകൾ മെയ് 30ന് മുമ്പ് നടത്താൻ ശ്രദ്ധിക്കുമല്ലോ. നേരത്തെ അറിയിച്ചിരുന്നതുപോലെ അഭിവന്ദ്യ പിതാവിന്റെ date വാങ്ങുമല്ലോ.

## THE RISEN – 2018 മാർച്ച് 31 ദുഃഖശനിയാഴ്ച

എന്താണ് THE RISEN?

ഇടവകയ്ക്ക് പുറത്ത് വിവിധ ആവശ്യങ്ങൾക്കായി പോയിരിക്കുന്ന യുവജനങ്ങളെ എല്ലാ ദുഖശനിയാഴ്ചകളിലും ഇടവകയിലെ യുവജനങ്ങൾ ഒരുമിച്ച് ചേർത്ത് ബന്ധങ്ങൾ പുതുക്കുവാനും വിശ്വാസത്തിൽ വളരുവാനും സൗഹൃദം പങ്കുവയ്ക്കുവാനുമായി ഒരുക്കുന്ന കൂട്ടായ്മയാണ് THE RISEN.

മാർച്ച് 31 ദുഃഖശനിയാഴ്ച എല്ലാ ഇടവകകളിലും വികാരി അച്ചന്മാരുടെ നേതൃത്വത്തിൽ യുവജനങ്ങൾ ഒരുമിച്ചുകൂടുവാൻ ശ്രദ്ധക്കുമല്ലോ? യുവജനവർഷത്തിൽ പ്രവാസിയുവജനങ്ങളുമായി വിവിധ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുവാനും മറക്കരുതേ.

## മാർ വള്ളോപ്പള്ളി അനുസ്മരണം

ഏപ്രിൽ 3,4 തിയതികളിലായി മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ അനുസ്മരണത്തോടനുബന്ധിച്ച് അതിരൂപതാ എക്സിബിഷൻ വള്ളോപ്പള്ളി മ്യൂസിയത്തിൽവച്ച് നടത്തപ്പെടുന്നു. PRO-LIFE എന്ന വിഷ

യമാണ് യുവജന പ്രേഷിതത്വം അണിയിച്ചൊരുക്കുന്നത്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## വനിതാദിനം ഏപ്രൽ – 8

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതാ വനിതാദിനാചരണം ചെമ്പൻതൊട്ടി ഫൊറോനയുടെ ആതിഥേയത്വത്തിൽ സെന്റ് ജോർജ് ഫൊറോനാപള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. വനിതകൾക്കായി സെമിനാറുകളും, ബോധവത്ക്കരണ ക്ലാസുകളും ഉണ്ടായിക്കുന്നതിയിരിക്കും. രാവിലെ 9 മണിക്ക് പ്രോഗ്രാം ആരംഭിക്കുന്നു. ഉച്ചക്ക് 1 മണിക്ക് ഭക്ഷണത്തോടെ അവസാനിക്കും. രജിസ്ട്രേഷൻ ഫീസ് ഇല്ല. ഒരു ഫൊറോനയിൽ നിന്ന് 20 കുട്ടികളെ എങ്കിലും പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ. ഓരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ഏപ്രിൽ 5 ന് മുമ്പായി അതിരൂപതാ ഓഫീസിൽ നല്കേണ്ടതാണ്.

## എക്സ്പ്ലോറ – 2018

തലശ്ശേരി അതിരൂപതാ ഇലക്ഷൻ സെനറ്റ് ഏപ്രിൽ 13,14,15 വെള്ളി, ശനി, ഞായർ ദിവസങ്ങളിലായി നടത്തപ്പെടുന്ന കാര്യം അറിയിച്ചിരുന്നല്ലോ? ഏപ്രിൽ 13, വെള്ളിയാഴ്ച 6.30 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് സെനറ്റ് ആരംഭിക്കും. കൃത്യസമയത്ത് തന്നെ സെനറ്റ് അംഗങ്ങൾ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ക്യാമ്പിൽ ആദ്യാവസാനം വരെ പങ്കടുക്കുന്നവർക്ക് മാത്രമെ തെരഞ്ഞെടുക്കപ്പെടുവാനും തെരഞ്ഞടുക്കുവാനും അനുവാദം ഉണ്ടായിരിക്കുകയുള്ളു. ഐ ഡി കാർഡ്, ഫൊറോന ഡയറക്ടർമാരുടെയും യൂണിറ്റ് ഡയറക്ടർമാരുടെയും കത്തും നിർബന്ധമാണ്. 2018 ഫെബ്രുവരി 28 ന് മുമ്പ് അഫിലിയെഷൻ പൂർത്തിയാക്കിയ യൂണിറ്റിന് മാത്രമെ ഇലക്ഷനിൽ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു.

ആഗോള കത്തോലിക്കാസഭ യുവജനവർഷമായി പ്രഖ്യാപിച്ച ഈ വർഷം പൂർണ്ണമായും യുവജനങ്ങളോടൊപ്പമായിരുന്നുകൊണ്ട് പ്രവർത്തിക്കാൻ സന്നദ്ധതയും, സന്മനസും, സമയവും ഉള്ളവരെ മാത്രം അതിരൂപതാ ഭാരവാഹിത്വത്തിലേക്ക് പറഞ്ഞയക്കാൻ ബഹു. മേഖലാ ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ഇലക്ഷൻ വിജ്ഞാപനം

ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് 2018 വർഷത്തിൽ കെസിവൈഎം, എസ്എംവൈഎം പ്രസ്ഥാനത്തെ നയിക്കുവാൻ പ്രപ്തരായ പുതിയ നേതൃത്വനിരയെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി **യൂണിറ്റ് തലത്തിലും ഫൊറോനാതലത്തിലും ഇലക്ഷൻ സെനറ്റ് ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കാത്തവർ എത്രയും വേഗം ഇലക്ഷൻ**

**നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇടവകാ തലത്തിൽ ഡയറക്ടറും, ആനിമേറ്ററും, അൽമായ ആനിമേറ്ററും കൂടാതെ 18 നും – 30നും ഇട യിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്.**

## യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ

| | | |
|---|---|---|
| ഡയറക്ടർ | ആനിമേറ്റർ | അൽമായ ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| സെക്രട്ടറി | ട്രഷറർ | രണ്ട് കൗൺസലർമാർ (1 യുവാവ്, 1 യുവതി) |

എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവക സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതി യുവാക്കൻമാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേർ എങ്കിലും ഇരുകൂട്ട രുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേ ണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. അൽമായ ആനിമേറ്റർമാരെയും ഡയറക്ടറച്ചൻ നിയമിക്കേണ്ടതാണ്.

## ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങൾ

ഫൊറോനതലത്തിൽ ഡയറക്ടറും, ആനിമേറ്ററും, അൽമായ ആനി മേറ്ററും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യൂട്ടീവിൽ ഉണ്ടായിരിക്കുക.

| | | |
|---|---|---|
| ഡയറക്ടർ | ആനിമേറ്റർ | അൽമായ ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | ഡെപ്യൂട്ടി പ്രസിഡന്റ് |
| ജനറൽ സെക്രട്ടറി | സെക്രട്ടറി | ജോയിന്റ് സെക്രട്ടറി |
| ട്രഷറർ | രണ്ട് കൗൺസലർമാർ (1 യുവതി, 1 യുവാവ്) | |

എന്നിവർ ആയിരിക്കും ഫൊറോന ഭാരവാഹികൾ. യുവതീയുവാക്ക ളുടെ പ്രതിനിധിയായി 3 പേർ വീതമെങ്കിലും എക്സിക്യൂട്ടീവിൽ ഉണ്ടായി രിക്കണം. ഫൊറോനതലത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ ഒരേ തസ്തികയിൽ ഒരേ വ്യക്തി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

കത്തോലിക്കാ വിശ്വാസവും സ്വഭാവ ശുദ്ധിയും അർപ്പണബോധവും നേതൃത്വപാഠവവുമുള്ള വ്യക്തികളെയാണ് നേതൃത്വനിരയിലേക്ക് തെഞ്ഞെടുക്കേണ്ടത്

**പുതിയ ഫൊറോന ഭാരവാഹികളുടെ ലിസ്റ്റ് ഫൊറോന ഡയറക്ട റുടെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 9ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ഐ.ഡി കാർഡ് ഏപ്രൽ 9 വരെ തലശ്ശേരി അതിരൂപതാ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ് (അഫിലിയേഷനിൽ പേര് ഉണ്ടായിരിക്കണം).**

## കാൽവരി – കുരിശിന്റെ വഴി

തലശ്ശേരി അതിരൂപതാ കെസിവൈഎം, എസ്എംവൈഎം ന്റെ ആഭിമുഖ്യത്തിൽ ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മാർച്ച് 4-ാം തിയതി കൊട്ടത്തലച്ചി തീർത്ഥാടനം നടത്തി. രാഷ്ട്രീയ കൊലപാതകം മൂലം സമാധാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കണ്ണൂർ ജില്ലയ്ക്കുവേണ്ടി വിവിധ ഫൊറോനകളിൽനിന്നുമായി 600 ഓളം യുവജനങ്ങൾ പ്രാർത്ഥനാ നിർഭരരായി കുരിശിന്റെ വഴിയിൽ പങ്കുചേർന്നു. അതിരൂപതാ ഡയറക്ടർ ഫാ.സോണി വടശ്ശേരി, അതിരൂപതാ പ്രസിഡന്റ് ശ്രീ. എബിൻ കുമ്പക്കൽ, ചെറുപുഴ മേഖല ഡയറക്ടർ ഫാ. മാത്യു ആനകുത്തിയിൽ, ഫാ.ജോമിറ്റ് മഞ്ഞളാംകുന്നേൽ, ഫാ. ജോസഫ് കുഴിയാനിമറ്റത്തിൽ, അതിരൂപതാ ഭാരവാഹികൾ, ചെറുപുഴ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയും നേതൃത്വം നല്കി. കുരിശുമല തീർത്ഥാടനത്തിന് ആതിഥേയത്വവും, സഹകരണവും നല്കിയ ചെറുപുഴ ഫൊറോന ഡയറക്ടർ ബഹു. മാത്യു ആനകുത്തിയിൽ അച്ചനും, ചൂരപ്പടവ് പള്ളി വികാരി ജോമിറ്റ് മഞ്ഞളാംകുന്നേലച്ചനും, വിവിധ ഫൊറോനകളിൽ നിന്നും പങ്കെടുത്ത ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, വിവിധ ഫൊറോനകളിൽ നിന്നുവന്ന യുവജന സുഹൃത്തുക്കൾ കൊട്ടത്തലച്ചി തീർത്ഥാടന വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച മറ്റ് സഹോദരങ്ങൾ തുടങ്ങി എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ആത്മ-2018 സംസ്ഥാന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്

കെ സി വൈ എം എസ് എം വൈ എം സംസ്ഥാന സമിതിയുടെ ഈ വർഷത്തെ കർമ്മപദ്ധതികൾ ചർച്ചചെയ്യാനും, അസൂത്രണം ചെയ്യുവാനുമായി ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് കൂട്ടായ്മ ആത്മ-2018 മാർച്ച് 5ന് വാരാപ്പുഴ അതിരൂപതയുടെ ആതിഥേയത്വത്തിൽ എറണാകുളം ആശീർഭവൻ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, ആനിമേറ്റർ സി. സെലിൻ ചെല്ലംകോട്ടും പങ്കെടുത്തു.

## യുവജനവർഷ ബാനർ, ഫോട്ടോ, പ്രാർത്ഥനാകാർഡ്

യുവജന വർഷബാനർ, ഫോട്ടോ, പ്രാർത്ഥന, കെസിവൈഎം ഫ്ളാഗ് മുതലായവ ആവശ്യമുള്ളവർ അതിരൂപതാ കെസിവൈഎം ഓഫീസുമായി ബന്ധപ്പെടുക.

## യുവജനവർഷ ഉദ്ഘാടനം

പടന്നക്കാട് നല്ലിടയൻ ദൈവാലയത്തിൽവച്ച് മാർച്ച് 18ന് തലശ്ശേരി അതിരൂപത യുവജനവർഷം അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം, എസ്.എം.വൈ.എം

തലശ്ശേരി അതിരൂപതാ പ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസ് പതാക ഉയർത്തി ചടങ്ങുകൾക്ക് ആരംഭംകുറിച്ചു. 9.30ന് അതിരൂപതാ അദ്ധ്യക്ഷന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ച് യുവജനസന്ദേശം നല്കി. യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം, സഭയോടൊപ്പം, സമൂഹത്തോടൊപ്പ മാണ് നിലകൊള്ളണ്ടെതെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. വി. കുർബാ നയെ തുടർന്ന് അതിരൂപതാ പ്രസിഡന്റെ ശ്രീ. എബിൻ കുര്യക്കോസിന്റ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ അതിരൂപതാ ജനറൽ സെക്രട്ടറി അജിൻ അറയ്ക്കപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരി, വികാരിജനറാൽ മോൺ. ജോർജ് എളുക്കുന്നേൽ, കാഞ്ഞങ്ങാട് ഫൊറോന വികാരി റവ. ഫാ. മാത്യു ആലങ്കോട്ട്, ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, നല്ലിടയൻ ദൈവാലയ വികാരി ഫാ. ഷിന്റോ ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

ഉദ്ഘാടന ചടങ്ങിൽവച്ച് അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് യുവ ജനവർഷത്തിലെ പത്ത് കർമ്മപദ്ധതികൾ പ്രഖ്യാപിക്കുകയും യുവജന വർഷബാനർ അനഛാദനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ ഏറ്റവും പുതിയ പുസ്തകം 'സത്യമറിയാൻ-യുവ ജന സംശയങ്ങളും തിരുസഭയുടെ ഉത്തരങ്ങളും അഭിവന്ദ്യപിതാവ് വികാരി ജനറാൾ മോൺ. ജോർജ് എളുക്കുന്നേലിന് നൽകി പ്രകാശനം കർമ്മം നിർവ്വഹിച്ചു. യുവജനവർത്തോടനുബന്ധിച്ച് കാസർഗോഡ് റീജനിലെ നാല് ഫൊറോനകൾ ചേർന്ന് നടത്തുന്ന സ്വപ്നവീടു പദ്ധതിക്കും, ക്ലീൻ കാസർഗോഡ് പ്രൊജക്ടിനും അഭിവന്ദ്യ പിതാവ് തുടക്കം കുറിച്ചു.

സംസ്ഥാന സാഹിത്യമത്സരത്തിൽ വിജയികളായ ആദർശ് കുന്നത്ത്, ക്രിസ്റ്റി കോട്ടയിൽ, മൃദുല കുന്നപ്പള്ളി, ബോണി വടക്കേക്കര & ടീം എന്നി വർക്ക് മാർ. ജോർജ് ഞരളക്കാട്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കെസിവൈഎം സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി എയ്ഞ്ചൽ ചിറ ക്കതൊട്ടിയിൽ ചടങ്ങിന് നന്ദി അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ മാർ. ജോർജ് ആലഞ്ചേരി പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച്, സഭയെ സംരക്ഷിക്കു മെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് നൂറുകണക്കിന് യുവജനങ്ങൾ കൈകോർത്തുപിടിച്ച് സഭാ സംരക്ഷണ പ്രതിജ്ഞ ഏറ്റുചൊല്ലി.

അതിരൂപതാ യുവജനവർഷ ഉദ്ഘാടനത്തിന് സ്ഥലവും സൗകര്യവും ഒരുക്കിത്തന്ന് എല്ലാം ഭംഗിയായി നടത്താൻ ഞങ്ങളോടൊപ്പമുണ്ടായിരുന്ന വികാരിജനറാൽ മോൺ. ജോർജ് എളുക്കുന്നേൽ, നല്ലഇടയൻ ദൈവാലയ വികാരി ഫാ.ഷിന്റോ ആലപ്പാട്ട്, കാഞ്ഞങ്ങാട് ഫൊറോന കെസിവൈഎം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, തളിപ്പറമ്പ് ഫൊറോന ഡയറ ക്ടർ ഫാ. സിറിൽ കുറ്റിക്കൽ, ഫൊറോന ആനിമേറ്റർ സി.ജൂലി മരിയ എസ് എച്ച്, ഫൊറോന പ്രസിഡന്റ് നിഖിൽ സാബു, മറ്റു ഫൊറോന ഭാര

വാഹികൾ, പടന്നക്കാട് ഇടവക യുവജനങ്ങൾ, വിവിധ ഫൊറോനകളിൽ നിന്നും വന്ന ആനിമേറ്റേഴ്സ്, യുവജന സുഹൃത്തക്കൾ, നല്ലവരായ പടന്ന ക്കാട് ഇടവകാംഗങ്ങൾ എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറി യിക്കുന്നു.

> *"ചർച്ചകളും സംവാദങ്ങളും കൊണ്ട് നിങ്ങൾ സംതൃപ്തരാക രുത്. ഒരിക്കലും വരാനിടയില്ലാത്ത സന്ദർഭങ്ങൾക്കുവേണ്ടി നന്മ ചെയ്യാൻ കാത്തിരിക്കരുത്. പ്രവർത്തിക്കനുള്ള സമയം ഇതാണ്."*
>
> (ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ)

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

## അനുമോദനങ്ങൾ... ആശംസകൾ...





Bangalore Christ University-യിൽനിന്നും കൗൺസലിംഗ് സൈക്കോളജിയിൽ M. Phil ഉം Central University of Karnataka യിൽ നിന്നും Positive Psychologyയിൽ Ph.D ഉം പൂർത്തിയാക്കിയ തലശ്ശേരി പ്രൊവിൻസിലെ സി. റിൻസി അഗസ്റ്റിൻ എസ്.എച്ച്.,

റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽനിന്നും Ps 116/15 കേന്ദ്രമാക്കി ബിബ്ളിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച തല ശ്ശേരി പ്രൊവിൻസിലെ സി. ലിന്റാ പുളിക്കത്തടത്തിൽ എസ്.എച്ച്.,

ഫിലിപ്പിൻസിലെ മനില സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ എം. എസ്.എം.ഐ. തലശ്ശേരി പ്രൊവിൻസ് അംഗം സി. ജോണറ്റ് മരിയ എന്നിവർക്ക് അഭിനന്ദനങ്ങൾ.

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

***ഏവർക്കും ഉത്ഥാനതിരുന്നാളാശംസകൾ***

വിവാഹമെന്ന കൂദാശവഴി ക്രൈസ്തവ ദമ്പതികൾ സേവനമെന്ന രാജകീയ ദൗത്യത്തിൽ പങ്കുചേരുന്നു; അവരുടെ സാമൂഹികവും രാഷ്ട്രീയവുമായ ധർമ്മം ഇതിൽ അന്തർഭവിച്ചിരിക്കുന്നു. മാത്രമല്ല, തങ്ങൾക്ക് ആവഗണിക്കാനാവാത്ത ഒരു കൽപനയും തങ്ങളെ താങ്ങിനിർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഒരു കൃപാവരവും അവർ സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ ദരിദ്രരോടും പ്രതികൂല സാഹചര്യങ്ങളിൽ കഴിയുന്നവരോടും പ്രദർശിപ്പിക്കുന്ന പത്യേക പരിഗണനയിലൂടെ, സാമൂഹിക കാര്യങ്ങളിലുള്ള ഉദാരവും നിസ്വാർത്ഥവുമായ സമർപ്പണത്തിന് എല്ലാവരുടേയും മുമ്പിൽ സാക്ഷ്യം നൽകാൻ ക്രൈസ്തവ കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ദരിദ്രരായ എല്ലാവരോടുമുള്ള പ്രത്യേക സ്നേഹം വഴി, കർത്താവിനെ അനുഗമിക്കുന്നതിൽ അത് മുന്നേറണം. അങ്ങനെ വിശപ്പനുഭവിക്കുന്നവർ, ദരിദ്രർ, വൃദ്ധജനങ്ങൾ, രോഗികൾ, മയക്കുമരുന്നിന് അടിമകളായവർ, കുടുംബമില്ലാത്തവർ എന്നിവരുടെ കാര്യത്തിൽ അവർ പ്രത്യേകപരിഗണന കാണിക്കണം. സ്നേഹത്തിന്റെയും നന്മയുടെയും വിളനിലങ്ങളായി ഓരോ കുടുംബവും മാറുമ്പോഴാണ് ഈ ദൗത്യനിർവ്വഹണം സാധ്യമാവുക. അതിനുവേണ്ട പരിശീലനവും ബോദ്ധ്യങ്ങളും കുടുംബങ്ങൾക്ക് നൽകുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന 2018 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ഇടിനോടകം എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട വികാരിയച്ചനും മാതൃവേദി യൂണിറ്റിനും ലഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾ കർമ്മപദ്ധതിക്കനുസൃതമായി വിവിധതലങ്ങളിൽ എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണെ.

**1. 1. പങ്കാളിക്കൊപ്പം (ദമ്പതികളുടെ തുടർപരിശീലനം)**

ധ്യാനകേന്ദ്രങ്ങളുടെ സഹായത്തോടെ ദമ്പതീധ്യാനങ്ങൾ ക്രമീകരിക്കുക. ഉത്തമകുടുംബ ജീവിതം നയിക്കുന്ന ദമ്പതികളുടെ സഹായത്തോടെ പ്രായോഗിക പരിശീലനം നൽകുക. ദാമ്പത്യബന്ധം സുദൃഢമാക്കാൻ ആവശ്യമായ മനോഭാവങ്ങൾ വളർത്തിയെടുക്കാനുള്ള ശിൽപശാല. ദമ്പതികൾക്കിടയിലുള്ള വഴക്കുകൾ പരിഹരിച്ച് ഗാഢബന്ധരൂപീകരണത്തിനുള്ള

കൗൺസിലിംഗ്, പരിശീലനപരിപാടികൾ നടത്തുക. വിവിധപ്രായ വിഭാഗത്തിലുള്ള ദമ്പതികൾക്കായി (5 വർഷം, 15 വർഷം, 25 വർഷം ലരേ.) സെമിനാറുകൾ, ശിൽപശാലകൾ സംഘടിപ്പിക്കുക.

**2. പ്രചോദിനി 2018**

സ്ത്രീ ശാക്തീകരണത്തിനായി സമൂഹമൊന്നാകെ പ്രയത്നിക്കുന്ന ഇക്കാലത്ത് ഇച്ഛാശക്തിയുള്ള സ്ത്രീകളെ നേതൃത്വശേഷിയുള്ളവരാക്കി രൂപപ്പെടുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും, വിവിധങ്ങളായ നേതൃത്വ സ്ഥാനങ്ങളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ വനിതകൾക്കായി ഒരു നേതൃത്വപരിശീലനക്യാമ്പ് സംഘടിപ്പിക്കുന്നു. 2018 ഏപ്രിൽ 20 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 22 ഞായർ വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ആശയപരമായ അവബോധം നൽകുക മാത്രമല്ല പ്രായോഗിക പരിശീലനം നൽകുന്നതിലൂടെ നല്ല നേതാക്കളെ രൂപപ്പെടുത്തുക എന്നതാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. നേതൃത്വ പരിശീലന രംഗത്ത് പ്രഗത്ഭമായി പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതാംഗമായ റവ. ഫാ. വർഗ്ഗീസ് കാക്കല്ലിൽ & ടീം ആണ് പരിശീലനം നൽകുന്നത്. നേതൃത്വത്തിലേക്ക് കടന്നുവരാനാഗ്രഹിക്കുന്ന വനിതകളിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പരിശീലനത്തിന് അവസരം ലഭിക്കുക. ക്യാമ്പ് ഫീസ് 600 രൂപ.

**Contact Number : 0490 2343414, 9400206974, 9446679001**

**3. ഏലീശ്വാ ധ്യാനം**

ഗർഭസ്ഥരായിട്ടുള്ള യുവതികൾക്ക് ഉണർവ്വും കരുത്തുമേകുന്നതിനും അവരുടെ കുഞ്ഞുങ്ങളെ ദൈവമക്കളായി വളർത്തുന്നതിനുമായി 3 മാസം മുതൽ 9 മാസം വരെ പ്രായമുള്ള ഗർഭസ്ഥ ശിശുക്കളുള്ള ദമ്പതികൾക്കായി ധ്യാനം ക്രമീകരിച്ചിരിക്കുന്നു. ഗർഭാവസ്ഥയിൽ നൽകപ്പെടുന്ന ആത്മീയ ശുശ്രൂഷവഴി ഗർഭസ്ഥ ശിശുവിന്റെ വ്യക്തിത്വ രൂപീകരണം ഫലദായകമാക്കാൻ സഹായിക്കുന്നു. മാസത്തിൽ 1 വീതം ദ്വിദിന പരിശീലനമായാണ് ക്രമീകരിച്ചിരിക്കുന്നത്. വെള്ളിയാഴ്ച വൈകിട്ട് 4 മണിക്കാരംഭിക്കുന്ന ഏലീശ്വാ ധ്യാനം ഞായറാഴ്ച വൈകിട്ട് 4 മണിക്ക് അവസാനിക്കും.

**ഏലീശ്വാ ധ്യാനത്തിലെ വിവിധ വിഷയങ്ങൾ:**

1) ഗർഭാവസ്ഥയും അമ്മയുടെ ആരോഗ്യപരിപാലനവും - ഗൈനക്കോളജിസ്റ്റ്
2) ആരോഗ്യമുള്ള ശൈശവവും അനുഗ്രഹീത തലമുറയും - പീഡിയാട്രിഷൻ
3) ഗർഭിണിയുടെ മാനസികാരോഗ്യവും കുഞ്ഞിന്റെ വ്യക്തിത്വ വളർച്ചയും - സൈക്കോളജിസ്റ്റ്
4) മാതൃത്വവും പിതൃത്വവും ഒരു വെല്ലുവിളി - വൈദികൻ

5) ആന്തരീക സൗഖ്യം - വൈദികൻ
6) ആരോഗ്യകരമായ ഗർഭകാലശീലങ്ങൾ - വിദഗ്ദ വ്യക്തി
7) ഭാര്യാഭർതൃ - മാതാപിതാ ദൗത്യങ്ങളുടെ സമന്വയം - സമർപ്പിത

**നൽകപ്പെടുന്ന ഇതര ശുശ്രൂഷകൾ:**

വി. കുർബ്ബാന, കുമ്പസാരം, ദാമ്പത്യ കൗൺസിലിംഗ്, ദിവ്യകാരുണ്യാ രാധന, ജീവിതസാക്ഷ്യങ്ങൾ, ഗർഭകാല പ്രതിസന്ധികൾ പങ്കുവയ്ക്കൽ.

ശാരീരിക മാനസിക ആത്മീയ തലങ്ങളിൽ ആരോഗ്യമുള്ള കുഞ്ഞിനെ രൂപപ്പെടുത്താൻ സഹായിക്കുന്ന, ഗർഭിണികളുടെ വിവിധങ്ങളായ ആകുലതകൾക്ക് ആശ്വാസമേകി, ആത്മബലമേകി ആനന്ദത്തിലേക്ക് അവരെ നയിക്കുന്ന ഈ ശുശ്രൂഷയിൽ പങ്കെടുത്ത് ദൈവകൃപ നിറഞ്ഞ കുഞ്ഞുങ്ങൾക്ക് ജന്മമേകൂ. കോഴ്സ് ഫീസ് 600 രൂപ.

സ്ഥലം : പരിയാരം മദർഹോം
തീയതി : ഏപ്രിൽ 27 വെള്ളി 4 pm-29 ഞായർ 4 pm
**Contact Number: 0490-2343414, 9400206974, 9446679001, 9447607101**

**4) ഹോംമിഷൻ**

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ് ഹോംമിഷൻ. വിവിധങ്ങളായ അസ്വസ്ഥതകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അങ്ങനെ ആ കുടുംബത്തെ സമഗ്രവളർച്ചയിലേക്ക് നയിക്കാനും ഇതുവഴി സാധിക്കും.

**പേരാവൂർ**

പേരാവൂർ സെന്റ് ജോസഫ്സ് ഇടവകയിൽ മാർച്ച് 13 മുതൽ 24 വരെ തിരുഹൃദയ സന്യാസിനീ സമൂഹത്തിലെ 46 പേരടങ്ങുന്ന ടീമിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തുകയും കുടുംബങ്ങളെ പ്രാർത്ഥനയിലും വിശ്വാസത്തിലും ആഴപ്പെട്ട ജീവിതം നയിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്തു. കുടുംബാംഗങ്ങളുടെ ജീവിതാവസ്ഥകളും ദുഃഖങ്ങളും കേട്ടറിഞ്ഞ് ആശ്വാസവും സമാധാനവും പകർന്നു നൽകാൻ ഹോം മിഷൻ ഏറെ സഹായകരമായിരുന്നു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് കോവാട്ടും ബ്രദർ അജേഷ് തുരുത്തേലും.12-ാം തീയതി വൈകുന്നേരം ഹോം മിഷൻ നടക്കുന്ന ഇടവകയിൽ പോവുകയും ടീം അംഗങ്ങളെ പ്രാർത്ഥിച്ചൊരുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഇടവകയെ മുൻകൂട്ടി ഒരുക്കുകയും ഹോം മിഷൻ സുഗമമായി നടത്താൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും താൽപര്യപൂർവ്വം നടത്തുകയും ചെയ്ത ബഹു. വികാരി തോമസ് കൊച്ചുകരോട്ടച്ചനും കൊച്ചച്ചൻമാർക്കും, കൈക്കാരന്മാർക്കും, കോ-ഓർഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോം മിഷൻ നടത്തിയ സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും നേരുന്നു.

**ജീവിത ദർശന കൗൺസലിംഗ്**

അതിരൂപതാ ഹോമിഷൻ ടീം പേരാവൂർ ഇടവകയിൽ നടത്തിയ ഹോംമിഷനോടനുബന്ധിച്ച് ഇടവകയിലെ 50 കുട്ടികൾക്ക് ജീവിത ദർശന കൗൺസലിംഗ് നടത്തി. വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ ഉത്തമ വ്യക്തിത്വം വളർത്തിയെടുക്കാം എന്നതിനെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകി.

**5) ഫാമിലി കൗൺസിലിംഗ്**

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**6) ക്ലാസുകൾ, സെമിനാറുകൾ**

**മണിക്കടവ്**

ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച മണിക്കടവ് സെന്റ് തോമസ് ദേവാലയത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ അമ്മമാർക്കുവേണ്ടി നല്ല അമ്മമാർക്കുവേണ്ട ഗുണങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുക്കുകയും കുടുംബത്തിലും സമൂഹത്തിലും നിർണ്ണായകമായ ഇടപെടലുകൾ നടത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**വാണിയപ്പാറ**

വാണിയപ്പാറ ഉണ്ണിമിശിഹാ പള്ളിയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ മാർച്ച് 11-ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ അമ്മമാർക്ക് ക്ലാസെടുക്കുകയും മാതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപരിപാടികൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനുള്ള നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ഫാമിലി കമ്മീഷൻ മീറ്റിംഗ് - എറണാകുളം**

സാറോമലബാർ ഫാമിലി കമ്മീഷൻ 2018 മാർച്ച് 16-ാം തീയതി എറ

ണാകുളം മൗണ്ട് സെന്റ് തോമസിൽവച്ച് നടത്തിയ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ സംബന്ധിക്കുകയും വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ച് ചർച്ചയും വിലയിരുത്തലും നടത്തുകയും ചെയ്തു.

**കരയത്തുംചാൽ**

മാർച്ച് 18 ഞായറാഴ്ച കരയത്തുംചാൽ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽവച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്ക് ക്ലാസെടുക്കുകയും ചെയ്തു. 7.30ന് ആരംഭിച്ച പരിപാടി ഉച്ചയ്ക്ക് 12 മണിയോടെ സമാപിച്ചു.

**7) കെ.സി.ബി.സി വനിതാ കമ്മീഷൻ റീജിയണൽ സംഗമം - കുന്നമംഗലം**

ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കുന്നമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽവച്ച് വനിതാ കമ്മീഷൻ മലബാർ റീജണൽ സംഗമം നടത്തപ്പെട്ടു. ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ് സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ശ്രീമതി ലില്ലി കുളത്തുംപാട്ട്, ശ്രീമതി ഡെയ്സി മച്ചിയാനി, ശ്രീമതി ലില്ലിക്കുട്ടി നെടുംപെട്ടിൽ എന്നിവർ മീറ്റിംഗിൽ സംബന്ധിച്ചു.

## 2. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

814, 815 എന്നീ എം.പി.സി കോഴ്സുകൾ മാർച്ച് 6-8, 13-15 എന്നീ തീയ്യതികളിൽ യഥാക്രമം തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 89 ആൺകുട്ടികളും 117 പെൺകുട്ടികളും ഉൾപ്പെടെ ആകെ 206 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

**1) എം.പി.സി പേരന്റ്സ് മീറ്റ്**

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽവച്ച് മാർച്ച് 8, 15 എന്നീ തീയ്യതികളിൽ എംപിസി 814, 815 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിക്കുകയുണ്ടായി.

**2) പ്രീ മാരിറ്റൽ കൗൺസലിംഗ്**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 814, 815 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 41 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| APRIL | 17 - 19, 24 - 26 | Nil | 10 - 12 |
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**3. എം.പി.സി ബുക്ക് ചെയ്യേണ്ട വിധം**

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.പി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

എം.പി.സി. രജിസ്ട്രേഷൻ 9am ന് ആരംഭിക്കും. കൃത്യസമയത്ത് എത്തിച്ചേരാനായി ശ്രദ്ധിക്കുക. 10 മണിക്കുശേഷം വരുന്നവരെ കോഴ്സിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**Family Apostolate**
**Contact Number : 0490 2343414, Mob : 9400206974**

## 3. മാതൃവേദി

### 1) അഭയം

ഇടവകകളിൽ സാമ്പത്തികമായി പരാധീനതകളനുഭവിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് സഹായവും ആശ്വാസവും പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ ദൈവകരുണ പ്രവർത്തനങ്ങളിലൂടെ ആവശ്യത്തിലിരിക്കുന്നവരിലെത്തിക്കാൻ മാർച്ച് മാസത്തിൽ അമ്മമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

- ഒരു യൂണിറ്റ് തീർത്തും ദരിദ്രരായ ഒരു കുടുംബത്തെ വീതം ദത്തെടുക്കുക.
- ഒരു വർഷത്തേക്ക് ആ കുടുംബത്തിന് അത്യാവശ്യമായ സഹായങ്ങൾ (ഭക്ഷണസാധനങ്ങൾ, ചികിത്സാ സഹായം, വസ്ത്രങ്ങൾ etc.) പണം കയ്യിൽ ഏൽപിക്കാതെ ഭക്ഷണ സാധനങ്ങൾ വാങ്ങുന്ന കടകളിൽ ഏൽപിക്കുക.
- ഇടയ്ക്കിടെ ആ ഭവനം സന്ദർശിക്കുക.
- ശാരീരികമായി തീർത്തും വയ്യാത്തവരെങ്കിൽ അത്യാവശ്യം വേണ്ട വീട്ടുജോലികൾ, പറമ്പിലെ പണികൾ ചെയ്തുകൊടുക്കുക.

### 2. അന്താരാഷ്ട്ര വനിതാദിനം - മാർച്ച് 8

ലോകവനിതാദിനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപത മാതൃവേദിയും എ.കെ.സി.സിയും സംയുക്തമായി നടത്തിയ വനിതാദിന സെമിനാറും പ്രസംഗമത്സരവും മാർച്ച് 8-ാം തീയതി വ്യാഴാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോന വികാരി അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. മാതൃവേദി അതിരൂപത പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി അധ്യക്ഷത വഹിച്ചു. ഡോ. കെ.വി. ഫിലോമിന മുഖ്യ പ്രഭാഷണം നടത്തി. മാതൃവേദി അതിരൂപതാ ഡയറക്ടർ, എ.കെ.സി.സി ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറകത്ത്, എ.കെ.സി.സി അതിരൂപതാ പ്രസിഡണ്ട് ദേവസ്യ കൊങ്ങോല, ജോർജ്ജ് വടകര, ഡേവിസ് ആലക്കാടൻ എന്നിവർ പ്രസംഗിച്ചു. സ്ത്രീത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ നടന്ന പ്രസംഗമത്സരത്തിൽ 16 ഫൊറോനകളിൽ നിന്നായി 32 പേർ പങ്കെടുത്തു. ഓരോ ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 10 പേർ വീതം 160 പേരാണ് സെമിനാറിൽ പങ്കെടുത്തത്.

**വിജയികൾ**

ഒന്നാം സമ്മാനം :

ജെസ്സി ചെമ്മംകുളം (കിളിയന്തറ) - 2001 രൂപ, എവറോളിങ്ങ് ട്രോഫി

രണ്ടാം സമ്മാനം :

മിനി മംഗലത്തിൽ (കുന്നോത്ത്) - 1501 രൂപ, എവറോളിങ്ങ് ട്രോഫി

മൂന്നാം സമ്മാനം : നീതു പൂമുള്ളിൽ (കനകക്കുന്ന്) - 1001 രൂപ

**3) സീറോ മലബാർ മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവും മേഖലാ ആനിമേറ്റ്സ് സംഗമവും**

അതിരൂപതാ മാതൃവേദിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗും മേഖലാ ആനിമേറ്റേഴ്സ് സംഗമവും മാർച്ച് 10 ശനിയാഴ്ച തലശ്ശേരി സന്ദേശഭവനിൽവച്ച് നടന്നു. സീറോ മലബാർ മാതൃവേദി സെനറ്റ് അംഗം ശ്രീമതി ലൈസ സോജൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ സ്വാഗതം പറഞ്ഞു. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പ്രവർത്തന മാർഗ്ഗരേഖയും മാതൃവേദിയുടെ പരിഷ്കരിച്ച നിയമാവലിയും മാർ ജോർജ് ഞറളക്കാട്ട് പിതാവ് പ്രകാശനം ചെയ്തു. 2017ൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ മേഖലകൾക്കും ശാഖകൾക്കുമുള്ള സമ്മാനങ്ങൾ ആർച്ച് ബിഷപ്പ് വിതരണം ചെയ്തു.

| | |
|---|---|
| 2017 ലെ മികച്ച മേഖല - പേരാവൂർ<br>മികച്ച രണ്ടാമത്തെ „ - കാഞ്ഞങ്ങാട്<br>പ്രോത്സാഹന സമ്മാനം - കുന്നോത്ത് | മികച്ച ശാഖ - മഞ്ഞളാംപുറം<br>മികച്ച രണ്ടാമത്തെ ശാഖ -<br>കൊളക്കാട് |

2017 വർഷത്തിലെ പ്രാധാന പ്രവർത്തനങ്ങളായ മത്സ്യവർദ്ധിനി, ഹരിതം എന്നിവയ്ക്ക് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയവരെ പുരസ്കാരം നൽകി ആദരിച്ചു. തുടർന്ന് ഈ വർഷം നടപ്പാക്കുന്ന പദ്ധതികൾ ചർച്ച ചെയ്തു. ചടങ്ങിൽ പേരാവൂർ മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, മഞ്ഞളാപുറം യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കീഴാരത്തിൽ, അതിരൂപതാ മാതൃവേദി പ്രസിഡണ്ട് റെജി പോത്തനാമുഴി, സീന സുനിൽ, സി. ലിയ റോസ് എന്നിവർ പ്രസംഗിച്ചു.

**വിജയികൾ**

| | |
|---|---|
| **ഹരിതം** | 1-ാം സമ്മാനം : സെലിൻ ആന്റണി പാറയിൽ - മഞ്ഞളാംപുറം<br>2-ാം സമ്മാനം : അൽഫോൻസ കുഴിയാത്ത് - ചെട്ടിയാംപറമ്പ്<br>3-ാം സമ്മാനം : ഏലമ്മ ഇലവുങ്കൽ - കരയത്തുംചാൽ |
| **മത്സ്യവർദ്ധിനി** | 1-ാം സമ്മാനം : റോസമ്മ വെള്ളാപ്പാണി - മാങ്ങോട്<br>2-ാം സമ്മാനം : ഷർമിള ടോമി വാളുവെട്ടിക്കൽ - മഞ്ഞളാംപുറം<br>3-ാം സമ്മാനം : ലിസ്സി പൂവേലിൽ - രത്നഗിരി |

**4) മേഖലാ വാർഷികാഘോഷം – തോമാപുരം**

മാതൃവേദി രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തോമാപുരം മേഖലയുടെ വാർഷികാഘോഷവും ഏകദിന സെമിനാറും ചിറ്റാരിക്കൽ വെള്ളിയാപ്പള്ളി ഓഡിറ്റോറിയത്തിൽവച്ച് 2018 ഫെബ്രുവരി 21–ാം തിയ്യതി നടത്തപ്പെട്ടു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തോമാപുരം ഫൊറോന വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ടിയാമ്മാക്കൽ ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനത്തിൽ മേഖല ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. മാതൃവേദി അതിരൂപതാ ആനിമേറ്റർ സി. ലിയ റോസ്, ബ്രദർ അജേഷ് തുരുത്തേൽ എന്നിവർ പ്രസംഗിച്ചു. മേഖലാ പ്രസിഡണ്ട് ഡെയ്സി മച്ചിയാനിക്കൽ സ്വാഗതവും മേഖലാ ആനിമേറ്റർ സി. അനിറ്റ നന്ദിയും പറഞ്ഞു. തുടർന്ന് മേഖലാതല മത്സര വിജയികൾക്ക് ഫാ. ജോസഫ് വളയത്ത്, ഫാ. അലക്സ് നിരപ്പേൽ എന്നിവരുടെ നേതൃത്വത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. വാർഷിക സമ്മേളനത്തിന്റെ ഭാഗമായി തോമാപുരം അസി. വികാരി ഫാ. ജോസഫ് ആനചാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം പതിനാറ് ഇടവകകളിൽ നിന്നുള്ള മാതൃവേദി അംഗങ്ങൾ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു.

**5) ഫെമിന 2018 – ആലക്കോട്**

ആലക്കോട് മേഖലയുടെ നേതൃത്വത്തിൽ മാർച്ച് 9 ന് വനിതാദിനാഘോഷവും പഠന ശിബിരവും നടത്തി. ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ക്ലാസിന് നേതൃത്വം നൽകി. വനിതാദിനാഘോഷങ്ങളുടെ ഭാഗമായി നടത്തിയ പൊതുസമ്മേളനത്തിന് ശ്രീമതി ലാലി കക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. വിവിധ യൂണിറ്റുകളുടെ കലാപരിപാടികളും മേഖലാ മത്സരങ്ങളുടെ സമ്മാനദാനവും നടത്തി. സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ട ചടങ്ങിൽ 108 അമ്മമാർ സംബന്ധിച്ചു

**6) സ്ത്രീ ശാക്തീകരണ സെമിനാർ – ചെമ്പന്തൊട്ടി**

ചെമ്പന്തൊട്ടി ഫൊറോന മാതൃവേദിയുടെ നേതൃത്വത്തിൽ സ്ത്രീ ശാക്തീകരണ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ചെമ്പന്തൊട്ടി സെന്റ് ജോർജ്ജ് ദേവാലയ പാരിഷ് ഹാളിൽ ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെ ചടങ്ങ് ഉദാഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കുടുംബ ജീവിതത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് ഡോ. സി. ട്രീസ പാലയ്ക്കൽ എസ്.എച്ച്. ക്ലാസ് നയിച്ചു. ഫൊറോന ആനിമേറ്റർ സി. ലീന റോസ്, ജെസ്സി കുട്ടിയാനിയിൽ, തങ്കമ്മ കൊച്ചുവേലിക്കകത്ത് എന്നിവർ പ്രസംഗിച്ചു. ഫൊറോനയിലെ വിവിധ ദേവാലയങ്ങളിൽ നിന്നായി നൂറുകണക്കിനു മാതൃവേദി പ്രവർത്തകർ പങ്കെടുത്തു.

## 4. അമല പ്രോലൈഫ് - പ്രോലൈഫ് കൂട്ടായ്മകൾ

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രോലൈഫ് യൂണിറ്റുകൾ രൂപീകരിക്കാനും ജീവന്റെ മഹത്വവും മൂല്യവും ഉയർത്തിപ്പിടിച്ച് ജീവന്റെ സംരക്ഷകരായിത്തീരുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സഹകരിക്കുമല്ലോ. അതിരൂപതാ പ്രോലൈഫ് ടീം ഓരോ ഇടവകയിലും വൈകുന്നേരങ്ങളിൽ വന്ന് വി.കുർബ്ബാന ചൊല്ലി, ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസുകൾ, വീഡിയോ പ്രദർശനങ്ങൾ, അനുഭവവിവരണങ്ങൾ എന്നിവ നൽകി, ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രോലൈഫ് ടീം നയിക്കുന്ന ആരാധനയോടെ പരിപാടി സമാപിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകയിൽ ഈ പ്രോഗ്രാം എന്ന് നടത്താൻ കഴിയും എന്ന വിവരം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് (9400206974) അറിയിക്കുമല്ലോ. വൈകിട്ട് 5 മണി മുതൽ 8.30 വരെയുള്ള സമയം ക്രമീകരിച്ചാൽ മതിയാകും. ജീവന്റെ സംരക്ഷണത്തിനായുള്ള ഈ സംരംഭത്തിന് പരമാവധി പ്രോത്സാഹനം നൽകണെ.

**1) കണ്ണൂർ**

മാർച്ച് 2-ാം തിയ്യതി വെള്ളിയാഴ്ച കണ്ണൂർ സെന്റ് ഫ്രാൻസിസ് ഇടവകയിൽ പ്രോലൈഫ് കൂട്ടായ്മ നടത്തപ്പെട്ടു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ജീവന്റെ സംരക്ഷകരായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രോലൈഫ് കൂട്ടായ്മയിൽ അംഗങ്ങളാകേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും സംസാരിച്ചു. തുടർന്ന് ശ്രീ സണ്ണി കാര്യാടിയിൽ ക്ലാസ് നയിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധന നടത്തി. 9 മണിയോടെ യോഗം അവസാനിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

## ബധിരർക്കുവേണ്ടിയുള്ള ധ്യാനം

മദർഹോം ധ്യാനകേന്ദ്രത്തിൽവച്ച് ബധിര-മൂകരായ ആളുകൾക്കുവേണ്ടിയുള്ള ധ്യാനം 2018 ഏപ്രിൽ 20ന് നാലുമണി മുതൽ 22ന് ഉച്ചവരെ ഫാ. ജോർജ് കളരിമുറിയുടെ നേതൃത്വത്തിൽ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് - 250 രൂപ.

അന്വേഷണങ്ങൾക്ക് : 7506604885.

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തലശ്ശേരി അതിരൂപതയ്ക്ക് അംഗീകാരം**

വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ മികവിന് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷനും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും ഏർപ്പെടുത്തിയ അവാർഡ് തലശ്ശേരി അതിരൂപതയ്ക്ക് ലഭിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണ്ണയിച്ചിരിക്കുന്നത്. ചങ്ങനാശ്ശേരിയിൽ നടന്ന കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ന്യൂനപക്ഷ അവകാശ സംരക്ഷണ കൺവെൻഷനിൽ മലങ്കര കത്തോലിക്ക സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലികബാവ പുരസ്കാര സമർപ്പണം നിർവ്വഹിച്ചു. വിദ്യാഭ്യാസ മേഖലയിലെ തലശ്ശേരി അതിരൂപതയുടെ പ്രേഷിതശുശ്രൂഷയ്ക്കുള്ള അംഗീകാരമാണ്. ഈ അവാർഡ്. സന്തോഷകരമായ ഈ വാർത്തയ്ക്കു പിന്നിൽ സംഘാതമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചരിത്രമുണ്ട്.

നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയുടെ പ്രവർത്തന മികവല്ല ഈ നേട്ടങ്ങൾക്കു പിന്നിൽ വളരെയേറെ പേരുടെ പ്രയത്നങ്ങൾ ഉണ്ട്. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് മുതലുള്ള അഭിവന്ദ്യ പിതാക്കന്മാരും ഈ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് നേതൃത്വം നൽകിയ കോർപ്പറേറ്റ് മാനേജർമാരും ബഹു. അച്ചന്മാരും പ്രധാനദ്ധ്യാപകരും അധ്യാപക അനധ്യാപക സഹോദരങ്ങളും ഇടവക സമൂഹവും രക്ഷിതാക്കളുമെല്ലാം ഒരുമിച്ച് പ്രവർത്തിച്ചാണ് ഈ വിദ്യാഭ്യാസ സംവിധാനങ്ങളെ വളർത്തിയെടുത്തത്. ഈ അവാർഡിന് അങ്ങനെയൊരു ദീർഘകാല സേവനങ്ങളുടെയും ത്യാഗത്തിന്റെയും ചരിത്രമുണ്ട്.

സംസ്ഥാന തലത്തിൽ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രവർത്തനങ്ങളും ഏറ്റവും അഭിനന്ദാർഹമായ രീതിയിൽ നമ്മുടെ കോർപ്പറേറ്റ് ഈ കഴിഞ്ഞ അധ്യയന വർഷം നടപ്പിലാക്കി. കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമിതിയുടെ പ്രസിഡന്റ് ശ്രീ. സജീവ് സി.ഡി. സെക്രട്ടറി ശ്രീ. ജോബി ജോൺ എന്നിവരുടെ നേതൃത്വത്തിലുള്ള അതിരൂപത എക്സിക്യൂട്ടിവ് സമിതിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഈ അവാർഡ് നേടിയതിന് ഗിൽഡ് പ്രവർത്തകരെ അഭിനന്ദിക്കുന്നു.

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകണം. നമ്മുടെ ലക്ഷ്യം നമ്മുടെ എല്ലാ വിദ്യാലയ ങ്ങളെയും കൂടുതൽ മികവോടെ ഉയർത്തുകയാണ്. ബഹു. അച്ചന്മാരും ഇടവകാ സമൂഹവും ഓരോ വിദ്യാലയങ്ങളെയും വളരെയധികം ശ്രദ്ധിച്ച് പ്രോത്സാഹിപ്പിച്ച് സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നുണ്ട്. ഈ അവാർഡ് നിങ്ങളുടെ എല്ലാവരുടെയും വലിയ ത്യാഗപൂർണ്ണമായ സേവന ങ്ങൾക്കുള്ള അംഗീകാരമാണ്. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും, ജോസഫ് പാംപ്ലാനി പിതാവും നൽകുന്ന പ്രോത്സാഹനങ്ങൾ സജീവമായ നേതൃത്വത്തിനും പ്രത്യേകം നന്ദി പറയുന്നു.

## ശ്രീ. എൻ.ഡി സണ്ണി സാറിന് കെ. സി. ബി. സി. അവാർഡ്

മികച്ച ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകനുള്ള കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ അവാർഡിന് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി പ്രിൻസിപ്പാൾ ശ്രീ. എൻ.ഡി. സണ്ണിസാർ അർഹനായി. ചങ്ങനാശ്ശേരിയിൽ നടന്ന കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് കൺവെൻഷനിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോ ലികബാവയിൽ നിന്ന് അവാർഡ് സ്വീകരിച്ചു. കുന്നോത്ത് ഇടവക നെല്ലി ക്കുന്നേൽ കുടുംബാംഗമാണ് സണ്ണി സാർ. തലശ്ശേരി കോർപ്പറേറ്റ് വിദ്യാ ഭ്യാസ ഏജൻസിയുടെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡിനും സണ്ണിസാർ അർഹനായി. സാറിന് അഭിനന്ദനങ്ങൾ.

## റിട്ടയർ ചെയ്യുന്നവർക്കുള്ള ആദരവും അവാർഡ് വിതരണവും

തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിദ്യാ ലയങ്ങളിൽ സ്തുത്യർഹമായ രീതിയിൽ സേവനം അനുഷ്ഠിച്ചതിനുശേഷം വിരമിക്കുന്ന അധ്യാപക, അനദ്ധ്യാപകരെ ആദരിച്ചു. 10/03/2018 ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ മോൺ.ഡോ.അലക്സ് താരാ മംഗലം അധ്യക്ഷനായിരുന്നു. അധ്യാപനം വലിയ സൽക്കർമ്മമാണെന്നും സംസ്കാരമുള്ള തലമുറകളെ രൂപപ്പെടുത്തുന്നത് വിദ്യാലയങ്ങളും, കലാ ലയങ്ങളുമാണെന്നും വർഷങ്ങൾക്കു മുൻപ് തന്റെ അധ്യാപകനുമായി സംസാരിച്ച അനുഭവം പങ്കുവെച്ച് അച്ചൻ വിശദീകരിച്ചു. ചരിത്രത്തിന്റെ താളുകളിലെ ഗുരുനിരയിൽ സംഭാവന നൽകി വിരമിക്കുന്നവർ അവരുടെ ജ്ഞാനം പങ്കുവെച്ച് ഗുരുക്കൻമാരായി തുടർന്ന് സമൂഹത്തിന് ദിശാബോധം നൽകണമെന്ന് ആഹ്വാനം ചെയ്തു. ശിഷ്യഗണത്തിന് താങ്ങും തണലുമാ കുന്നതിനൊപ്പംസമൂഹത്തിന് താങ്ങും തണലുമേകുന്നതിനു വിരമിച്ച അധ്യാ പകർക്കു സാധിക്കും.

ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമമല്ല സർക്കാരുകൾ നടത്തുന്നതെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. ഈ രംഗത്തുള്ള ശുശ്രൂഷയെക്കുറിച്ച് അധ്യാപകർ കൂടുതൽ അവബോധമുള്ളവരായി മാറണം. സൻമാർഗ്ഗ, മതബോധന ക്ലാസ്സുകൾ ഭംഗിയായി നടത്തണം. കുട്ടികൾ വിവധ മതങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിലും അവരിൽ ദൈവചിന്ത വളർത്തി ദൈവാശ്രയബോധം ഉറപ്പിക്കണമെന്ന അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. അധ്യാപകരുടെ മാതൃകാപരമായ ജീവിതം കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ സ്വാധീനം ചെലുത്തും. നമ്മുടെ സ്കൂളുകൾ സുരക്ഷിതം ആയിരിക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു. കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള പോക്സോ മുതലായ നിയമങ്ങളെക്കുറിച്ച് അധ്യാപകസമൂഹം അവബോധമുള്ളവരാകണം. കൂടെ ജോലിചെയ്യുന്നവരോട് മാന്യമായി ഇടപെടുന്നതിനും എല്ലാവരെയും ഒറ്റക്കെട്ടായി നയിക്കുന്നതിനും പ്രധാനാദ്ധ്യാപകർക്ക് സാധിക്കണം. പ്രധാനാദ്ധ്യാപകർ മാനേജ്മെന്റിനോട് ചേർന്നു നിന്നുകൊണ്ട് കൂട്ടായ പ്രവർത്തനത്തിലൂടെ വിദ്യാലയത്തെ വിജയത്തിലെത്തിക്കണം. അവാർഡിനർഹരായ അധ്യാപകരെയും, സ്കൂളുകളെയും, പി.ടി.എയെയും പിതാവ് അഭിനന്ദിച്ചു.

കിളിയന്തറ സെന്റ് തോമസ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായ ശ്രീ. ജോസഫ് വി.ടി കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാർക്കുവേണ്ടി ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് വിരമിച്ചവർക്കുള്ള ഉപഹാരങ്ങൾ നൽകി. തോമാപുരം സെന്റ് തോമസ് എച്ച്.എസ്.എസ്. പ്രിൻസിപ്പൽ ശ്രീ മാത്യു സേവ്യർ റിട്ടയർ ചെയ്യുന്നവർക്കു വേണ്ടി മറുപടി പ്രസംഗം നടത്തി. മികച്ച സ്കൂളുകൾക്കും അധ്യാപകർക്കുമുള്ള പുരസ്കാരവിതരണത്തിനുശേഷം കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ശ്രീ. സജീവ് സി.ഡി. നന്ദി പറഞ്ഞു.

## മികച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡുകൾ

2017 – 2018 അധ്യയന വർഷത്തെ വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ട് സ്കൂളുകളിൽനിന്നും ലഭിച്ചു. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളെ കണ്ടെത്തിയിരിക്കുന്നു. അഭിനന്ദനാർഹമായ ഒട്ടേറേ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും നടന്നു. നമ്മുടെ സ്കൂളുകളെ മികവോടെ മുന്നോട്ട് കൊണ്ടു പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കും, പ്രധാനാധ്യാപകർക്കും, സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും.

ഈ വർഷം കോർപ്പറേറ്റ് തലത്തിൽ അവാർഡ് നേടിയ സ്കൂളുകളുടെയും, അധ്യാപക അനധ്യാപകരുടെയും, പി.ടി.എയുടെയും പേരുകൾ താഴെ ചേർക്കുന്നു.

**എൽ പി വിഭാഗം**

| | |
|---|---|
| സെന്റ് തോമസ് എൽപിഎസ്, തോമാപുരം | - ബെസ്റ്റ് സ്കൂൾ അവാർഡ് |
| നിർമ്മലഗിരി എൽപിഎസ്, വെള്ളരിക്കുണ്ട് | - എക്സലൻസ് അവാർഡ് |
| സെന്റ് മേരീസ് എൽപിഎസ്, എടൂർ | - എക്സലൻസ് അവാർഡ് |

**യു പി വിഭാഗം**

| | |
|---|---|
| വയത്തൂർ യുപിഎസ്, ഉളിക്കൽ | - ബെസ്റ്റ് സ്കൂൾ അവാർഡ് |
| സെന്റ് ജോസഫ്സ് യുപിഎസ്, കുന്നോത്ത് | - എക്സലൻസ് അവാർഡ് |
| സെന്റ് ജോസഫ്സ് യുപിഎസ്, വായാട്ടുപറമ്പ് | - എക്സലൻസ് അവാർഡ് |

**ഹൈസ്ക്കൂൾ വിഭാഗം**

| | |
|---|---|
| സെന്റ് ജ്യൂഡ്സ് എച്ച്.എസ്. വെള്ളരിക്കുണ്ട് | - ബെസ്റ്റ് സ്കൂൾ അവാർഡ് |
| സെന്റ് തോമസ് എച്ച്.എസ്. തോമാപുരം | - എക്സലൻസ് അവാർഡ് |
| സെന്റ് തോമസ് എച്ച്.എസ്. മണിക്കടവ് | - എക്സലൻസ് അവാർഡ് |

**ഹയർസെക്കണ്ടറി വിഭാഗം**

സേക്രട്ട് ഹാർട്ട് എച്ച് എസ് എസ് അങ്ങാടിക്കടവ് - ബെസ്റ്റ് സ്കൂൾ അവാർഡ്
സെന്റ് മേരീസ് എച്ച് എസ് എസ് എടൂർ - എക്സലൻസ് അവാർഡ്
സെന്റ് തോമസ് എച്ച് എസ് എസ് തോമാപുരം - എക്സലൻസ് അവാർഡ്

**എക്സലൻസ് അവാർഡ് (Small Schools)**

ഹോളി ഫാമിലി എൽപിഎസ്, നെല്ലിപ്പാറ
വിമല എസ്പിഎസ്, ഭീമനടി

**അധ്യാപകർക്കുള്ള അവാർഡുകൾ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ബിഷപ് വള്ളോപ്പിള്ളി
- എക്സലൻസ് അവാർഡ്

ശ്രീ. എൻ. ഡി. സണ്ണി, പ്രിൻസിപ്പാൾ
- സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ്. അങ്ങാടിക്കടവ്

ശ്രീമതി. തങ്കം സി.എ., ഹെഡ്മിസ്ട്രസ്സ്
- സെന്റ് ജോൺസ് യു.പി.എസ്. തൊണ്ടിയിൽ

ശ്രീ. ജേക്കബ് അഗസ്റ്റിൻ, ഹെഡ്മാസ്റ്റർ
- സെന്റ് ജോസഫ്സ് യു.പി.എസ്. വായാട്ടുപറമ്പ്

**പ്രത്യേക പുരസ്കാരങ്ങൾ**

ശ്രീ. തോമസ് കെ.എ., ഡ്രോയിംഗ് ടീച്ചർ
- ദേവമാതാ എച്ച്.എസ്. പൈസക്കരി

ശ്രീമതി. ടി.കെ. ചിന്നമ്മ, യു.പി.എസ്.എ.
- ചെറുപുഷ്പം യു.പി.എസ്., ചെമ്പന്തൊട്ടി

ശ്രീമതി. ഷേർലി തോമസ്, എച്ച്.എസ്.എ.
– സെന്റ് ജ്യൂഡ്സ് എച്ച്.എസ്., വെള്ളരിക്കുണ്ട്

**ബെസ്റ്റ് പി.ടി.എ. അവാർഡ്**

സെന്റ് ജ്യൂഡ്സ് എച്ച്.എസ്., വെള്ളരിക്കുണ്ട്
സെന്റ് തോമസ് എച്ച്.എസ്., തോമാപുരം
സെന്റ് തോമസ് എൽ.പി.എസ്., തോമാപുരം

**സ്കൂൾ ഓഫീസ് പ്രവർത്തനങ്ങൾ**

നമ്മുടെ സ്കൂൾ ഓഫീസുകളിൽ നിന്ന് കാര്യക്ഷമവും സത്വരവുമായ സേവനങ്ങൾ പൊതുസമൂഹവും റിട്ടയർ ചെയ്ത അധ്യാപകരും നിലവിലുള്ള അധ്യാപകരും പ്രതീക്ഷിക്കുന്നുണ്ട്. വളരെ ഭംഗിയായി ഓഫീസ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന കൂറെ സ്കൂളുകളുണ്ട്. എന്നാൽ ചില സ്കൂളിലെ ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല.

പ്രധാന അധ്യാപകരും, ഓഫീസ് സ്റ്റാഫും ഓഫീസ് രേഖകൾ ഉചിതമായ രീതിയിൽ ക്രമീകരിക്കുക എന്നതാണ് സേവനം കാര്യക്ഷമമാക്കുക എന്നതിന്റെ ആദ്യപടി. ഈ അധ്യയനവർഷം വിദ്യാലയവിലയിരുത്തലിനായി സ്കൂളിൽ എത്തിയപ്പോൾ ഓരോ സ്കൂളിലെയും ഡോക്യുമെന്റേഷന്റെ അവസ്ഥ കൃത്യമായി മനസ്സിലാക്കാൻ സാധിച്ചു. ഓഫീസ് രേഖകൾ സംരക്ഷിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടത്ര ശ്രദ്ധയില്ലാത്തവരുണ്ട്. ഈ അവധിക്കാലത്തിന്റെ തുടക്കത്തിൽ തന്നെ അധ്യാപകരുടെ സഹകരണത്തോടെ ഓഫീസ് രേഖകൾ ക്രമീകരിക്കാനും ഫയൽ നമ്പർ സിസ്റ്റം നടപ്പിലാക്കാനും ശ്രദ്ധിക്കണം.

ഈ വർഷം റിട്ടയർ ചെയ്യുന്നവരുടെ സർവ്വീസ് ബുക്കുകൾ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് അയച്ചെന്ന് കരുതുന്നു. റിട്ടയർ ചെയ്യുന്നവർക്ക് ജൂൺ മാസത്തിൽ തന്നെ പെൻഷൻ ലഭിക്കണമെന്ന ചിന്തയോടെ വിദ്യാഭ്യാസ ഓഫീസുകളുമായി ബന്ധപ്പെട്ട് രേഖകൾ നീക്കണം. ഏതൊക്കെ രേഖകളാണ് ഇത് സംബന്ധിച്ച് നൽകേണ്ടത് എന്ന് പഠിക്കുകയാണ് പ്രധാനം. പലരേഖകളും ഉൾപ്പെടുത്താതെയും അശ്രദ്ധമായി കൈകാര്യം ചെയ്ത് തെറ്റുകൾ വരുത്തിയും ഫയലുകൾ നീക്കുമ്പോൾ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വൈകാൻ ഇടയാകും. വിദഗ്ധരായവരോട് കാര്യങ്ങൾ ചോദിച്ച് പഠിച്ച് സേവനങ്ങൾ യഥാസമയം നൽകാൻ ശ്രദ്ധിക്കണം. ചില സ്കൂൾ ഓഫീസുകൾ ഇക്കാര്യത്തിൽ വളരെ മാതൃകാപരമായാണ് പ്രവർത്തിക്കുന്നത്.

റിട്ടയർ ചെയ്യുന്ന പ്രധാന അധ്യാപകർ ഏറ്റവും അടുത്ത ദിവസം തന്നെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെ ഓഡിറ്റിന് ക്ഷണിക്കണം. അധ്യാപകരുടെ

സർവ്വീസ് സംബന്ധമായ വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിലേക്ക് പോകുമ്പോൾ ഓഫീസ് സ്റ്റാഫ് ഓരോ അധ്യാപകരിൽ നിന്ന് പണം സ്വീകരിക്കുന്ന രീതി നമ്മുടെ ചില സ്കൂളുകളിൽ ഉണ്ടെന്ന പരാതിയുണ്ട്. പ്രധാനാധ്യാപകർ നമ്മുടെ സ്കൂളുകളിൽ ഇപ്രകാരമൊരു പ്രവർത്തനശൈലി ഉണ്ടെങ്കിൽ അത് നിർത്തലാക്കണം. പകരം വിവിധ ആവശ്യങ്ങൾക്കായി പോകുന്ന ഓഫീസ് സ്റ്റാഫിന് സ്കൂളിൽ ഒരു പൊതുഫണ്ട് ക്രമീകരിച്ച് അതിൽ നിന്ന് ഉചിതമായ യാത്രബത്ത നൽകണം. അധ്യാപകർക്ക് ഈ പൊതുഫണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.

ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് കൃത്യമായ പ്ലാനുണ്ടാക്കണം. അതുവഴി ആവർത്തിച്ച് വിവിധ ഓഫീസുകളിലേക്കുള്ള യാത്രയുടെ എണ്ണം കുറയ്ക്കാനാകും. പ്രധാനാധ്യാപകർ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അറബി യു പി സുവർണ്ണ ജീബിലി വർഷത്തിൽ

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അറബി സെന്റ് ജോസഫ്സ് യു പി സ്കൂൾ കൂടുതൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സുവർണ്ണ ജൂബിലി സ്മാരക കെട്ടിടത്തിന്റെ ശിലാഫലകം അനാച്ഛാദനം ചെയ്ത് സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനം നാടമുറിച്ച് പുതിയ സ്കൂൾ കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് അദ്ധ്യക്ഷൻ ആയിരുന്നു. ഉളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷേർളി അലക്സാണ്ടർ മുൻ അധ്യാപകർ, ജനപ്രതിനിധികൾ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

സ്കൂൾ കെട്ടിടനിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹു. ജോമി ജോസഫ് തൊട്ടിയിലച്ചന് പ്രത്യേകം നന്ദി പറയുന്നു. അച്ചനോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച കൈക്കാരൻമാർ, കമ്മിറ്റിക്കാർ, ഇടവകസമൂഹം, അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ തുടങ്ങിയ എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചതുകൊണ്ടാണ് ഈയൊരു വലിയ സംരംഭം വിജയകരമായി പൂർത്തിയായത്. അഭിനന്ദനങ്ങളും കൃതജ്ഞതയും അറിയിക്കുന്നു.

## വയത്തൂർ യു പി സ്കൂളിന് പുതിയ കെട്ടിടം

മികച്ച യു.പി. സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട് ഉളിക്കൽ വയത്തൂർ യു. പി. സ്കൂളിന് ബഹുമാനപ്പെട്ട ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ

കൂടുതൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിച്ചു. ബഹു. മാത്യു പോത്താനമല അച്ചന്റെ നേതൃത്വത്തിലാണ് സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായത്. പള്ളിപണി, പാരീഷ് ഹാൾ നിർമ്മാണം, സെമിത്തേരി നിർമ്മാണം എന്നിങ്ങനെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിലും ഉളിക്കൽ ഇടവകാസമൂഹം ഇരുപ്പക്കാട്ട് അച്ച നോടൊപ്പം സഹകരിച്ച് കെട്ടിടനിർമ്മാണത്തിന്റെ രണ്ടാംഘട്ടം പൂർത്തി യാക്കി. ആകർഷകമായ രീതിയിൽ വിദ്യാലയം പരിസരവും നവീകരിക്കുന്ന തിന് നേതൃത്വം നൽകിയ കൈക്കാരന്മാർ, കമ്മിറ്റിക്കാർ, അധ്യാപകർ, രക്ഷി താക്കൾ എല്ലാവരെയും ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

പുതിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് 16-03-2018ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേള നത്തിൽ കോർപ്പറേറ്റ് മാനേജർ അധ്യക്ഷനായിരുന്നു. അഭിവന്ദ്യ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. പൂർവ്വ വിദ്യാർത്ഥി കളായ പേരാവൂർ നിയോജകമണ്ഡലം അഡ്വ. സണ്ണി ജോസഫ്, ശ്രീ. സി. ജെ. ജോസ് ഐ.എ.എസ്, ജനപ്രതിനിധികൾ എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. റിട്ടയർ ചെയ്ത അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സംഗമത്തിന് ഈ സമ്മേളനം അവസരം ഒരുക്കി. റിട്ടയർ ചെയ്ത ആദ്യകാല അധ്യാപിക സീതക്കുട്ടി ടീച്ചറിനെ പൂർവ്വ വിദ്യാർത്ഥിയായ അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. ആദരിച്ചു. 1950ൽ ആരംഭിച്ച വയത്തൂർ യു.പി. സ്കൂളിലെ ആദ്യബാച്ചിൽ അംഗമായിരുന്ന ശ്രീ. പത്രോസ് കൊടിയംകുന്നേലിനെ ശ്രീ. എം.പി. ചന്ദ്രാഗതൻ ആദരിച്ചു.

**തോമാപുരം എൽ.പി. സ്കൂളിന് കുട്ടികളുടെ പാർക്ക്**

ഏറ്റവും മികച്ച എൽ.പി. സ്കൂളിനുള്ള അവാർഡ് നേടിയ തോമാപുരം എൽ.പി.സ്കൂളിന് കുട്ടികളുടെ പാർക്ക് നിർമ്മിച്ചു. പി.ടി.എ.യുടെയും അധ്യാ പകരുടെയും നേതൃത്വത്തിലാണ് പാർക്ക് നിർമ്മാണം പൂർത്തിയായത്. കുട്ടി കളുടെ പാർക്കിന്റെ ഉദ്ഘാടനവും, വെഞ്ചിരിപ്പും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നിർവ്വഹിച്ചു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

സ്നേഹ. ബഹു. അച്ചന്മാരേ പ്രിയ സുഹൃത്തുക്കളെ,

ശൈശവദശയിലായിരിക്കുന്ന **സാൻജോസ് അക്കാഡമിയ്ക്ക്** നിങ്ങൾ ഓരോരുത്തരും നൽകുന്ന സ്നേഹനിർഭരമായ പിൻതുണയ്ക്കും അകമഴിഞ്ഞ പ്രോത്സാഹനത്തിനും സ്നേഹപൂർവ്വം നന്ദിപറയുന്നു. ഒരു മാസം പിന്നിടുമ്പോൾ സാൻജോസ് അക്കാഡമിയെപ്പറ്റി നമ്മുടെ അതിരൂപതയുടെ അകത്തും പുറത്തുമുള്ള അനേകം ആളുകൾ അറിയുവാനും അന്വേഷിക്കുവാനും ഇടയായത് നിങ്ങൾ ഓരോരുത്തരും നൽകിയ വലിയ പിന്തുണകൊണ്ടുതന്നെയാണ് എന്നത് എടുത്തുപറയട്ടെ. ഈ അടുത്ത നാളുകളിൽ സാൻജോസ് അക്കാഡമി ആരംഭിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ച് ചില വിവരങ്ങൾ അറിയിക്കട്ടെ.

## 1. Bridge + (ബ്രിഡ്ജ് പ്ലസ്)

ഈ വർഷം S.S.L.C പരീക്ഷ എഴുതി ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പഠനത്തിനായി ചേരുന്ന കുട്ടികൾക്ക് സയൻസ് വിഷയങ്ങളിൽ Entrance Orinted Coaching ക്ലാസ്സുകൾ **Bridge+** എന്ന പേരിൽ ആരംഭിക്കുകയാണ്. ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി മേഖലയിൽ കുന്നോത്ത് ഹയർസെക്കണ്ടറി സ്കൂളിലും കാസർഗോഡ് ജില്ലയിൽ തോമാപുരം ഹയർസെക്കണ്ടറി സ്കൂളിലുമായി പഠനസൗകര്യം ക്രമപ്പെടുത്തുകയാണ്. ***2018 ഏപ്രിൽ 16,17*** തിയതികളിലായി ക്ലാസുകൾ രണ്ടു സെന്ററുകളിലും ആരംഭിക്കുന്നതാണ്. 2018 –19 അദ്ധ്യയന വർഷത്തിലെ അവധി ദിവസങ്ങളിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന എൻട്രൻസ് പരീക്ഷ ലക്ഷ്യമിട്ടുള്ള ഒരു പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. കേരളത്തിലെ മികച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നതാണ്. കോഴ്സ് ഫീസ് 20000 രൂപയാണ്. മികച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതായിരിക്കും. താമസസൗകര്യം ക്രമപ്പെടുത്തുന്നതാണ്. കൂടുതൽ വിശദാംശങ്ങൾക്ക് ഫോൺ : 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്. ഏകദേശം 80 തോളം സീറ്റുകളിലേക്ക് ആളുകൾ എത്തിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഇടവകകളിലെ മുഴുവൻ A+ അതിനടുത്തും A+

ലഭിക്കാൻ സാധ്യതയുള്ള മിടുക്കരെ ഈ പരിപാടിയിൽ പങ്കെടുപ്പിക്കാനായി അഭ്യർത്ഥിക്കുന്നു.

## 2. KTET, NET, SET Exam Crash Coaching

**a) NET, SET Exam Crash Coaching** - പോസ്റ്റ് ഗ്രാജ്യുവേഷൻ കഴിഞ്ഞവരോ അവസാനവർഷം പഠിച്ചുകൊണ്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ജൂലായ് 8-ാം തിയതി നടത്തപ്പെടുന്ന **NET** പരീക്ഷയ്ക്ക് ഒരുക്കമായി ജനറൽ പേപ്പറിന്റെ ക്രാഷ് കോച്ചിംങ് 2018 മെയ് 21-30 വരെ ഇരിട്ടി സെന്റ് ജോസഫ്സ് ദേവാലയ ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണിമുതൽ 4 മണിവരെ നടത്തപ്പെടുന്നതാണ്. പ്രഗല്ഭ അദ്ധ്യാപകർ ക്ലാസുകൾ നയിക്കുന്നതായിരിക്കും. സീറ്റുകളുടെ എണ്ണം 100 മാത്രം. ഫീസ് 3000 രൂപ. മെയ് 10 നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**b) KTET Exam Coaching** - ഈ വരുന്ന ആഗസ്റ്റ് മാസത്തിൽ KTETപരീക്ഷ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2019 ജൂൺ മുതൽ KTET അധ്യാപക നിയമനത്തിന് നിർബന്ധ മാനദണ്ഡം ആക്കുകയാണ്. KTET നടത്തിയ പരീക്ഷാവിജയത്തിന്റെ സഹായത്തിനായി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പരീക്ഷാപരിശീലനങ്ങൾ ആരംഭിക്കുക യാണ്. ഇതിന്റെ ഭാഗമായി KTET പരിശീലനം **2018 ഏപ്രിൽ 9 മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ**വച്ച് ആരംഭിക്കുകയാണ്. പ്രഗത്ഭ അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നതാണ്. കഴിഞ്ഞവർഷം KTET- നുവേണ്ടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ പരിശീലന ങ്ങളിൽ പങ്കെടുത്തവരിൽ 33 പേർ മികച്ച വിജയങ്ങൾ നേടിയെടുത്തിരുന്നു. ഇതുപോലെ കൃത്യമായ പരിശീലന പരിപാടികളെപ്പറ്റി പള്ളികളിൽ വിവരം അറിയിക്കുകയും ഉദ്യോഗാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. 80 പേർക്കാണ് സീറ്റുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഫീസ് 9000 രൂപ. രജിസ്ട്രേഷൻ കേന്ദ്രം: സാൻജോസ് അക്കാഡമി, സന്ദേശഭവൻ, Ph: 8281750777, 9496850441, 8281730777.

## 3. സാൻജോസ് സ്മാർട്ട് (SANJOSE SMART)
## കുട്ടികൾക്കുവേണ്ടിയുള്ള പരിശീലന ശില്പശാലകൾ

**a) The leader** - ആദ്യസംരംഭമായി നമ്മുടെ അതിരൂപതയിലെ ആറാം ക്ലാസു മുതൽ ഒൻപതാം ക്ലാസു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 09-05-2018 (ബുധൻ) വൈകുന്നേരം 6 മണി മുതൽ 12-05-2018 (ശനി) 1 മണി വരെ നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ശില്പശാല തലശ്ശേരി സന്ദേശഭവനിൽവച്ച് The leader എന്ന പേരിൽ നടത്തപ്പെടുന്നു. സീറ്റുകൾ

80 പേർക്ക് മാത്രം. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 500/ രൂപ.

**b) തൂലിക 2018** - പുത്തൻ തലമുറയിലെ കുഞ്ഞുങ്ങളുടെ സാഹിത്യ-അഭിനയ വാസനകളെ വളർത്തിയെടുക്കുവാനായി സാൻജോസ് അക്കാഡമിയുടെയും, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ അതിരൂപത യിലെ V - X വരെ ക്ലാസുകളിൽ പഠിക്കുന്ന 80 കുട്ടികൾക്ക് പടന്നക്കാട് റീജണൽ പാസ്റ്ററൽ സെന്ററിൽവച്ച് സാഹിത്യ അഭിനയ ശില്പശാല സംഘടിപ്പിക്കുന്നു. പരിശീലന തീയതി : 15-05-2018 10 am മുതൽ 17-05-2018 4 pm വരെ. രജിസ്ട്രേഷൻ ഫീസ് 500/ രൂപ.

## നന്ദിപൂർവ്വം

അതിരൂപതയുടെ വിവിധ റീജണൽ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെട്ട പിഎസ്സി കൺവെൻഷനുകളിൽ 150 ഓളം പേർ പങ്കെടുക്കുകയുണ്ടായി. ഈ പരിപാടിയുടെ വിജയത്തിനായി പിന്തുണ നൽകിയ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. ജെയിംസ് ചെല്ലങ്കോട്ടച്ചനും എല്ലാ ബഹു. ഫൊറോന വികാരിയച്ചൻമാർക്കും, ഇടവക വികാരിയച്ചന്മാർക്കും ക്ലാസുകൾ നയിച്ച റവ. ഫാ. അഡ്വ. തോമസ് പുതിയാപറമ്പിലിനും, ശ്രീ. സാബുമാസ്റ്റർ ചെല്ലങ്കോട്ടിനും പ്രത്യേകം നന്ദിപറയുന്നു. ഇതിന്റെ ഭാഗമായി ഇനിയും ഇത്തരത്തിലുള്ള കൂട്ടായ്മകൾ ചേരുന്നതിനെ സംബന്ധിച്ചുള്ള ഭാവി പരിപാടികൾ ക്രമപ്പെടുത്തി വരുന്നു. വിവിധ പിഎസ്സി പരീക്ഷകൾ എഴുതേണ്ടതിനെസംബന്ധിച്ചും അതിനുവേണ്ടി ഒരുങ്ങേണ്ടതിനെ സംബന്ധിച്ചും കൂടുതൽ അവബോധം നമ്മുടെ ഇടയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ബഹു. വികാരിയച്ചൻമാർ ഈ കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഇടവക സമൂഹത്തെ ഓർമ്മിപ്പിക്കുമല്ലോ.

ഈ വരുന്ന അവധിക്കാലങ്ങളിൽ യുവജനങ്ങൾക്കും കുട്ടികൾക്കുമായി ക്രമപ്പെടുത്തുന്ന പ്രത്യേക പരിശീലനപദ്ധതികളിലൂടെ തമ്പുരാന്റെ ഉപരി മഹത്വത്തിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. ഏവർക്കും സമാഗതമാകുന്ന ഈസ്റ്ററിന്റെ മംഗളങ്ങൾ ആശംസിക്കുന്നു!!!

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

തലശ്ശേരി അതിരൂപതയുടെ അഭിമാന സ്ഥാപനങ്ങളായ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും, എം.ബി.എ. കോളേജും അക്കാദമിക മികവിലും അച്ചടക്കത്തിലും കേരളത്തിലെ മുൻനിര കോളേജുകളുടെ പട്ടികയിൽ ഇടംനേടിക്കഴിഞ്ഞു. 6 ബ്രാഞ്ചുകളിൽ ബി.ടെക്കും, 6 ബ്രാഞ്ചുകളിൽ എം.ടെക്കും, എം.ബി.എയും ഇവിടെ ഉണ്ട്. 50 ഏക്കറിലധികം വരുന്ന ക്യാമ്പസിൽ എല്ലാവിധ ആധുനിക ഭൗതിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വിമൽ ജ്യോതിയെ ഒരു സെന്റർ ഓഫ് എക്സലൻസ് – മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമത്തിലാണ്. എൻ.ബി.എ. അക്രഡിറ്റേഷൻ ലഭിച്ചതോടെ ബി. ടെക് ഓണേഴ്സ്, പി.എച്ച്.ഡി. പഠനവും ഇപ്പോൾ ഇവിടെ നടക്കുന്നു.

**വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി**

തലശ്ശേരി അതിരൂപതാ അസംബ്ലിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ചും, അഭിവന്ദ്യ പിതാവിന്റെ താല്പര്യത്തെ മാനിച്ചും വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിക്ക് നമ്മൾ രൂപം കൊടുത്തിരിക്കുന്നു. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഡ്യയിലെ ഏറ്റവും പ്രമുഖ സിവിൽ സർവ്വീസ് ട്രെയിനിംഗ് സ്ഥാപനമായ ആൾട്ടർനേറ്റീവ് ലേണിംഗ് സിസ്റ്റം (ALS) വുമായി വിമൽ ജ്യോതി ധാരണാപത്രം ഒപ്പുവച്ചിരിക്കുന്നു. ഡിഗ്രി പഠനത്തോടൊപ്പം ത്രിവത്സര ഇന്റഗ്രേറ്റഡ് ഫൗണ്ടേഷൻ പ്രോഗ്രാമും, ഡിഗ്രി കഴിഞ്ഞവർക്ക് ഒരുവർഷ ഫുൾടൈം കോഴ്സുമാണ് നടത്തുന്നത്. അതോടൊപ്പം UPSC, PSC, KAS (കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്) പരീക്ഷകൾക്ക് വേണ്ട പരിശീലനവും നൽകുന്നു. കൂടുതൽ വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും ലഭ്യമാണ്.

**എൻജിനീയറിംഗ് എൻട്രൻസ് റെസിഡൻഷ്യൽ ക്രാഷ് കോഴ്സ്**

മുൻ വർഷങ്ങളിലേതുപോലെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ ആഭിമുഖ്യത്തിൽ ഈ വർഷവും റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് നടത്തുന്നു. ഏപ്രിൽ 2 മുതൽ 21 വരെയാണ് ക്ലാസ്സുകൾ. എൻട്രൻസ് പരിശീലന രംഗത്ത് നിരവധി വർഷത്തെ പരിചയമുള്ള പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബഹു. വൈദികരുടേയും, ബഹു. സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിൽ കോളേജിൽ എല്ലാ കുട്ടികൾക്കും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ ഏപ്രിൽ 2-ാം തീയതി 2 മണിക്കും 4 മണിക്കും ഇടയിലായി രക്ഷാകർത്താവു സഹിതം കോളേജിൽ എത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് ഫീസ് + സ്റ്റഡി മെറ്റീരിയൽസ് + താമസം + ഭക്ഷണം എന്നിവയടക്കം 8500/- രൂപ രജിസ്ട്രേഷൻ സമയത്ത് അടക്കേണ്ടതാണ്. പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സിലെ ഫിസിക്സ്, കെമിസ്ട്രി, മാത്സ് ടെക്സ്റ്റ് ബുക്കുകൾ കൊണ്ടുവരുന്നത് നല്ലതാണ്. വ്യക്തിപരമായ ആവശ്യത്തിനുള്ള സൗധനങ്ങളും കരുതിയിരിക്കണം.

**ബി.ടെക്, എം.ടെക് അഡ്മിഷൻ 2018**

വിമൽ ജ്യോതിയിൽ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. യോഗ്യരായ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി റിസർവ്വ് ചെയ്യാവുന്നതാണ്. ഫീസ് സെമസ്റ്ററായി അടയ്ക്കുവാനുള്ള സൗകര്യമുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും നൽകുന്നതാണ്. കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക.

**എം.ബി.എ അഡ്മിഷൻ**

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. എൻട്രൻസ് യോഗ്യതാ പരീക്ഷ പാസ്സാകാത്ത ബിരുദധാരികൾ അടുത്ത കെ-മാറ്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ട സമയമാണിത്, ശ്രദ്ധിക്കുക.

**മെഗാ മാനേജ്മെന്റ് ഫെസ്റ്റ് കർമ്മാന്ത 2018**

കേരളത്തിലെ 25 കോളേജുകളിൽ നിന്നായി 200ലധികം കുട്ടികൾ പങ്കെടുത്തു. വിമൽ ജ്യോതിയുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിൽ ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിനോടനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ പാലക്കാട് ലിഡ്സ് കോളേജ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സമാപനദിവസം എം.ബി.എ കോളേജ് ഓഡിറ്റോറിയത്തിൽ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**ടെക് ഫെസ്റ്റ് 2018**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ 6 ബ്രാഞ്ചുകളുടെയും ടെക്ഫെസ്റ്റും പ്രോജക്ട് എക്സിബിഷനും, വിവിധ മത്സര ഇനങ്ങളും ബ്രാഞ്ച് അടിസ്ഥാനത്തിൽ നടത്തപ്പെട്ടു. പല പ്രോജക്ടുകളും വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു. പ്രതിഭാശാലികളായ യുവ എൻജിനിർമാരുടെ മികവു തെളിയിക്കുന്നതിനുള്ള ഒരു വേദിയായിരുന്നു ടെക്ഫെസ്റ്റ് 2018.

**അഭിനന്ദനങ്ങളും ആശംസകളും**

ആൾ ഇന്ത്യ GATE പരീക്ഷയിൽ വിജയം നേടിയ വിദ്യാർത്ഥികളെയും, അദ്ധ്യാപകരെയും കോളേജ് ചെയർമാനും, പ്രിൻസിപ്പാളും അഭിനന്ദിച്ചു.

**വിമൽ ജ്യോതി എൻഎസ്.എസ് പ്രവർത്തകർ ചെമ്പേരി പുഴ ശുചീകരിച്ചു**

ചെമ്പേരി പാലം മുതൽ കോളേജ് വരെയുള്ള ഭാഗം എൻ.എസ്.എസ്. വോളണ്ടിയർമാർ വൃത്തിയാക്കി. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിന്റെ സഹായത്തോടെ നീക്കം ചെയ്തു. വിമൽ ജ്യോതി യൂണിറ്റ് കോർഡിനേറ്റർമാരായ അസി. പ്രൊഫ. തോമസ് ജോൺ, ജാൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**പ്ലേസ്മെന്റ് വാർത്തകൾ**

- ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന Evobi Automation എന്ന കമ്പനി മാർച്ച് 9ന് വിമൽ ജ്യോതി ക്യാമ്പസിൽ നടത്തിയ റിക്രൂട്ട്മെന്റിൽ പങ്കെടുത്തവരിൽ 5 പേർക്ക് ജോലി ലഭിച്ചു.

- മാർച്ച് 20ന് കൊച്ചിയിലുള്ള Accenta എന്ന കമ്പനി വിമൽ ജ്യോതിയിൽ വച്ചു നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 20 കുട്ടികൾക്ക് ജോലി ലഭിച്ചു.
- തുടർന്നുള്ള ദിവസങ്ങളിലും വിവിധ കമ്പനികൾ ക്യാമ്പസ് റിക്രൂട്ട്മെന്റി നായി വിമൽ ജ്യോതിയിൽ എത്തുന്നതാണ്.

## വിമൽ ജ്യോതിയിൽ അന്തർദേശീയ കോൺഫ്രൻസ്

ഈ മാസം 23,24 തീയതികളിൽ IEEE കേരള ചാപ്റ്ററിന്റെ ആഭിമുഖ്യ ത്തിൽ വിമൽ ജ്യോതിയിലെ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വ ത്തിൽ രാജ്യാന്തര സെമിനാർ നടന്നു. വിമൽ ജ്യോതിയുടെ രക്ഷാധികാരി യും, തലശ്ശേരി അതിരൂപതാ മെത്രാപ്പൊലീത്തയുമായ മാർ. ജോർജ് ഞര ളക്കാട്ട് അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനം, കേരളാ അനർട്ട് ഡയറ ക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. സിങ്കപ്പൂർ നൻയാംങ്ങ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി പ്രൊഫസർ Dr. Meng Joo, മലേഷ്യ ഡാറ്റ സയൻസ് & മൾട്ടിമീഡിയ യൂണിവേഴ്സിറ്റി ചെയർമാൻ Dr. Chin Kuan Ho എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ നടത്തി. ചൈന, സിങ്കപ്പൂർ, മലേ ഷ്യ, ടാൻസാനിയ, എത്യോപ്യ, ഇറാൻ, അമേരിക്ക, ലിത്വാനിയ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും പ്രബന്ധ ങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിനകത്തും, പുറത്തും, വിദേ ശത്തുനിന്നുമായി 200-ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോളേജ് ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, ഇലക്ട്രിക്കൽ വിഭാഗം മേധാവി പ്രൊഫ. ലാലി ജെയിംസ്, പ്രൊഫ. ഡോ. ജസ്റ്റിൻ സുനിൽ ദാസ് എന്നിവർ ആശംസകൾ നേർന്നു.

## ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ സന്നിധിയിൽ യുവജന വർഷ ത്തിനു തുടക്കംകുറിച്ചു

വിമൽ ജ്യോതിയിലെ ജീസസ് യൂത്ത് പ്രവർത്തകർ അഡ്മിനിസ്ട്രേ റ്റർ ബഹു. ജിനു അച്ചനോടൊപ്പം കേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്ര ങ്ങൾ സന്ദർശിക്കുന്നതിനിടെ മാർച്ച് 19ന് അൽഫോൻസാമ്മയുടെ സന്നിധി യിൽ തിരിതെളിച്ചുകൊണ്ട് യുവജന വർഷത്തിനു തുടക്കം കുറിച്ചു. പ്രിയ പ്പെട്ട ജിനു അച്ചനും, ബിബിനച്ചനും, സി. നോയലിനും അഭിനന്ദനങ്ങൾ.

## സ്കൂൾ കുട്ടികൾക്ക് സമ്മർ @ വിമൽ ജ്യോതി

തലശ്ശേരി അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശാനുസരണം വിമൽ ജ്യോതിയിൽ ഹൈസ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് ഒരുക്കിയിരിക്കുന്നു. ഹൈസ്ക്കൂൾ കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനും നേതൃത്വ പരിശീലനം നേടുന്നതിനുമായി ഏപ്രിൽ 17,18 തീയതികളിൽ ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച് ഇഷ്ട മുള്ള മേഖലയിൽ പരിശീലനം നൽകുന്നതാണ്. കോളേജ് ബസ് ഓടുന്ന റൂട്ടുകളിൽ വരുന്നതിനും, പോകുന്നതിനും ബസ് സൗകര്യം പ്രയോജന പ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഉൾപ്പെടെ എല്ലാം സൗജന്യമായിരിക്കു മെന്ന് കോളേജ് ചെയർമാൻ അറിയിക്കുന്നു.

**ഫാ. തോമസ് മേൽവെട്ടം**

ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## 1. യാത്രയയപ്പു സമ്മേളനം നടത്തി

നിർമ്മലഗിരി കോളേജിൽനിന്ന് ഈ വർഷം വിരമിക്കുന്ന പ്രിൻസിപ്പാൾ ഡോ. എൻ.ജെ. സലീന, ഹിസ്റ്ററി വിഭാഗം മേധാവി ഡോ. ഷാജിമോൻ ടി. ജെ., സുവോളജി വിഭാഗം മേധാവി ഡോ. സാലി ജോർജ് എന്നിവർക്ക് കോളേജ് മാനേജ്മെന്റും സ്റ്റാഫും ചേർന്ന് യാത്രയയപ്പു നല്കി. 20.03.2018 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മാർ വള്ളോപ്പിള്ളി ഹാളിൽ നടന്ന യോഗത്തിൽ കോളേജ് മാനേജർ ബിഷപ്പ് ജോസഫ് പാംപ്ലാനി അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയും കോളേജ് രക്ഷാധികാരിയുമായ മാർ ജോർജ് ഞറളക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ. ജോബി ജേക്കബ്, ബർസാർ ഫാ. പോൾ വള്ളോപ്പിള്ളി, സിൻഡിക്കേറ്റ് മെമ്പർ ഡോ. ജോൺ ജോസഫ്, സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ഡോ. അജോയ്കുമാർ കെ.എൻ. മുൻ പ്രിൻസിപ്പാൾമാരായ റവ. ഡോ. എം.ജെ. മാണി; ഡോ. ജോസ്ലെറ്റ് മാത്യു പൂർവ്വവിദ്യാർത്ഥി പ്രതിനിധി കുമാരി ജോസഫീന എന്നിവർ പ്രസംഗിച്ചു. വിരമിച്ച അദ്ധ്യാപകർക്കുള്ള ഉപഹാരസമർപ്പണം രക്ഷാധികാരിയും മാനേജരും ചേർന്ന് നിർവ്വഹിച്ചു.

## 2. Wetland ദിനാഘോഷം

സുവോളജി ഡിപ്പാർട്ട്മെന്റും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി & എൻവിറോൺമെന്റും സംയുക്തമായി വെറ്റ്ലാൻഡ് ദിനം ആഘോഷിച്ചു. seek മുൻ ഡയറക്ടറും പ്രശസ്ത പരിസ്ഥിതി പ്രവർത്തകനുമായ ശ്രീ പത്മനാഭൻ ടി.പി. പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രവർത്തകനായ ഡോ. ഇ. ഉണ്ണികൃഷ്ണൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. സുവോളജി ഡിപ്പാർട്ടുമെന്റിൽ നിന്നു വിരമിക്കുന്ന വകുപ്പ് മേധാവി ഡോ. സാലി ജോർജ്ജിനോടുള്ള ബഹുമാനാർത്ഥമാണ് പ്രസ്തുതദിനം ആഘോഷിച്ചത്. ഡോ. സാലി ജോർജ് പ്രോഗ്രാം കോർഡിനേറ്ററായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. എൻ. ജെ. സെലീന അദ്ധ്യക്ഷത വഹിച്ചു.

## 3. ഏകദിന സെമിനാർ

ഈ അദ്ധ്യയന വർഷം വിരമിക്കുന്ന കോളേജ് പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന, ഹിസ്റ്ററി വകുപ്പ് മേധാവി ഡോ. ഷാജിമോൻ ടി.ജെ. എന്നിവരോടുള്ള ആദരസൂചകമായി ഇക്കണോമിക്സ് വകുപ്പും ഹിസ്റ്ററി വകുപ്പും മാർച്ച് 12,16 തീയതികളിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. 'Dynamics of labour market' എന്ന വിഷയത്തെ ആസ്പദമാക്കി ഇക്ക

ണോമിക്സ് വിഭാഗം നടത്തിയ സെമിനാറിന്റെ ക്ലാസുകൾക്ക് നേതൃത്വം നൽകിയത് കാസർഗോഡ് ഗവൺമെന്റ് കോളേജിലെ ഇക്കണോമിക്സ് വകുപ്പ് മേധാവി ഡോ. ഹരികുറുപ്പ് കെ.കെ.ആണ്. 'Mapping Historical Tellicherry: Vistas of olity, economy and culture' എന്ന വിഷയത്തെ സംബന്ധിച്ച് ഹിസ്റ്ററി വകുപ്പും സെമിനാർ ഒരുക്കി. ഡോ. ജോയി വർക്കി (NAM, Kallikandy), ഡോ. എ. വൽസൻ (Rtd. Principal, Govt. College, Thalassery), ഡോ. ഗിരീഷ് വിഷ്ണു നമ്പൂതിരി (HOD, Govt. Brennan College ) എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### 4. ഡോക്ടറേറ്റ് നേടി

ഹിന്ദി വിഭാഗം അദ്ധ്യാപിക എംഎസ്. സുജാമറിയാമ്മ ജോഷ്വാ, സുവോളജി വിഭാഗം അദ്ധ്യാപിക എംഎസ്. ജിംലി സി ജേക്കബ് എന്നിവർ ഡോക്ടറേറ്റ് നേടി.

### 5. JRF നേടി

രണ്ടാം വർഷ എംഎസി ഫിസിക്സ് വിദ്യാർത്ഥി ശ്രീ. തേജസ് കെ. കെ. ഇക്കഴിഞ്ഞ CSIR - UGC പരീക്ഷയിൽ JRFനേടി. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രിൻസിപ്പൽ അഭിനന്ദനങ്ങൾ അറിയിച്ചു.

### 6. സയൻസ് ദിനാഘോഷം

ഫിസിക്സ് ഡിപ്പാർട്ട്മെന്റും KSCSTE യും സംയുക്തമായി സയൻസ് ദിനം ആഘോഷിച്ചു. മടപ്പള്ളി ഗവൺമെന്റ് കോളേജിലെ മുൻ വകുപ്പ് മേധാവി പ്രൊ. കെ.പാപ്പൂട്ടി ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരവും നടത്തി.

### 7. മാർ വള്ളോപ്പിള്ളി അനുസ്മരണപ്രഭാഷണം

ഈ അദ്ധ്യായന വർഷത്തെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണപ്രഭാഷണം കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ.എൻ.ജെ.സെലീന അധ്യക്ഷത വഹിച്ചു. ബർസാർ ഫാ. പോൾ വള്ളോപ്പിള്ളി, സിൻഡിക്കേറ്റ് മെമ്പർ ഡോ. ജോൺ ജോസഫ്, വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജേക്കബ്, പ്രൊഫ. കെ.ജെ ജോസഫ്, ഡോ. കെ. എൻ. അജോയ്കുമാർ, കോളേജ് യൂണിയൻ ചെയർമാൻ കെ.വി. അനസ്, ടി.ജെ. ജയിംസ്, ജോൺസൺ ജോർജ് എന്നിവർ പ്രസംഗിച്ചു.

### 8. Patrons day ആഘോഷിച്ചു

നിർമ്മലഗിരി കോളേജ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ പേട്രൻസ് ദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് പേട്രൻ മാർ ജോർജ്

ഞരളക്കാട്ട് സന്നിഹിതനായിരുന്ന ചടങ്ങിൽ, പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന ഡോ. കെ.എൻ. അജോയ്കുമാർ, ജോൺസൺ ജോർജ് എന്നിവർ സംസാരിച്ചു.

**9. Orientation Program**

Wipro കാമ്പസ് റിക്രൂട്ട്മെന്റിന്റെ ഭാഗമായി മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി വൺഡേ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ രഞ്ജിത്ത് കേശവ് (CEO, Insights Job Guru) വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

**10. കണ്ണൂർ യൂണിവേഴ്സിറ്റി ജിംനാസ്റ്റിക് വിജയികൾ**

കണ്ണൂർ യൂണിവേഴ്സിറ്റി പുരുഷവിഭാഗം ജിംനാസ്റ്റിക് മത്സരത്തിൽ നിർമ്മലഗിരികോളേജ് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**11. IQAC സെമിനാർ**

നിർമ്മലഗിരി കോളേജ് അദ്ധ്യാപകർക്കായി IQAC യുടെ നേതൃത്വത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. NAAC Consultant, Dr. R. Selvam (Former Dean, Bishop Heber College, Trichy) ക്ലാസ്സ് നയിച്ചു. പ്രിൻസിപ്പൽ ഡോ. എൻ.ജെ.സെലീന, IQAC കോഡിനേറ്റർ ഡോ. മിനി ജോസഫ് എന്നിവർ സംസാരിച്ചു.

**12. വനിതാദിനാഘോഷം**

അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് നിർമ്മലഗിരി കോളേജ് വിമൻ സെല്ലിന്റെ നേതൃത്വത്തിൽ വനിതാദിനം ആഘോഷിച്ചു. സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച ഒരു ക്ലാസ് 'കനൽ' എന്ന NGO അവതരിപ്പിച്ചു. പ്രൊഫ. ലൂസി ഫ്രാൻസിസ്, ഡോ. സുജ മറിയാമ്മ ജോഷ്വാ, ഡോ. സാലി ജോർജ്, മിസ്. ജോസഫീന എന്നിവർ സംസാരിച്ചു.

**13. പ്രഭാഷണം നടത്തി**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'Science and Logical fallacies' എന്ന വിഷയത്തെക്കുറിച്ച് KFRIലെ ശാസ്ത്രജ്ഞൻ ഡോ. ടി.വി. സജീവ് പ്രഭാഷണം നടത്തി. വകുപ്പ് അധ്യക്ഷൻ ഡോ. കെ.എൻ.അജോയ്കുമാർ അധ്യക്ഷത വഹിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# കരിസ്മാറ്റിക് നവീകരണരംഗം

## നവീകരണമുന്നേറ്റം കണ്ണൂർ സോൺ

രൂപതപ്രാർത്ഥന ദിനമായ മാർച്ച് 16ന് പ്രാർത്ഥനനിറവോടെ ആലക്കോട് നിന്നും തളിപ്പറമ്പിലേക്ക് നടത്തിയ കുരിശിന്റെവഴി പദയാത്ര സെന്റ് മേരീസ് ദൈവാലയത്തിൽ സോൺ ആനിമേറ്റർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അനുഗ്രഹപ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്തു ആലക്കോട് സബ്സോൺ ആനിമേറ്റർ ഫാ. ഷിനോജ് തുണ്ടത്തിൽ ആശീർവാദം നൽകുകയും ചെയ്തു.

ചെമ്പംതൊട്ടി സെന്റ് ജോർജ് ദൈവാലയത്തിൽനിന്നും തുടങ്ങിയ കുരിശിന്റെ വഴി പദയാത്രയെ സെന്റ് ജോർജ് പള്ളി വികാരി റവ. ഫാ. ജോസ് മാണിക്കത്താഴെ ആശീർവദിച്ച് അയച്ചു.

പിലാത്തറ വ്യാകുലമാത ദൈവാലയത്തിൽനിന്നും തളിപ്പറമ്പിലേക്ക് ആരംഭിച്ച കുരിശിന്റെ വഴി പദയാത്രയെ ഫാ. ജോയി പൈനാടത്ത് ആശീർവദിച്ച് അയച്ചു. 3.30ന് തളിപ്പറമ്പ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ എത്തി ചേർന്ന കുരിശിന്റെ വഴിക്ക് വികാരി റവ. ഫാ. അബ്രാഹം പോണാട്ട് സമാപന ആശീർവാദം നൽകി. വി. കുർബാനയും വചനസന്ദേശവും അതിരൂപത വികാരിജനറാൾ മോൺ. അലക്സ് താരാമംഗലം നിർവ്വഹിച്ചു. നൂറുകണക്കിന് വിശ്വാസികൾ ഈ പരിത്യാഗ കുരിശിന്റെ വഴിയിൽ പങ്കുചേർന്നു.

## കുരിശിന്റെവഴി പൈസക്കരി സബ്സോൺ

മാർച്ച് 21ന് ജോസ് മൗണ്ട് സെന്റ് ജോസഫ് ദൈവാലയത്തിൽനിന്നും ഫാ. പീറ്റർ കൊച്ചുവീട്ടിൽ ആശീർവദിച്ചു അയച്ച കുരിശിന്റെ വഴി - പാടാംകവല, ചന്ദനക്കാംപാറ, ഏറ്റുപാറ, പൈസക്കരി, പയ്യാവൂർ കരുണയുടെ പള്ളി എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് വെമ്പുവ മാർസ്ലീവ ദൈവാലയത്തിൽ 4 മണിക്ക് എത്തിച്ചേർന്നു. ഫാ. സണ്ണി പുന്നൂര് സമാപനസന്ദേശവും ആശീർവാദം സബ് സോൺ ആനിമേനറ്റർ ഫാ. ജോസഫ് തേനമാക്കലും നല്കി.

## കുരിശിന്റെവഴി ചെമ്പേരി സബ്സോൺ

മാർച്ച് 27ന് പൂപ്പറമ്പ സെന്റ് അൽഫോൻസ മരിയ ഫുസ്ക്കോ ദൈവാലയത്തിൽനിന്നും ഫാ. തോമസ് മേൽവെട്ടം അനുഗ്രഹിച്ച് ആശീർവദിച്ച് അയച്ച കുരിശിന്റെ വഴി, നെല്ലിക്കുറ്റി, ചെറിയ അരീക്കമല, മിഡിലാക്കയം വഴി വലിയ അരീക്കമല സെന്റ് തോമസ് പള്ളിയിൽ എത്തിച്ചേരുന്നു. വി. ബലിയും സമാപന ആശീർവ്വാദവും വികാരി. ഫാ. രഞ്ചിത്ത് പടിഞ്ഞാറേ ആനശ്ശേരിൽ നിർവഹിച്ചു.

## നീർച്ചാൽ 2018 അതിരൂപത മിനിസ്ട്രി സംഗമം

നവീകരണത്തിലെ വിവിധങ്ങളായ മിനിസ്ട്രികളുടെ പ്രവർത്തന

ങ്ങൾക്ക് ഊർജ്ജം പകരുന്നതിനായി കെ.സി.സി.ആർ.എസ്.ടി. ഒരുക്കിയ നീർച്ചാൽ 2018 എന്ന അല്മായ ശുശ്രൂഷ തളിപ്പറമ്പ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ അതിരൂപത കരിസ്മാറ്റിക് റീജണൽ ഡയറക്ടർ ഫാ. ജോസഫ് മഞ്ചപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. അബ്രഹം പോണാട്ട് അദ്ധ്യക്ഷനായിരുന്നു കെ.സി.സി.ആർ.എസ്.ടി. ചെയർമാൻ ഫാ. വർഗീസ് മുണ്ടക്കൽ ഒ.എഫ്.എം. ക്യാപ്. ആമുഖ സന്ദേശം നൽകി. വിവിധങ്ങളായ മിനിസ്ട്രികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കെ.സി. സി. ആർ.എസ്.ടി., വൈസ് ചെയർമാൻ, ഷാജി വൈക്കത്തുപറമ്പിൽ, സെക്രട്ടറി, സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളി എന്നിവർ ക്ലാസ്സുകൾ നയിച്ചു. സി. റോയിസ് സി.എം.സി. റീജണൽ കൺവീനർ, ജോസ് ഓരത്തേൽ, അപ്പച്ചൻ ചക്കിട്ടമുറിയിൽ, ബിജു മണ്ണനാൽ എന്നിവർ നേതൃത്വം കൊടുത്തു. കണ്ണൂർ, കാസർഗോഡ്, തലശ്ശേരി സോണുകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. 2 മണിക്ക് വി. കുർബാനയോടുകൂടി സമാപിച്ചു.

**ഹോംമിഷൻ :** വെണ്ണക്കല്ല് സെന്റ് ആന്റണി ദൈവാലയത്തിൽ വാർഷിക ധ്യാനത്തിന് മുന്നൊരുക്കമായി ഹോംമിഷൻ നടത്തി. 35ഓളം അല്മായർ പങ്കുചേർന്നു. ചെമ്പംതൊട്ടി സബ്സോൺ ആനിമേറ്റർ ഡോ. അബ്രാഹം വടക്കേമുറിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ഒരുക്കി ഭവനങ്ങളിലേയ്ക്ക് പറഞ്ഞയച്ചു.

**സോൺ ഏകദിനം:** ഏപ്രിൽ 4ന് ബുധനാഴ്ച രാവിലെ 9 മണി മുതൽ 4 മണിവരെ സോണൽ ഏകദിന ശുശ്രൂഷ തളിപ്പറമ്പ ദർശനധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ജപമാല സ്തുതി, ആരാധന, സൗഖ്യാരാധന, വി. കുർബാന, കുമ്പസാരം, സ്പിരിച്വൽ ഷെയറിങ്ങ് എന്നീ ശുശ്രൂഷകളോടുകൂടി നടത്തപ്പെടുന്നു.

കണ്ണൂർ സോൺ സി. ആനിമേറ്ററായി സിസ്റ്റർ സ്നേഹ എം.എസ്. ജെയെ തിരഞ്ഞെടുത്തു.

## പ്രാർത്ഥന മഞ്ജരി

നവീകരണമുന്നേറ്റത്തിനായി സമർപ്പിച്ച പ്രാർത്ഥന മഞ്ജരികൾ - 90 ദിവസം ജപമാല - 3862, കരുണകൊന്ത - 3671, വിശ്വാസ പ്രമാണം - 19132 സുകൃതജപം - 38140, ഉപവാസപ്രാർത്ഥന- 367

## പ്രാർത്ഥന ഗ്രൂപ്പ് വർഷം 2018

എല്ലാവർക്കും പ്രാർത്ഥന ഗ്രൂപ്പ് എല്ലായിടത്തും പ്രാർത്ഥനാഗ്രൂപ്പ് കെ. സി.സി.ആർ.എസ്.ടിയുടെ 2018ലെ പ്രഖ്യാപിതലക്ഷ്യത്തിനായി സോൺ സബ്സോൺതല ടീം മുന്നേറ്റം. കുടുംബം ഒന്നിച്ചുള്ള പ്രാർത്ഥനാ ഗ്രൂപ്പ് എല്ലാ ഇടവകകളിലും പ്രാർത്ഥനാഗ്രൂപ്പ്.

സ്നേഹപൂർവ്വം

**ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ**
ആനിമേറ്റർ

**ബിജു മണ്ണനാൽ**
കോ-ഓഡിനേറ്റർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"ദൈവം കർത്താവിനെ ഉയിർപ്പിച്ചു;*
*അവിടുത്തെ ശക്തിയാൽ നമ്മെയും അവിടുന്ന് ഉയിർപ്പിക്കും".*
*(1 കൊറി: 6/14)*

പ്രിയ സഹോദരരെ,

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവും കാതലുമായ ഈശോയുടെ ഉയിർപ്പുതിരുനാളിന്റെ ആശംസകൾ ഏവർക്കും സന്തോഷപൂർവ്വം നേർന്നുകൊള്ളുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണം യേശുവിന്റെ കുരിശുമരണവും ഉത്ഥാനവുമാണല്ലോ ഈ വിശ്വാസസത്യം ഏറ്റുപറയുന്നവനാണ് ഓരോ ക്രൈസ്തവനും. ഉത്ഥിനായ ഈശോ ജീവന്റെ ഉറവിടവുമാണ്. എന്നിൽ വിശ്വസിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല (യോഹ 11/26) എന്നരുളിയ ഈശോ നമ്മുടെ ഉത്ഥാനത്തിന്റെ - നിത്യജീവന്റെ അച്ചാരമായി ഉയിർത്തെഴുന്നേറ്റവനാണ്. യേശുവചനം ശ്രവിച്ച്, യേശുവിൽ വിശ്വസിച്ച്, കൂദാശകൾ സ്വീകരിച്ച് ദൈവികജീവനിൽ വളർച്ച പ്രാപിച്ചവരായ നമ്മൾ; രൂപാന്തീകരണം പ്രാപിച്ചവരും പുതിയ സൃഷ്ടികളുമാണ്. വീണ്ടും ജനിക്കുവാൻ നിക്കൊദേമൂസിനോട് കല്പിച്ച ഈശോ, ഉയിർപ്പുതിരുനാളിന്റെ ആഹ്ലാദത്തിലും ആഘോഷത്തിലുമായിരിക്കുന്ന നമ്മോടും ഇത് തന്നെ ആവർത്തിക്കുന്നു. ഈ ആഹ്വാനം ശ്രവിച്ച്, വ്യാകുലചിത്തരാകാതെ അരൂപിയിൽ നിറഞ്ഞ് പ്രവർത്തനനിരതരാകുവാൻ നമുക്ക് ശ്രമിക്കാം. മാർ തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിൽ ദൃഢപ്പെട്ട് വി. പൗലോസിനെപ്പോലെ "ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്ന ബോധ്യത്തോടെ രൂപാന്തരീകരിക്കപ്പെട്ടവരായി ഉപവിയിൽനിറഞ്ഞ് സൊസൈറ്റി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാം. ആദിമ ക്രൈസ്തവരെപ്പോലെ പ്രാർത്ഥനയിലും, കൂട്ടായ്മയിലും വളർന്ന് പങ്കുവെയ്ക്കുന്ന മനോഭാവത്തോടെ ബലിയുടെ ജീവിതം നയിക്കുവാൻ ഉയിർപ്പ് തിരുന്നാൾ നമ്മെ പ്രചോദിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു; ആശംസിക്കുന്നു.

റൂബി ജൂബിലി ഭവനപദ്ധതി ഫണ്ട് സമാഹരണവും നിർമ്മാണ പ്രവർത്തനങ്ങളും വിജയിപ്പിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. റൂബി ജൂബിലി സമ്മേളനവും 40-ാം വാർഷികവും 21 ശനിയാഴ്ച നടത്തുന്നതിന് പ്ലാൻ ചെയ്തിരിക്കുകയാണ്. വാർഷിക റിപ്പോർട്ടും

സ്റ്റേറ്റുമെന്റുകളും യഥാസമയം മേൽക്കമ്മറ്റികളിൽ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ആലക്കോട് സോണൽ സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ തളിപ്പറമ്പ്, വായാട്ടുപറമ്പ്, പെരുമ്പടവ്, ആലക്കോട് എന്നീ എസികളുടെ സംയുക്ത സോണൽ സെമിനാർ ആലക്കോട് സെന്റ് മേരീസ് പാരീഷ് ഹാളിൽവച്ച് 24-03-2018 ശനിയാഴ്ച നടത്തപ്പെട്ടു. സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു. ആലക്കോട് ഫൊറോന വികാരി പെരിയ ബഹു. റവ. ഫാ. ആന്റണി ആലക്കല്ലിൽ സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു. ബ്ര. പൗലോസ് പറയിടം പ്രാരംഭ പ്രാർത്ഥനയും സി. ലീലാമ്മ ചെരിപുറം ജ്ഞാനവായനയും സോണൽ കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുത്തൻപുര സ്വാഗതവും ബ്ര. ജോസ് പുതുപ്പള്ളിൽ നന്ദിയും അർപ്പിച്ചു. സെമിനാറിൽ ആശാൻകവല തിരുരക്താശ്രമം ചാരിറ്റിബിൽ ട്രസ്റ്റ് ഡയറക്ടർ ബ്ര. ബേബി ജോസഫ് പാലക്കാട്ടിലിനെ ആദരിച്ചു. രണ്ടു ദശാബ്ദക്കാലമായി നൂറോളം മാനസികരോഗികളെ നല്ല രീയിയിൽ സംരക്ഷിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ആദ്ദേഹത്തിന് ഫാ. ആന്റണി ആനക്കല്ലിൽ സ്നേഹോപകാരം നൽകി. പുഷ്പഗിരി സിഎംഐ ആശ്രമ സുപ്പീരിയർ റവ. ഫാ. ബാബു കുഴുമ്പിൽ ക്ലാസ്സ് നയിച്ചു. ആരാധനയ്ക്കും വിശുദ്ധ കുർബാനയ്ക്കുശേഷം സി. ലീലാമ്മ വില്ലന്താനത്തിന്റെ സമാപന പ്രാർത്ഥനയോടെ സെമിനാർ സമാപിച്ചു. സെമിനാറിൽ 127 അംഗങ്ങൾ പങ്കെടുത്തു. സ്നേഹവിരുന്നിനുശേഷം അംഗങ്ങൾ പിരിഞ്ഞു.

## പെരുമ്പടവ് എസി സെമിനാർ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പെരുമ്പടവ് ഏരിയാ കൗൺസിലിന്റെ നേതൃത്വത്തിൽ 24-02-2018ന് ശനിയാഴ്ച രാവിലെ 10 മണിക്ക് വെള്ളരിയാനം ഹോളിക്രോസ് ദൈവാലയത്തിൽവച്ച് ബഹു. റവ. ഫാ. മാത്യു മുല്ലപ്പള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ച് തുടർന്ന് ഏസി പ്രസിഡന്റ് ബ്ര. ജോസ് പുതുപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ബഹു. മാത്യു അച്ചൻ സെമിനാർ ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് നോയമ്പുകാലത്ത് പ്രവർത്തകർ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയുണ്ടായി. ബ്ര. സിബിയച്ചൻ പുലിയുറുമ്പിൽ വിൻസെന്റ് ഡി പോൾ പ്രവർത്തനങ്ങളെ ക്കുറിച്ച് വിശദമായ ക്ലാസ്സ് നയിക്കുകയും ചെയ്തു. യോഗത്തിൽ എസി സെക്രട്ടറി ബ്ര. ജോസ് പുന്നോത്ത് ബ്ര. ജോർജ് പുന്നാഞ്ചിറ, സി. വത്സമ്മ, പൈനാടത്ത് തുടങ്ങിയവർ ആസംസകൾ അർപ്പിച്ചു. ഉച്ചയ്ക്ക് 1 മണിക്ക് സമാപന പ്രാർത്ഥനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ സെമിനാർ സമാപിച്ചു. 100-ൽ പരം അംഗങ്ങൾ പങ്കെടുത്തു.

## ചെമ്പേരി എസി

### റൂബി ജൂബിലി ഭവന വെഞ്ചരിപ്പും, താക്കോൽദാനവും

ചെമ്പേരി എസിയിൽ ചെമ്പേരി കോൺഫറൻസിൽ പണിത ഭവനത്തിന്റെ വെഞ്ചരിപ്പ് ലൂർദ്ദ്മാതാ ഫൊറോന വികാരി റവ. ഫാ. ജോസഫ് കരിനാട്ട് നിർവ്വഹിച്ചു.സഹവികാരി ഫാ.ഡെന്നീസ് നെല്ലിത്താനവും ഫാ. ജയ്സൺ ഇഞ്ചത്താനവും കോൺഫറൻസ് അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. ഭവനത്തിന്റെ താക്കോൽദാനം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി തിരുനാൾ കുർബാനയ്ക്കിടെ മേരി കുളങ്ങരക്ക് കൈമാറി. ഭവനനിർമ്മാണകമ്മിറ്റി കൺവീനർ ബ്രദർ ജോസഫ് ചിറ്റേട്ട്, എസി പ്രസിഡന്റ് സുനിൽ കെ. പീറ്റർ, കോൺഫറൻസ് പ്രസിഡന്റുമാരായ തോമസ് മുതുകുളത്തിൽ, സി. ജോളി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

ചെമ്പേരി കോൺഫറൻസ് പണിത റൂബിജൂബി ഭവനത്തിന് മൂന്നര ലക്ഷം ചിലവായി. ജൂബിലി ഭവനനിർമ്മാണത്തിന് സഹായിച്ചവർക്കും സഹകരിച്ചവർക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ അനുമോദനങ്ങൾ.

## വായാട്ടുപറമ്പ എസി

### വായാട്ടുപറമ്പ് ഏരിയാകൗൺസിൽ, 7-ാം വാർഷികസമ്മേളനം

2018 ഫെബ്രുവരി 22-ാം തീയതി വായാട്ടുപറമ്പ് ഏരിയാ കൗൺസിൽ 7-ാം വാർഷികസമ്മേളനം കരുവഞ്ചാൽ ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രാരംഭപ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ എസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു.

എസിപ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ യോഗത്തിന് അധ്യക്ഷതവഹിച്ചു. കരുവഞ്ചാൽ ലിറ്റിൽഫ്ളവർ ചർച്ച് വികാരി റവ. ഫാ. മാത്യു പാലമറ്റം സമ്മേളനം ഉദ്ഘാടനം ചെയ്തു. എസി സെക്രട്ടറി ലീലാമ്മ ജോർജ് വില്ലന്താനം വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

വെള്ളാട് സെന്റ് സെബാസ്റ്റ്യൻ പള്ളി അസി. വികാരി ഫാ. തോമസ് മേനപ്പാട്ടുപടിക്കൽ മുഖ്യപ്രഭാഷണം നടത്തി. കോൺഫറൻസുകളിൽ 25 വർഷം പൂർത്തിയാക്കിയ 5 അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. 2017-18 വർഷത്തെ വിൻസെൻഷ്യൻ മത്സരവിജയികൾക്ക് സമ്മാനദാനവും നടത്തി.

2016-17 വർഷത്തെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച സെന്റ് ആന്റണീസ് പാത്തൻപാറ വനിതാകോൺഫറൻസിനും, സെന്റ് സെബാസ്റ്റ്യൻ വെള്ളാട് കോൺഫറൻസിനും "ബെസ്റ്റ് കോൺഫറൻസ്" ട്രോഫി

കൾ സമ്മാനിച്ചു. സമ്മേളനത്തിൽ കുട്ടികളുടെയും പ്രവർത്തനാംഗങ്ങളുടെയും കലാപരിപാടികൾ വാർഷികസമ്മേളനത്തിന്റെ മാറ്റുകൂട്ടി.

സമാപനപ്രാർത്ഥനക്കുശേഷം 88പേർ പങ്കെടുത്ത സമ്മേളനം ഉച്ച ഭക്ഷണത്തോടുകൂടി സമാപിച്ചു.

## വായാട്ടുപറമ്പ് പുതിയകോൺഫറൻസ് രൂപീകരിച്ചു

തടിക്കടവ്: വായാട്ടുപറമ്പ് ഫൊറോനയിലെ തടിക്കടവ് ഇടവകയിൽ സെന്റ് ജോർജ് കോൺഫറൻസ് 11.02.2018 ഞായറാഴ്ച ദിവ്യബലിക്കുശേഷം വികാരി റവ. ഫാ. ജോർജ് എലവുംകുന്നേലിന്റെ സാന്നിദ്ധ്യത്തിൽ രൂപീകരിച്ചു. എസി പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ, എസി സീനിയർ വൈസ്പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര എന്നിവർ നേതൃത്വം നൽകി. കോൺഫറൻസ് പ്രസിഡന്റായി ബ്ര. ആന്റണി ഏത്തക്കാട്ട്, സെക്രട്ടറി പോൾസൺ വെട്ടത്ത്, ട്രഷറർ ബ്ര. ജോർജ് ചെറിയ വടക്കേൽ എന്നിവരെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. ഇതോടെ വായാട്ടുപറമ്പ് ഫൊറോനയിലെ എല്ലാ ഇടവകകളിലും സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കോൺഫറൻസുകൾ സ്ഥാപിതമായി. പുതിയ കോൺഫറൻസ് അംഗങ്ങൾക്കും ഭാരവാഹികൾക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥനാശംസകൾ.

## ഇരിട്ടി സോണൽ സെമിനാർ

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ പേരാവൂർ, കുന്നോത്ത്, എടൂർ, നെല്ലിക്കാംപൊയിൽ എന്നീ എസികൾ ഉൾപ്പെടുന്ന ഇരിട്ടി സോണിന്റെ 2018 വർഷത്തെ സോണൽ സെമിനാർ 17.03.2018 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. 1.30 ന് നടത്തിയ കുരിശിന്റെ വഴിയോടുകൂടി സെമിനാർ ആരംഭിച്ചു. തുടർന്ന് നടന്ന സെമിനാറിൽ സി.സി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു. ഇരിട്ടി സെന്റ് ജോസഫ് ഇടവക വികാരി ഫാ. ജോസഫ് മഞ്ചപ്പിള്ളിൽ സെമിനാൽ ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ വൈദീകനും, വചനോത്സവം മാസികയുടെ മുൻഎഡിറ്ററുമായ ഫാ. റോബർട്ട് ചവർനാനിക്കൽ ക്ലാസ് നയിച്ചു. സിനീയർ വൈസ് പ്രസിഡന്റ് ബ്ര. കെ.റ്റി. ജോസഫ് കാരിക്കുന്നേൽ, കെ.ആർ.സി.സി. വനിതാ കോ. ഓർഡിനേറ്റർ സി. ജോളി സെബാസ്റ്റ്യൻ എന്നീവർ ആശംസാപ്രസംഗം നടത്തി. ഇരിട്ടി സോണൽ കോ-ഓഡിനേറ്ററും നെല്ലിക്കാംപൊയിൽ എ.സി. പ്രസിഡന്റുമായ ബ്ര. ലൂക്കോസ് കണിപ്പള്ളിൽ സ്വാഗത പ്രസംഗം നടത്തി. കുന്നോത്ത് എ.സി. പ്രസിഡന്റ് ബ്ര. ജോസ് വാണിയകിഴക്കേൽ

പ്രാരംഭപ്രാർത്ഥനയും, പേരാവൂർ എ.സി.പ്രസിഡന്റ് ബ്ര. ബേബി മുളകു കൊടിയാനിക്കൽ ജ്ഞാനവായനയും നടത്തി. എടൂര് എസി പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റം എല്ലാവർക്കും നന്ദിരേഖപ്പെടുത്തി. നെല്ലിക്കാം പൊയിൽ എസി ട്രഷറർ മാത്യു മാനാമ്പുറം സമാപനപ്രാർത്ഥന നടത്തി. 200 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത സെമിനാർ സ്നേഹ വിരുന്നോടെ സമാപിച്ചു.

## ആലക്കോട് എസി റൂബി ജൂബിലി ഭവനവെഞ്ചരിപ്പും, താക്കോൽദാനവും

റൂബി ജൂബിലി ഭവനപദ്ധതിയുടെ ഭാഗമായി ആലക്കോട് എസി മണക്കടവ് ഇടവകയിൽ പണിത ഭവനത്തിന്റെ നിർമ്മാണം പൂർത്തിയായി. ജിബി കട്ടക്കയം കുടുംബത്തിനു വേണ്ടി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് 9.02.18ന് അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ആന്റണി പരതേപതിക്കൽ നിർവ്വഹിച്ചു. മണക്കടവ് ഇടവക വികാരി ഫാ. അബ്രാഹം മഠത്തിമ്യാലിൽ താക്കോൽദാനം നിർവ്വഹിച്ചു. 580 സ്ക്വയർഫീറ്റിൽ പണിത ഈ ഭവനത്തിന് 5,25,000 രൂപ ചിലവായി. ഇതിൽ കോൺഫ്രൻസ് അംഗങ്ങൾ 1,07000 വിഹിതമായി നൽകി. വെഞ്ചരിപ്പ് കർമ്മത്തിൽ ആലക്കോട് എസി പ്രസിഡന്റ് ബ്ര. മാത്യു ചിറപ്പുറം, എസി. സിക്രട്ടറി ബ്ര. സിബിച്ചൻ പുലിയുറുമ്പിൽ എന്നിവർ ആശംസകൾ നേർന്നു. ഭവനനിർമ്മാണത്തിന് നേതൃത്വം നൽകിയത് മണക്കടവ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. സ്കറിയ നരിതൂക്കിലും കോൺഫറൻസ് അംഗങ്ങളുമാണ്. ഈ ഭവനത്തിന് 5 സെന്റ് സ്ഥലം സൗജന്യമായി നൽകിയത് മണക്കടവ് ഇടവകാംഗമായ ശ്രീ. ബിജു മുളപ്പമണ്ണിൽ ആണ്. ജൂബിലി ഭവനനിർമ്മാണത്തിന് സഹായിച്ചവർക്കും സഹകരിച്ചവർക്കും തലശ്ശേരിസെൻട്രൽ കൗൺസിലിന്റെ അനുമോദനങ്ങൾ.

**ഒരിക്കൽകൂടി ഏവർക്കും ഉയിർപ്പിതിരുനാളിന്റെ ആശംസകൾ നേരുന്നു.**

സ്നേഹപൂർവ്വം,

തലശ്ശേരി **ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
20.03.2018 സിസി. പ്രസിഡന്റ്

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഉത്ഥിതനായ ഈശോയുടെ സ്നേഹം അളവില്ലാത്തവിധം അനുഭവിച്ചറിഞ്ഞ അസ്സീസ്സിയിലെ വി. ഫ്രാൻസിസ് മറ്റൊരു ക്രിസ്തുവായി രൂപപ്പെടുന്ന രീതിയിൽ ഈ സ്നേഹം സമസൃഷ്ടികൾക്കുമായി പകർന്നു നല്കി. സുവിശേഷത്തിലെ ക്രിസ്തുവിനെ പൂർണ്ണമായി പിൻചെന്ന വി. ഫ്രാൻസിസിന്റെ ജീവിതംതന്നെയായിരുന്നു ആദ്യശിഷ്യന്മാരുടെ നിയമാവലി. ഇന്നും ലക്ഷക്കണക്കിന് വ്യക്തികൾ ഫ്രാൻസിസിന്റെ ഈ ജീവിതശൈലിയിൽ കൂടുതൽ താല്പര്യം കാണിക്കുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. ലോകത്തിന്റെയും സഭയുടെയും വിശുദ്ധീകരണത്തിന് ഉപയുക്തമായ ഏറ്റവും നല്ല ശൈലി ഫ്രാൻസിസ്കൻ ശൈലിതന്നെയാണെന്ന് കാണിച്ചുകൊടുക്കുവാൻ മുമ്പന്തിയിൽ നിൽക്കേണ്ടത് അല്മായ ഫ്രാൻസിസ്കൻസാണ് എന്നത് നിസ്തർക്കമായ കാര്യമാണ്. നോമ്പും പ്രായ്ചിത്തവും മൂലം നേടിയെടുത്ത ആത്മീയശക്തി വരും ദിനങ്ങളിൽ ഈയൊരു കാര്യത്തിനുവേണ്ടി വിനിയോഗിക്കാൻ ഫ്രാൻസിസ്കൻസായ നമുക്ക് പരിശ്രമിക്കാം.

### അതിരൂപതാ-റീജിയനൽ മീറ്റിംഗുകൾ

പുതിയതായി രൂപീകൃതമായ അതിരൂപതാകമ്മിറ്റിയുടെ മീറ്റിംഗ് 12-ാം തീയതി ചെമ്പേരിയിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ മിനിസ്റ്റർ ബ്ര. കുര്യാക്കോസ് പുതിയിടത്തുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ അതിരൂപതാ ആത്മീയസഹായിയും റീജിയനൽ മിനിസ്റ്റർമാരും പങ്കെടുത്തു. ഇനിമുതലുള്ള അതിരൂപതാകമ്മിറ്റി മീറ്റിംങ്ങിൽ റീജിയനൽ മിനിസ്റ്റർമാരെയും ക്ഷണിക്കുന്നതായിരിക്കും എന്ന് യോഗം തീരുമാനിച്ചു. മറ്റ് തീരുമാനങ്ങൾ താഴെപ്പറയുന്നു.

- മെയ് 5-ാം തീയതി റോമിൽനിന്നുംവരുന്ന അന്തരാഷ്ട്ര ആത്മീയസഹായി ഫാ. ഫ്രാൻസിസ് ഡോറിന്, മേലേചൊവ്വ കപ്പൂച്ചിൻ പ്രൊവിൻഷ്യലേറ്റിൽ വച്ച് സ്വീകരണം നല്കുക.
- മെയ് 5-ന് മേലേചൊവ്വയിൽ വച്ച് നടക്കുന്ന മീറ്റിംങ്ങിൽ എല്ലാ റീജിയനൽ ഭാരവാഹികളും അതിരൂപതാ ഭാരവാഹികളും പങ്കെടുക്കുക.
- ജൂലൈ മാസത്തിന് മുമ്പായി മൂന്നു റീജിയനുകളിലും സബ്റീജിയനുകളിലും ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുക.
- അതിരൂപതയിലെ അല്മായസഭയുടെ പ്രവർത്തന ഫണ്ടിനുവേണ്ടി ഭ്രാതൃത്വതലത്തിൽ ഒരു തുക സ്വരൂപിക്കുക.
- വർഷംതോറുമുള്ള തീർത്ഥാടനം പുനരാരംഭിക്കുക

- അതിരൂപതാ ഭാരവാഹികൾ സാധിക്കുന്നിടത്തോളം ഭ്രാതൃത്വങ്ങൾ സന്ദർശിക്കുക.
- പുതിയ ഭാരവാഹികൾ അതിരൂപതാദ്ധ്യക്ഷനെ സന്ദർശിക്കുകയും ഉപദേശം തേടുകയും ചെയ്യുക.

പട്ടാരം, ചെറുപുഴ, ചെമ്പേരി റീജിയനുകളുടെ കൗൺസിൽ മീറ്റിംഗ് റീജിയനൽ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെട്ടു. അതിരൂപതാ കമ്മിറ്റിയിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അവ നടപ്പിലാക്കുവാൻ വേണ്ട പ്രായോഗിക കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. പഴയ യൂണിറ്റുകളെ നവീകരിക്കുവാനും പുതിയ യൂണിറ്റുകൾ ആരംഭിക്കുവാനും റീജിയനൽ ഭാരവാഹികൾ മുൻകൈയെടുക്കണമെന്നും സമയാസമയങ്ങളിൽ യൂണിറ്റുകൾ സന്ദർശിച്ച് അവയെ ശക്തിപ്പെടുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടു.

## ഏകദിനക്യാമ്പ്

പട്ടാരം റീജിയന്റെ കീഴിൽ, ചുങ്കക്കുന്ന് മേഖലയിൽ പ്രവർത്തിക്കുന്ന ഭ്രാതൃത്വങ്ങളിലെ അംഗങ്ങൾക്കായി ഒരു ഏകദിന പരിശീലനപരിപാടി ചുങ്കക്കുന്ന് ഇടവക ദൈവാലയത്തിൽവച്ച് സംഘടിപ്പിച്ചു. റീജിയനൽ മിനിസ്റ്റർ ബ്ര. ജോസ് ആലപ്പാട്ട് നേതൃത്വം നൽകിയ പ്രസ്തുത പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുകയും അംഗങ്ങളെ ആത്മീയമായി ശക്തിപ്പെടുത്തുകയും ചെയ്തു. ആത്മീയസഹായി, ഫാ. ഡിജൻ വിശുദ്ധകുർബാനയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കി. പട്ടാരം റീജിയനിലെ എല്ലാ ഭ്രാതൃത്വങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പ്രസ്തുത പരിശീലന പരിപാടിയിൽ സഹകരിക്കുകയും കൂട്ടായ്മയിൽ ഭാഗഭാക്കുകളാക്കുകയും ചെയ്തു.

ചെടിക്കുളം ഇടവകയിൽ നടന്ന കപ്പൂച്ചിൻ മിഷൻ ധ്യാനത്തോടനുബന്ധിച്ച് ആ ഇടവകയിൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ ഒരു പുതിയയൂണിറ്റ് സ്ഥാപിക്കുകയും താല്ക്കാലിക ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ ക്രമീകരണങ്ങളും നടത്തിതന്നെ ഇടവക വികാരി ബഹു. കുര്യാക്കോസ് ഓരത്തേലച്ചന് പ്രത്യേകം നന്ദി പറയുന്നു. കൂടുതൽ ഇടവകകളിൽനിന്നും സഭയുടെ യൂണിറ്റ് സ്ഥാപിക്കാനുള്ള ക്ഷണം ലഭിക്കുന്നു എന്നത് സന്തോഷകരമാണ്.

ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# ഇൻഫാം വാർത്തകൾ

കാർഷിക കേരളത്തെ ദുഃഖത്തിലാഴ്ത്തി വെള്ളരിക്കുണ്ട് ആനമഞ്ഞൾ സ്വദേശിയായ മാടത്താനിയിൽ ജോസ് കർഷക രക്തസാക്ഷിയായിരിക്കുകയാണ്. വന്യമൃഗങ്ങളളെ സംരക്ഷിക്കാൻ കോടികൾ ചിലവഴിക്കുന്ന സർക്കാർ മനുഷ്യജീവന് പുല്ലുവിലയാണ് കൽപ്പിക്കുന്നത്. വന്യമൃഗശല്യത്തിനെതിരെ വർഷങ്ങളായി കർഷകർ നിരന്തരമായി ആവശ്യപ്പെട്ടിട്ടും സർക്കാർ വേണ്ടത്ര പരിഗണന നല്കുന്നില്ല എന്നത് ഖേദകരമാണ്. മലയോര മേഖലയോടു ചേർന്നു കിടക്കുന്ന പതിനായിരക്കണക്കിന് കർഷകർ കാർഷിക ദുതന്തത്തിനപ്പുറം ജീവഹാനിയുടെ നിഴലിലാണ് കഴിയുന്നത്. വന്യമൃഗങ്ങളെ പ്രതിരോധിക്കാൻ സർക്കാർ തയ്യാറാകണമെങ്കിൽ ശക്തമായ കർഷക പ്രക്ഷോഭത്തിലൂടെ മാത്രമേ സാധിയ്ക്കൂ. ഇതിനായി ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായി കർഷകർ സംഘടിക്കുവാൻ തയ്യാറാകണം മാടത്താനി ജോസിന്റെ കുടുംബത്തെ സഹായിക്കുവാനും ആശ്വസിപ്പിക്കുവാനും നമുക്ക് സാധിക്കണം.

മാടത്താനി ജോസിന്റെ നിര്യാണത്തിൽ ഇൻഫാം കുടുംബത്തിന്റെ ആദരാജ്ഞലികൾ നേരുന്നു. 20.03.18ന് തളിപ്പറമ്പ് പാരീഷ് ഹാളിൽ ഇൻഫാം കണ്ണൂർ ജില്ലാകമ്മിറ്റി ചേർന്നു ഇൻഫാം കണ്ണൂർ ജില്ലാപ്രസിഡന്റ് സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം അതിരൂപതാ ഡയറക്ടർ ജോസഫ് കാവനാടി യോഗം ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ ആന്റണി ജീരകത്തിൽ, സണ്ണി പുല്ലുവേലി, തോമസ് ആലപ്പാട്ട്, ലാലിച്ചൻ കുഴിയാത്ത്, ഡോ. ജോസഫ് തോമസ്, ഷാജി തെക്കേൽ എന്നിവർ പ്രസംഗിച്ചു.

## തീരുമാനങ്ങൾ

കാട്ടുപന്നിയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട മാടത്താനി ജോസിന്റെ കുടുംബത്തിന് 10 ലക്ഷം നഷ്ടപരിഹാരമായും കുടുംബത്തിൽ ഒരാൾക്ക് സർക്കാർ ജോലിയും നല്കണമെന്ന് ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റി സർക്കാരിനോടാവശ്യപ്പെട്ടു.

- റബ്ബർ കർഷകരുടെ ഇൻസെന്റീവ് അടിയന്തരമായി വിതരണം ചെയ്യണമെന്ന് കമ്മറ്റി ആവശ്യപ്പെട്ടു.

## പൈസക്കരി മേഖലാ ഭാരവാഹികൾ

പ്രസിഡന്റ് - സണ്ണി പൊട്ടംപ്ലാക്കൽ, വൈസ്പ്രസിഡന്റ് ജോയി പെരികിലാമല, സെക്രട്ടറി ബെന്നി പൂവ്വന്നിക്കുന്നേൽ, ജോ.സെക്രട്ടറി- ജോസഫ്

പറത്തിനാൽ, ട്രഷറർ- ബേബി കളപ്പുരയ്ക്കൽ, ജില്ലാപ്രതിനിധി-സ്കറിയ നെല്ലംകുഴി, വർഗീസ് മാരിപ്ര

### പേരാവൂർ മേഖലാ

പ്രസിഡന്റ് - ബേബി താഴത്തുവീട്ടിൽ, വൈസ്പ്രസിഡന്റ് ജിജി ചേറ്റാനി, സെക്രട്ടറി - ആൽബർട്ട് മുന്നയ്ക്കൽ, ജോ-സെക്രട്ടറി ഫ്രാൻസീസ് തെക്കേക്കുന്നേൽ, ഖജാൻജി - ടോമി താഴത്തുവീട്ടിൽ, ജില്ലാപ്രതിനിധി - മാത്യു ഒറ്റപ്ലാക്കൽ, ലൂക്കോസ് മംഗലത്തിൽ.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

## സ്റ്റാർട്ടിൽ വിവിധ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട്ട് പ്രവർത്തിക്കുന്ന സ്റ്റാർട്ടിൽ വിവിധ കോഴ്സുകളുകളിലേയ്ക്ക് പ്രവേശനനടപടികൾ ആരംഭിച്ചു. എംടിസി കോഴ്സ്: പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി നടത്തിവരുന്ന ഏകവത്സര മാസ്റ്റർ ട്രെയിനിംങ്ങ് കോഴ്സുകളിലേക്ക് (എംടിസി) ഏപ്രിൽ രണ്ടു മുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങും.

കരിയർ ഗൈഡൻസ് ക്യാമ്പ്: പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടിയുള്ള കരിയർ ഗൈഡൻസ് ക്യാമ്പ് ഏപ്രിൽ മൂന്നിന് ആരംഭിച്ച് ആറിന് സമാപിക്കും ഇംഗ്ലീഷ്, കണക്ക് തീവ്രപരിശീലനകോഴ്സ് പ്രവേശനം പ്രധാനമായും പത്ത്, പ്ലസ് വൺ ക്ലാസുകളിലെ കുട്ടികൾക്ക് ഏപ്രിൽ ഏഴിന് തുടങ്ങി 28ന് സമാപിക്കും. മിനി മാസ്റ്റർ ക്യാമ്പുകൾ, എട്ടു മുതൽ 11 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടിയുള്ള ക്യാമ്പ് ഏപ്രിൽ എട്ടിന് ആരംഭിച്ച് 13ന് സമാപിക്കും. ആറ്, ഏഴ് ക്ലാസുകളിലെ കുട്ടികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 17ന് ആരംഭിച്ച് 22-ന് സമാപിക്കും.

**ഫോൺ : 0495 - 2357843, Mob: 984684681**

**മോൺ. ആന്റണികൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

**എക്സിക്യൂട്ടീവ് കമ്മിറ്റി**

അതിരൂപത മദ്യവിരുദ്ധസമിതി എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ 28.2.18ന് ചേർന്നു. മദ്യവിരുദ്ധസമിതി അതിരൂപത ഭാരവാഹികളും മേഖല ഡയറക്ടറച്ചന്മാരും മേഖലാ ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുത്തു. ജനറൽ സെക്രട്ടറി ജയ്സൺ മർക്കോസ് സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം ഫാ. തോമസ് തൈത്തോട്ടം ദിയാക്കോണിയായ്ക്ക്ശേഷമുള്ള സംഘടനായൂണിറ്റ് രൂപീകരണത്തെക്കുറിച്ച് വിലയിരുത്തി സംസാരിച്ചു. യൂണിറ്റ് രൂപീകരണശ്രമങ്ങൾ ശക്തിപ്പെടുത്തണമെന്നും ഓരോ മേഖലയിലെയും മദ്യവിരുദ്ധ സമിതി ഭാരവാഹികൾ മേഖല ഡയറക്ടറച്ചന്മാരെയും ആനിമേറ്റർസിസ്റ്റേഴ്സിനെയും സഹായിക്കണമെന്നും തീരുമാനിച്ചു. യൂണിറ്റ് രൂപീകരണം സമയബന്ധിതമായി തീർക്കണമെന്നും മാർച്ച് 13ന് വീണ്ടും യോഗം ചേർന്ന് പുരോഗതി ചർച്ച ചെയ്യണമെന്ന് തീരുമാനിച്ച് യോഗം സമാപിച്ചു.

13.13. 18 ന് മദ്യവിരുദ്ധസമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ ഫാ. തോമസ് തൈത്തോട്ടം ആമുഖഭാഷണം നടത്തി.

ഏപ്രിൽ 4ന് നടക്കുന്ന അഭിവന്ദ്യവള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് നടത്തുന്ന എക്സിബിഷനിൽ അവതരിപ്പിക്കേണ്ട മദ്യവർജനപ്രമേയങ്ങളുടെ ആവിഷ്കാരത്തെ സംബന്ധിച്ച് ചർച്ചകൾ നടത്തി. ഏപ്രിൽ 13നും 27നും ചേരുന്ന മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംഘടനകളുടെ പ്രവർത്തകസമ്മേളനത്തെക്കുറിച്ചും മുക്തിശ്രീയുടെ നേതൃത്വത്തിൽ മെയ് 19ന് നടത്തുന്ന ഉപവാസ പ്രാർത്ഥനയെ സംബന്ധിച്ചും വിശദമായ ചർച്ചകൾ നടത്തി. സർക്കാരിന്റെ ധിക്കാരപരവും വഞ്ചനാപരവും ജനദ്രോഹപരവുമായ മദ്യപ്രളയ നയത്തെ ശക്തമായി നേരിടാൻ സംഘടന സജ്ജരാകേണ്ട ആവശ്യകതയെക്കുറിച്ച് അംഗങ്ങൾ സജീവമായി പങ്കെടുത്ത് സംസാരിച്ചു.

കാർഷികരംഗത്ത് പുരസ്ക്കാരം നേടിയ നമ്മുടെ പ്രസിഡന്റ് ബഹു. ജോസ്ലറ്റ് മാത്യുവിനെയും കണ്ണൂർ വിമൻസ് വോയ്സിന്റെ പുരസ്കാരം നേടിയ മുക്തിശ്രീ വൈസ് പ്രസിഡന്റ് ശ്രീമതി ഐ.സി. മേരിയെയും യോഗം അനുമോദിച്ചു.

## മദ്യവിരുദ്ധ സമിതി, മുക്തിശ്രീ മേഖലാ സമ്മേളനം

അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും (പുരുഷവിഭാഗം) മുക്തശ്രീയുടെയും (വനിതാവിഭാഗം) നെല്ലിക്കാമ്പോയിൽ മേഖലയുടെ സംയുക്ത സമ്മേളനം 3-3-2018ന് നെല്ലിക്കാംപൊയിൽ ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടത്തി. നെല്ലിക്കാപൊയിൽ ഫൊറോനാവികാരി റവ. ഫാ. ജോസഫ് ആനിത്താനം അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ജോസ്‌ലറ്റ് മാത്യു മുഖ്യപ്രഭാഷണം നടത്തി. മുക്തിശ്രീ അതിരൂപത പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു ചാമക്കാലായിൽ ആശംസ അർപ്പിച്ച് പ്രസംഗിച്ചു. മേഖല ഡയറക്ടർ ഫാ. ജോമി തൊട്ടിയിൽ സ്വാഗതവും മേഖല പ്രസിഡന്റ് മണിക്കടവ് ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ടോമി വെട്ടിക്കാട്ടിൽ നന്ദിയും പ്രകാശിപ്പിച്ചു. മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുന്നതിന് അക്ഷീണപരിശ്രം നടത്തിയ ബ. ജോമിയച്ചനെയും മേഖല ആനിമേറ്റർ റവ. സി. പ്രിൻസി മരിയ സിഎംസിയെയും അഭിനന്ദിക്കുന്നു. ബ. ഫൊറോന വികാരിയച്ചന്റെ ആത്മാർത്ഥമായ സഹകരണത്തിനും പ്രോത്സാഹനത്തിനും ഒത്തിരി നന്ദിയുണ്ട്. യൂണിറ്റുകൾ മാസത്തിലൊരിക്കൽ കൂടുന്നകാര്യത്തിലും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടത്തുന്ന കാര്യത്തിലും അലംഭവംകൂടാതെ മുന്നേറാൻ സാധിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. മേഖലാഭാരവാഹികൾ യൂണിറ്റ് യോഗങ്ങളിൽ സംബന്ധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. പുതിയ യൂണിറ്റ് മേഖലാ ഭാരവാഹികൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

### മേഖലാ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | - ടോമി വെട്ടിക്കാട്ടിൽ നെല്ലിക്കാംപൊയിൽ 9497952528 |
| ജന. സെക്രട്ടറി | - സണ്ണി തൈപ്പറമ്പിൽ മണിപ്പാറ 9447852284 |
| വെ. പ്രസിഡന്റ് | - ജിജു കോലക്കുന്നേൽ കാഞ്ഞിരക്കൊല്ലി |
| ജോ. സെക്രട്ടറി | - മോനിച്ചൻ എരുമച്ചാടത്ത് നെല്ലിക്കാംപോയിൽ |
| ട്രഷർ | - മാത്യു നടയ്ക്കൽ അറബി |

### മദ്യവിരുദ്ധസമിതി പുരുഷ വിഭാഗം യൂണിറ്റുകൾ

**കരിക്കോട്ടക്കരി:** പ്രസിഡന്റ് - റിന്നി വഴുതനപ്പള്ളി, വൈസ് പ്രസിഡന്റ് - ജോളി പന്നിപ്പള്ളി, സെക്രട്ടറി - ജെയ്മോൻ കളത്തിനാനിക്കൽ, ജോ. സെക്രട്ടറി - മാത്യു മങ്കുഴിക്കരി, ട്രഷറർ - മാത്യു പൊറ്റമ്മേൽ.

**ഉരുപ്പുംകുറ്റി:** പ്രസിഡന്റ് - ജോസ് മൂത്തേടത്ത്, വൈസ് പ്രസിഡന്റ് - സജി വെള്ളത്താനത്ത്, സെക്രട്ടറി - ടോമി തറയിൽ, ജോയിന്റ് സെക്രട്ടറി - ജോജി കാവിത്താഴെ, ട്രഷറർ - ബാബു മഠത്തോട്ട്

**ചെടിക്കുളം:** പ്രസിഡന്റ് - ഇമ്മാനുവേൽ ചിറ്റംവേലിൽ, വൈസ് പ്രസിഡന്റ് - ജോൺ മുള്ളംകുഴിയിൽ, സെക്രട്ടറി - വിൽസൺ പന്നിക്കോട്ടിൽ, ജോയിന്റ് സെക്രട്ടറി - ജോണി ഐക്കര, ട്രഷറർ - റോയി ഐക്കര.

**വെളിമാനം**

പ്രസിഡന്റ് - ജോസഫ് തോട്ടുപുറത്ത്, വൈസ് പ്രസിഡന്റ് - ജോസ് ചിരണയ്ക്കൽ, സെക്രട്ടറി - ബെന്നി പൂവക്കിളത്ത്, ജോയിന്റ് സെക്രട്ടറി - സെബാസ്റ്റ്യൻ തെങ്ങുംപള്ളി, ട്രഷറർ - തോമസ് മൈലെള്ളുംതടത്തിൽ.

**മാങ്ങോട്:** പ്രസിഡന്റ് - സേവ്യർ വേലന്തറ, വൈസ് പ്രസിഡന്റ് - സണ്ണി കാഞ്ഞിരക്കാട്ട്, സെക്രട്ടറി - ദേവസ്യ കൊങ്ങോല, ജോയിന്റ് സെക്രട്ടറി - ജോസ് ചെല്ലിമറ്റത്തിൽ, ട്രഷറർ - സിജോ വട്ടുകളത്തിൽ.

**കീഴ്പള്ളി:** പ്രസിഡന്റ് - ടൈറ്റസ് വെട്ടംതടത്തിൽ, വൈസ് പ്രസിഡന്റ് - ബെന്നി പുത്തേട്ടുകുന്നേൽ, സെക്രട്ടറി - ജോർജ് പുളിയാനിക്കാട്ട്, ജോയിന്റ് സെക്രട്ടറി - അബ്രാഹം വെട്ടുകല്ലാങ്കുഴി, ട്രഷറർ - ജോയി പുളിച്ചമാക്കൽ.

## മുക്തിശ്രീ യൂണിറ്റുകൾ

**കരിക്കോട്ടക്കരി:** പ്രസിഡന്റ് - റോസമ്മ കാവുങ്കൽ, വൈസ് പ്രസിഡന്റ് - മേഴ്സി കാവുങ്കൽ, സെക്രട്ടറി - ലില്ലിക്കുട്ടി കുഴിപ്പറമ്പിൽ, ജോ. സെക്രട്ടറി - മേരി കോലാക്കൽ, ട്രഷറർ - ഗ്രേസി തൊട്ടിയിൽ.

**ഉരുപ്പുംകുറ്റി:** പ്രസിഡന്റ് - ലിസി മഠത്തേട്ട്, വൈസ് പ്രസിഡന്റ് - മിനി ഓലിക്കൽ, സെക്രട്ടറി - ജസി കരിപ്പേരി, ജോയിന്റ് സെക്രട്ടറി - സെലിൻ പുന്നിലത്തിൽ, ട്രഷറർ - ലൈസമ്മ പൊൻമലക്കുന്നേൽ.

**ചെടിക്കുളം:** പ്രസിഡന്റ് - വത്സമ്മ ചിറ്റംവേലിൽ, വൈസ് പ്രസിഡന്റ് - ഷീജ കാവുംകട്ടയിൽ, സെക്രട്ടറി - സോഫി തെക്കേക്കര, ജോയിന്റ് സെക്രട്ടറി - ജെസ്സി ഉമ്മിക്കുഴിയിൽ, ട്രഷറർ - ജിഷ പുത്തൻപുരയ്ക്കൽ.

**വെളിമാനം:** പ്രസിഡന്റ് - ഡോളി മറ്റപ്പള്ളിൽ, വൈസ് പ്രസിഡന്റ് - ലീലാമ്മ കുറ്റിയാനിക്കൽ, സെക്രട്ടറി - ശോശാമ്മ നെല്ലിയാനി, ജോയിന്റ് സെക്രട്ടറി - ആലീസ് പെരുമാലിൽ, ട്രഷറർ - ജെസ്സി മണ്ണാറത്തറ.

**മാങ്ങോട്:** പ്രസിഡന്റ് - മോളി വട്ടുകളത്തിൽ, വൈസ് പ്രസിഡന്റ് - ലിൻസി തട്ടാപറമ്പിൽ, സെക്രട്ടറി - മേരി മുരട്ടുപൂവത്തിങ്കൽ, ജോയിന്റ് സെക്രട്ടറി - ജോബി മുണ്ടയിക്കൽ, ട്രഷറർ - അന്നമ്മ മുളമൂട്ടിൽ.

**കീഴ്പള്ളി:** പ്രസിഡന്റ് - മേരിക്കുട്ടി വെട്ടുകല്ലാങ്കുഴി, വൈസ് പ്രസിഡന്റ് - ചിന്നമ്മ കയ്പനാനിക്കൽ, സെക്രട്ടറി - ലിസി പമേനിക്കട്ടയിൽ, ജോയിന്റ് സെക്രട്ടറി - ആലീസ് വെമ്മേനിക്കട്ടയിൽ, ട്രഷറർ - വിദ്യ കുന്നുംപുറം.

ഹൃദ്യമായ ഈസ്റ്റർ ആശംസകളോടെ

**ഫാ. തോമസ് തൈത്തോട്ടം**

ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

## (ടി.എസ്.എസ്.എസ്.)

### ഹരിതഭവനം

തലശ്ശേരി അതിരൂപത അസംബ്ലിയോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട പ്ലാസ്റ്റിക്ക് വിമുക്ത രൂപത എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാനുള്ള കർമ്മപരിപാടി "ഹരിത ഭവനം" പേരാവൂർ ഫൊറോനയിൽ ആരംഭിച്ചു. വീടുകളിൽ ഉപയോഗം കഴിഞ്ഞു വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് 1500-ഓളം വരുന്ന വോളണ്ടിയർമാർ ശേഖരിച്ചു. പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കുറയ്ക്കുക, ഉപയോഗിച്ചവ വീണ്ടും ഉപയോഗിക്കുക, ഉപയോഗം കഴിഞ്ഞവ റീസൈക്കിളിംഗ് യൂണിറ്റുകളിൽ എത്തിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രവർത്തനരീതി. തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും നടപ്പാക്കാൻ പോകുന്ന ഹരിതഭവനം പദ്ധതിയുടെ അതിരൂപതാതല ഉദ്ഘാടനം 2018 മാർച്ച് 19-ാം തിയ്യതി പേരാവൂർ സെന്റ ജോസഫ് ദേവാലയ അങ്കണത്തിൽ വച്ച് നടന്നു. പേരാവൂർ ഫൊറോന പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ. ജോർജ് ഞറളക്കാട്ട് ഹരിതഭവനം പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പേരാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിജി ജോയ്, കണിച്ചാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സെലിൻ മാണി ചെമ്പരത്തിക്കൽ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈനി ബ്രിട്ടോ, പേരാവൂർ പഞ്ചായത്ത് മെമ്പർ ശ്രീമതി ഡാർളി ടോമി, എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. ദേവസ്യ കൊങ്ങോല, എസ്.എച്ച്. കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ലില്ലി അഗസ്റ്റിൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മിഷൻലീഗ്, കെ.സി.വൈ.എം, മാതൃവേദി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, വിൻസെന്റ്ഡിപ്പോൾ എന്നീ സംഘടനകളിലെ പ്രതിനിധികളും ഈ ചടങ്ങിൽ പങ്കെടുത്തു.

### സമൂഹ വിവാഹം

കത്തോലിക്കാ സഭയുടെ കരുണാർദ്രവും സ്നേഹമസൃണവുമായ മുഖം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വെളിവാക്കപ്പെട്ടു. 2018 ഫെബ്രുവരി 25-നു തളിപ്പറമ്പ് സെന്റ്മേരീസ് പാരിഷ്ഹാളിൽ വച്ച് നടന്ന സമൂഹവിവാഹത്തിൽ 24 പെൺകുട്ടികൾ വരണമാല്യമണിഞ്ഞു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പത്താമത് സമൂഹവിവാഹമായിരുന്നു ഇത്. ബഹു. കേരള കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ നിലവിളക്ക് കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. ജാതിമതഭേദമന്യേ

ഇത്രയും പെൺകുട്ടികളുടെ വിവാഹം നടത്താൻ 20 ലക്ഷത്തോളം രൂപ കണ്ടെത്തിയ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം സമാനതകളില്ലാത്തതാണെന്ന് മന്ത്രി പ്രശംസിച്ചു. തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ചു. ദൈവത്തിന്റെ കരുണാർദ്രമായ മുഖമാണ് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഇത്തരം പ്രവർത്തനങ്ങളിലൂടെ വെളിവാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം അനുഗ്രഹ പ്രഭാഷണം നടത്തി. കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാന്തമ്മ ഫിലിപ്പ് മധുരം വെക്കൽ ചടങ്ങ് നടത്തി.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ജില്ലാ ലേബർ ഓഫീസും സംയുക്തമായി സംഘടിപ്പിച്ച ക്യാമ്പിൽ ഇരുന്നൂറിലധികം ഇതര സംസ്ഥാന തൊഴിലാളികൾക്ക് കേരള സർക്കാരിന്റെ പദ്ധതിയായ ആവാസ് ഇൻഷൂറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡുകൾ വിതരണം ചെയ്തു. സംസ്ഥാനത്ത് കുടിയേറ്റ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയ പാരീഷ് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പ് ടി.എസ്. എസ്.എസ്. പ്രസിഡന്റും ഫൊറോന വികാരിയുമായ റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. അന്യസംസ്ഥാന തൊഴിലാളികളുടെ ജോലിക്ക് തടസ്സം വരാതെ, ആവാസ് ഇൻഷൂറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനാണ് ഞായാറാഴ്ച ക്യാമ്പ് സംഘടിപ്പിച്ചത്. റവ. ഫാ. പോൾ കുന്നത്തൂർ അധ്യക്ഷത വഹിച്ചു. ജില്ലാ ലേബർ ഓഫിസർ ശ്രീ. ബേബി കാസ്ട്രോ, അസി. ലേബർ ഓഫിസർ ശ്രീ. വി. ദിനേശൻ, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, റവ. ഫാ. സുബിൻ റാത്തപ്പിള്ളിൽ, ശ്രീ. ബിജു പാലക്കൽ എന്നിവർ സംസാരിച്ചു.

## അന്താരാഷ്ട്ര വനിതാദിനം

അന്താരാഷ്ട്ര വനിതാ ദിനാചരണത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന കാരിത്താസ് ഇന്ത്യ ആശാകിരണം പദ്ധതിയുടെ ഭാഗമായി തലശ്ശേരി അതിരൂപതയിലെ സിസ്റ്റർമാർക്കായി Early Cancer Detection Training (ECDT) സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതയിലെ വിവിധ കോൺഗ്രിഗേഷനിൽ നിന്നുമായി 232 സിസ്റ്റർമാർ ഈ ട്രെയിനിംഗിൽ പങ്കെടുത്തു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം അധ്യക്ഷത വഹിച്ച ഈ സമ്മേളനം കാരിത്താസ് ഇന്ത്യ ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി ഉദ്ഘാടനം ചെയ്തു. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ

## ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2018 ഏപ്രിൽ 8-12 | : | ക്രിസ്റ്റീൻ ധ്യാനം (6-10 ക്ലാസ്സുകൾക്ക്) |
| 12-15 | : | ആത്മാഭിഷേക വളർച്ച ധ്യാനം |
| 14 | : | ഏകദിന കൺവെൻഷൻ |
| 15-20 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 22-27 | : | 1. യുവജന ധ്യാനം (ആന്തരീക സൗഖ്യം)<br>2. സമർപ്പിത വിശുദ്ധീകരണധ്യാനം (സിസ്റ്റേഴ്സിന്) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ഏപ്രിൽ 02-06 | : | യുവജന ധ്യാനം |
| 8-12 | : | ആന്തരിക സൗഖ്യ ധ്യാനം |
| 13 | : | ജാഗരണ പ്രാർത്ഥന |
| 14 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| 15-19 | : | ക്രിസ്റ്റീൻ ധ്യാനം |
| 22-26 | : | ആന്തരിക സൗഖ്യ ധ്യാനം |

ബാലസുബ്രഹ്മണ്യം ഈ ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിച്ചു. വായിലെ കാൻസർ, ബ്രസ്റ്റ് കാൻസർ എന്നിവ വളരെ നേരത്തേതന്നെ തിരിച്ചറിയാനുള്ള പരിശീലനം, കാൻസറും ഭക്ഷണക്രമവും, കാൻസർ രോഗികൾക്കും അവർ ഉൾക്കൊള്ളുന്ന കുടുംബങ്ങൾക്കും കൊടുക്കേണ്ട പരിചരണങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി മലബാർ കാൻസർ സെന്ററിലെ പ്രഗത്ഭരായ ഡോക്ടർമാരായ ഡോ. നീതു (HOD, Community Oncology), ഡോ. ഫിനിസ് (Community Oncology Department) എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഈ ട്രെയിനിംഗിൽ പങ്കെടുത്ത സിസ്റ്റർമാരുടെ സേവനം ഇടവകളിൽ ഉപയോഗിക്കാവുന്നതാണ്.

### ആദരവ്

2018 മാർച്ച് 1-ാം തിയ്യതി കൊല്ലപ്പെട്ട മലയാറ്റൂർ കുരിശുമുടി റെക്ടർ റവ. ഫാ. സേവ്യർ തേലക്കാട്ടിന്റെ അമ്മ ത്രേസ്യാമ്മയെ അന്താരാഷ്ട്ര വനിതാദിനത്തിൽ ആദരിച്ചു. ക്ഷമയുടെ മാതൃകയായ പ്രിയപുത്രിക്ക് അഭിനന്ദനങ്ങൾ' എന്ന് ആലേഖനം ചെയ്ത മംഗളപത്രം തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടിനു വേണ്ടി തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം സമ്മാനിച്ചു. കാരിത്താസ് ഇന്ത്യ ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി ഷാൾ അണിയിച്ച് തേലക്കാട്ട് ത്രേസ്യാമ്മയെ ആദരിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

ഏപ്രിൽ 2-7 : പ്രാർത്ഥനാനുഭവ ആന്തരിക സൗഖ്യ ധ്യാനം (വൈദികർക്കും സിസ്റ്റേഴ്സിനും)
8-12 : വരദാന വളർച്ചാധ്യാനം
15-18 : കുട്ടികളുടെ ധ്യാനം (12 വയസ്സിന് മുകളിൽ)
20-22 : ദമ്പതി യുവജന ധ്യാനം
22-25 : കുട്ടികളുടെ ധ്യാനം (12 വയസ്സിന് താഴെ)
26- 29 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

ഏപ്രിൽ 10-12 : എം പി.സി.
13-15 : ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
16 -21 : സിസ്റ്റേഴ്സിനുള്ള ധ്യാനം
27-29 : ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

3-8 : ആന്തരിക സൗഖ്യ ധ്യാനം
17-22 : ആന്തരിക സൗഖ്യ ധ്യാനം
5, 12, 19,26 : ഏകദിന കൺവെൻഷൻ

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

ഏപ്രിൽ 07 : ഏകദിന കൺവെൻഷൻ
08-11 : കുടുംബനവീകരണ ധ്യാനം (മാതാപിതാക്കളും മക്കളും ഒരുമിച്ച്)
13 : ജാഗരണ പ്രാർത്ഥന
14 : ക്രിസ്റ്റീൻ വിങ്സ്
22-25 : ക്രിസ്റ്റീൻ ധ്യാനം (4-ാം ക്ലാസ്സ് കുട്ടികൾക്ക്)
21, 28 : മരിയൻ ദിവ്യകാരുണ്യ ആരാധന
ഏപ്രിൽ 29 മെയ് 3 : ആന്തരീക സൗഖ്യധ്യാനം

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### 2018 ഫെബ്രുവരി

22 രാവിലെ വടവാതൂർ സെമിനാരി സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് മേലംപാറ, ദീപ്തി ഭവനിൽ എംഎസ്ടി സഭയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടന്ന സമൂഹബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും അതിനുശേഷം നടന്ന പൊതുയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

23. രാവിലെ 11 മണിക്ക് തളിപ്പറമ്പിൽ ടിഎസ്എസിന്റെ ആഭിമുഖ്യത്തിൽ നടന്ന വിവാഹസഹായ ഫണ്ട് വിതരണത്തിനായുള്ള സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. മട്ടന്നൂർ - എടയന്നൂരിൽ വെട്ടേറ്റ് മരിച്ച ശുഹൈബിന്റെ വീട്ടിലും കണ്ണവം ആലപ്പറമ്പിൽ വെട്ടേറ്റു മരിച്ച ശ്യാമപ്രസാദിന്റെ വീട്ടിലും അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സന്ദർശനം നടത്തി.

24. വൈകുന്നേരം കാസർഗോഡ് ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

25. കാസർഗോഡ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

26-27 കോയമ്പത്തൂരിൽ ഫാ. ജോസ് മുണ്ടക്കൽ അച്ചൻ സേവനം ചെയ്യുന്ന ഇടയാർ പാളയം ഇടവകയിൽ സന്ദർശനം നടത്തി.

28. തൃശൂർ മേജർ സെമിനാരി സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് വിശ്രമത്തിലായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിനെ സന്ദർശിച്ചു.

### 2018 മാർച്ച്

01 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ ഭാഗങ്ങളിൽനിന്നു വന്ന വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു.

02 രാവിലെ 10.30 മാനന്തവാടി രൂപതയിൽപ്പെട്ട കരണിയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് 5.00 മണിക്ക് മരുതോംകര ബൈബിൾ കൺവെൻഷനിൽ ദിവ്യബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

03 രാവിലെ വെറ്റിലപ്പാറയിലെത്തി അഭിവന്ദ്യ റിമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ പ്രിയപ്പെട്ട ചാച്ചന്റെ ഏഴാംചരമദിനത്തിൽ പങ്കെടുത്തു. അതിനുശേഷം കോഴിക്കോട് അഭിവന്ദ്യ മാക്സ്വെൽ വാലന്റെയിൻ നെറോണ പിതാവിന്റെ നാല്പത്തിയൊന്നാം ചരമദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം ഉദയഗിരിയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

04 ഉദയഗിരിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. വൈകുന്നേരം കുട്ടാപറമ്പ്, കരുവഞ്ചാൽ ഹോസ്പിറ്റൽ എന്നിവിടങ്ങൾ സന്ദർശിച്ചു.

05 നിർമ്മലഗിരി കോളേജിൽ പാട്രൻസ് ഡേയോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

06 ബാംഗ്ലൂർ സെന്റ് ജോൺസിൽ സി.ബി.സി.ഐ. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

07 അതിരൂപതയുടെ വിവിധഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ മാസധ്യാനത്തിൽ പങ്കെടുത്തു.

08 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്യസ്തരെയും വൈദികരെയും ഉച്ചവരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിനായി കാക്കനാട് മൗണ്ട് സെന്റ് തോമസിലെത്തി.

09 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

10 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത അവാർഡുകൾ വിതരണം ചെയ്തു. അതിനുശേഷം 10.30ന് സന്ദേശഭവനിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡ് ദാനം നടത്തുകയും ചെയ്തു.

വൈകുന്നേരം 5 മണിക്ക് ചെമ്പേരിയിൽ നിര്യാതനായ കൊന്നയ്ക്കൽ യോഹന്നാൻ സാറിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. അതിനുശേഷം ചെമ്പേരിയിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

11 ചെമ്പേരിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

13 രാവിലെ 9.30ന് അതിരൂപതാകേന്ദ്രത്തിൽ ഇന്റർ കൂരിയ മീറ്റിംഗിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് എടാട്ട് എസ്എബിഎസ് ഹൗസിലെത്തി നോവിസുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം 5 മണിക്ക് പയ്യന്നൂർ ഇടവകയിൽ ദിവ്യബലി അർപ്പിക്കുകയും പുതിയ വൈദികമന്ദിരത്തിന് തറക്കല്ലിടുകയും ചെയ്തു.

14 പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വിവിധഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

15 മണ്ഡ്യാ ബിഷപ്പ് ഹൗസ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 3.30ന് ബാംഗ്ലൂരിൽ മണ്ഡ്യരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന അഭിഷേകാഗ്നി

കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകുകയും ചെയ്തു.

16 രാവിലെ 10.30ന് അതിരൂപതാ കേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ മീറ്റിംഗിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 2.30ന് ഉളിക്കലിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും അതിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകുന്നേരം അറബിയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

17 മൈനർ സെമിനാരിയിൽ മൂന്നാംവർഷ സെമിനാരി വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

18 രാവിലെ 9.30ന് പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ച് അതിരൂപതാ യുവജനവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പരിയാരം മദർ ഹോം സന്ദർശിച്ചു. വൈകുന്നേരം 5.30ന് കത്തീഡ്രൽ പള്ളിയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകുകയും പ്രദക്ഷണത്തിൽ പങ്കെടുക്കുയും ചെയ്തു.

19 രാവിലെ 9.30ന് തലശ്ശേരി സാൻജോസ് സ്കൂളിൽ പ്രിൻസിപ്പാൾ സി. റോസ് മേരിയുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് പേരാവൂരിൽ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച അതിരൂപതാ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 7.30ന് അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

20 അതിരൂപതാകേന്ദ്രത്തിൽ ഫൊറോനവികാരിമാരുടെ മീറ്റിംഗിന് നേതൃത്വം നൽകി. അതിനുശേഷം ഉച്ചയ്ക്ക് 2 മണിക്ക് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പാൾ ഡോ. സെലീനക്ക് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് തലശ്ശേരി മൈനർ സെമിനാരിയിൽ അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെ മീറ്റിംഗിൽ പങ്കെടുത്തു.

❖❖❖

## Programme of the Archbishop
## Mar George Njaralakatt

### April - 2018

| | | | |
|---|---|---|---|
| 01 | | - | Easter |
| 02 | 10am | - | Inauguration of Viswasolsavam |
| 03-04 | | - | Mar Sebastian Valloppilly Pilgrimage |
| 03 | | - | Cathedral - Holy Mass |
| 04 | 10.00am | - | Cathedral - Death Anniversary of Mar Sebastian Valloppilly |
| 05-06 | | - | Idukki - Episcopal Ordination of Rev. Fr. John Nellikunnel |
| 07 | 09.00am | - | Vembua - Ordination |
| | 02.30 | - | Puravayal |
| 07-08 | | - | Pastoral Visit - Puravayal |
| 09 | 10.30 | - | Asankavala |
| | 2.30pm | - | Nellikampoil |
| | 7.00pm | - | Dwaraka |
| 10 | 9.30 | - | Kilianthara - SABS - Vestition and First Profession |
| | 2.30 | - | Adampara - Church Blessing |
| 11 | | - | Visitors' Day |
| | 6.00pm | - | Monthly Recollection Tly |
| 12 | 8.00am | - | Sandesabhavan - DCL Inauguration, Priests' & Sisters' day |
| | 2.30 | - | Karuvanchal - AKCC Meeting |
| 13 | 10.00am | - | Sandesabhavan - Madya Virudha Samathi Meeting |
| | 4.00pm | - | Peravoor Convention |

| | | | |
|---|---|---|---|
| 14 | 10.00am | - | Thaliparamba Infarm meeting |
| | evening | - | Sreepuram |
| 15-18 | | - | Sagar - Episcopal Ordination |
| 19 | Morning | - | Presbyteral Council |
| | 3.00pm | - | Consulters meeting |
| 20 | morning | - | Minor Seminary - Major Seminarian's gathering |
| | evening | - | Mother Home, Pariyaram |
| 21 | | - | Ernakulam POC |
| 22 | | - | Manippara |
| 23 | | - | Thalassery - Malabar bishops meeting |
| | evening | - | Festal Celebration |
| 24 | 6.30 | - | Cathedral - Regency brother's Vestition |
| 25 | 4.50 | - | Varakkad |
| 26 | 10.00am | - | Kanjiradukkam - Blessing of Shrine |
| | 3.00pm | - | Mulleria |
| 28 | 8.30 | - | Manakkadavu |
| | 5.00 | - | Ondayangady |
| 29 | Ponniam | - | Pratheeksha |
| 30 | | - | Minor Seminary - Interview with new Candidates |

## May - 2018

| | | | |
|---|---|---|---|
| 01 | 9.30 am | - | Peravoor : SH Provincial House - Vestition and Final Profession |
| 02-05 | | - | CBCI Standing Committee |
| 05-06 | | - | Pastoral Visit |
| 07 | | - | Deacon's Parents meet |

| | | | |
|---|---|---|---|
| 08 | | - | Kasargod |
| 09 | | - | Visitors' day |
| | 6.00pm | - | Monthly Recollection |
| 10 | | - | Priests' and Sisters' Day |
| 12 | | - | General Transfer |
| 12-13 | | - | Pastoral Visit |
| 14 | | - | Koorachundu |
| 15 | 9.30am | - | Iritty - NS Vestition |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2018 ഫെബ്രുവരി

24 വൈകുന്നേരം 4 മണിക്ക് ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതനായ അഗസ്റ്റിൻ പാറമ്പുഴയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 ഉച്ചകഴിഞ്ഞ് 3 മണിക്ക് വെറ്റിലപ്പാറ ഇടവകയിൽ നിര്യാതനായ പോൾ ഇഞ്ചനാനിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 വൈകുന്നേരം 4 മണിക്ക് പൂളക്കുറ്റി ഇടവകയിൽ നിര്യാതനായ അഗസ്റ്റിൻ വടക്കന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### 2018 മാർച്ച്

1 രാവിലെ 6.30ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ഫാ. സക്കറിയാസ് കട്ടക്കലിന്റെ അറുപതാം പൗരോഹിത്യവാർഷികാഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

3 രാവിലെ 10 മണിക്ക് കുറവിലങ്ങാട് നടന്ന ശങ്കരപുരി മഹാകുടുംബയോഗം ഉദ്ഘാടനം ചെയ്യുകയും ഇപ്പോഴത്തെ രക്ഷാധികാരി പദ്മഭൂഷൻ ഫിലിപ്പോസ് മാർ ക്രിസോസ്റ്റോം വലിയമെത്രാപ്പോലിത്തായെ ആദരിക്കുകയും തുടർന്ന് മുൻരക്ഷാധികാരി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിനെക്കുറിച്ച് അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

❖❖❖

# Programme of the Archbishop Emeritus
# Mar George Valiamatttam

## April - 2018

| | | | |
|---|---|---|---|
| 01 | | - | Adottukayam |
| 02 | 9am | - | Kallanodu |
| | 11am | - | Koorachundu |
| 3-4 | | - | Thalassery |
| 5-8 | | - | Idukki |
| 12 | 10am | - | Thalassery |
| | 4pm | - | Peravoor |
| 14 | 11am | - | Nirmalagiri |
| | 5pm | - | Koodaranji |
| 18 | | - | Kacherikadav |
| 21 | | - | Kottiyoor |
| 26 | | - | Kunnoth NS |
| 29 | | - | Idukki |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

### 2018 ഫെബ്രുവരി

20-മാർച്ച് 12 ഓസ്ട്രേലിയായിൽ ബ്രിസ്ബെയിൻ, കെയിൻസ്, ഗോൾഡ്കോസ്റ്റ്, സൺഷൈൻകോസ്റ്റ്, ഇപ്സ്വിച്ച്, അഡ്ലേയ്ഡ് എന്നിവിടങ്ങളിൽ മെൽബൺ അതിരൂപത സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനുകൾ നയിച്ചു.

### 2018 മാർച്ച്

14 രാവിലെ 11 മണിക്ക് നിർമ്മലഗിരി കോളേജ് സ്റ്റാഫ് യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കുളത്തുവയൽ ദൈവാലയത്തിൽ മറിയം കാരിമറ്റത്തിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു.

15 രാവിലെ 10 മണിക്ക് പാലാവയൽ സ്കൂളിൽ നിർമ്മിച്ച സ്മാർട്ട് ക്ലാസ്സ് റൂമുകൾ വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.

16 രാവിലെ 10 മണിക്ക് അതിരൂപതാകേന്ദ്രത്തിൽ നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

17 പടന്നക്കാട് റീജണൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

18 രാവിലെ 8 മണിക്ക് പനത്തടി ഫൊറോന ദൈവാലയത്തിൽ തിരുന്നാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് ചായോത്ത് ജ്യോതിഭവൻ ബധിരവിദ്യാലയത്തിൽ കുട്ടികളെ സന്ദർശിച്ചു. 6 മണിക്ക് ചായോത്ത് ഇടവകാദൈവാലയത്തിൽ കാസർഗോഡ് കരിസ്മാറ്റിക് സോണലിന്റെ കരിസ്മാറ്റിക് സന്ധ്യ ഉദ്ഘാടനം ചെയ്ത് ക്ലാസ്സ് നയിച്ചു.

19 രാവിലെ 10 മണിക്ക് വാഴമല ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 5 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ തിരുന്നാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. രാത്രി 7 മണിക്ക് അരമനയിൽ വച്ചു നടന്ന നാമഹേതുകതിരുനാൾ ആഘോഷത്തിൽ പങ്കുചേർന്നു.

20 രാവിലെ 10 മണിക്ക് അരമനയിൽവച്ചു നടന്ന ഫൊറോനാ വികാർ മീറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് നിർമ്മലഗിരി കോളേജിൽ വച്ചുനടന്ന

അധ്യാപക യാത്രയയപ്പ് യോഗത്തിൽ ആശംസയർപ്പിച്ചു. വൈകുന്നേരം 6.30ന് മൈനർസെമിനാരിയിൽ വച്ചുനടന്ന വൊക്കേഷൻ ബ്യൂറോ യോഗത്തിൽ ക്ലാസ് നയിച്ചു.

21 കോട്ടയം അതിരൂപതയുടെ വൈദികരുടെ റിഫ്രഷർ കോഴ്സിൽ ക്ലാസ്സുകൾ നയിച്ചു.

22 താമരശ്ശേരി ബിഷപ്സ് ഹൗസിൽവച്ചു നടന്ന മലബാർ ബിഷപ്സ് മീറ്റിൽ പങ്കെടുത്തു.

23 രാവിലെ 9.30ന് കുളത്തുവയലിൽവച്ചു നടന്ന താമരശ്ശേരി രൂപത സംഘടിപ്പിച്ച നാൽപതാം വെള്ളി ആചരണത്തിൽ വചനസന്ദേശം നൽകി.

❖❖❖

# Programme of the Auxiliary Bishop Mar Joseph Pamplany

## April - 2018

| | | | |
|---|---|---|---|
| 01 | | - | Padannakad |
| 02 | | - | Engaged |
| 03 | 6.00am | - | Nirmalagiri SH |
| 04 | | - | Thalassery |
| 05 | 8.30am | - | Paduppu : Ordination |
| 06 | | - | Divine Retreat Centre, Chalakkudy |
| 07 | 11.00am | - | Pasukkadav |
| | 4.00pm | - | Kolakkad |
| 8 | 10.00am | - | Kanakakkunnu |
| | 4.00pm | - | Vellariyanam |
| 09 | | - | Engaged |
| 10 | 8.00am | - | Karayathumchal |
| | 3.30 | - | Jayagiri |
| 11 | 3.30pm | - | Peravoor Bible Convention |
| 12 | 10am | - | Ennapara |
| 13 | 4.00pm | - | Palathumkadav |
| 14 | 10.00am | - | Charal |
| 15 | 8.00am | - | Parappa |
| | 4.00pm | - | Kannivayal |
| 16-18 | | - | Alpha Residential Class |
| 19 | 10.00am | - | Presbyteral Council |
| | 2.30pm | - | Consulter's Meeting |

| | | | |
|---|---|---|---|
| 20 | | - | Minor Seminary |
| 21 | | - | POC Palarivattam |
| 22 | 7.00am | - | Uruppumkutty |
| | 10.00am | - | Kanichar |
| 23 | 11.00am | - | Peravoor |
| | 1.00pm | - | Malabar Bishops Meet |
| 24 | | - | Thalassey |
| 25 | | - | Alpha Ph.D Meeting |
| 26 | 9.00am | - | Ordination : Velimanam |
| | 4.00pm | - | MST Pariyaram |
| 27 | 10.00am | - | Mukthisree Meeting |
| 28 | 10.00am | - | Mananthavady |
| | 5.00pm | - | Karthikapuram |
| 29 | | - | Pastoral Visit Mulleria |
| 30 | | - | Iringalakkuda |

**Secretary to the Auxiliary Bishop**

❖❖❖

# Form IV

Statement about ownership and other particulars about ewapaper Thalassery Archdiocesan to be published in the first issue every year after the last day of February.

1. Place of publication : THALASSERY

2. Periodicity of its publication : MONTHLY

3. Printer's Name : JOHN ONAMKULAM
   Nationality : INDIAN
   Address : ARCHBISHOP'S HOUSE, THALASSERY 670,101, KANNUR

4. Publisher's Name : JOHN ONAMKULAM
   Nationality : INDIAN
   Address : ARCHBISHOP'S HOUSE, THALASSERY 670,101, KANNUR

5. Editor's Name : FR. THOMAS THENGUMPALLY
   Nationality : INDIAN
   Address : ARCHBISHOP'S HOUSE, THALASSERY 670,101, KANNUR

6. Names and addresses of individuals who own the newspaper and partners or shareholders holding More than one percent of the total capital. JOHN, ONAMKULAM, ARCHBISHOP'S HOUSE, THALASSERY 670,101, KANNUR

I JOHN ONAMKULAM, hereby declare that the particulars given above are true to the best of my knowledge and belief.

sd/

Date : 28.03.2018 Signature of Publisher